UNIVERSITY LIBRARY MADRAS 8 OCT 1936

# ഗുരുനാഥൻ.

| പുസ്തകം 10 | 1106 കക്കടകം | ലക്കം 12 |
| --- | --- | --- |

## രണ്ടു വിദ്യാഭ്യാസകാര്യങ്ങൾ.

### 1. മാതാപിതാക്കന്മാക്കുള്ള വിദ്യാഭ്യാസം

വിദ്യാഭ്യാസവിഷയത്തിൽ മാതാപിതാക്കന്മാർ യഥാർത്ഥമായി സഹകരിക്കാതിരിക്കുന്നിടത്തോളം കാലം വിജയം ദുസ്സാദ്ധ്യമാണു്. ഇൻഡ്യയിലെ വിദ്യാഭ്യാസസമ്പ്രദായത്തിൽ കാണുന്ന ഒരു പ്രധാനന്യൂനത പാഠശാലയും മാതാപിതാക്കന്മാരും തമ്മിലുള്ള സഹകരണത്തിന്റെ അഭാവമാണ് ഈ ന്യൂനത ഇത്ര സ്പഷ്ടമായി, അതിന്റെ നഗ്നരൂപത്തിൽ ഇൻ[illegible]ല്ലാതെ ഇതരരാജ്യങ്ങളിൽ കാണുന്നുണ്ടെന്നു തോന്നുന്നില്ല. വിദ്യാ[illegible]കളുടെ സ്വഭാവം രൂപവൽക്കരിക്കുന്ന രണ്ടു സ്ഥാപനങ്ങൾ ഗൃഹവും പാഠശാലയുമാകുന്നു. ഇവയിൽ ഏതെങ്കിലും ഒരു സ്ഥാപനം കൃത്യവിമുഖത [illegible]ദർശിപ്പിച്ചാൽ അതു് കുട്ടികളെ സാരമായി ബാധിക്കാതിരിക്കയില്ല. കുട്ടികളെ പാഠശാലയുടെ പ്രവേശനദ്വാരം കടത്തി വിട്ടാൽ അതോടുകൂടി തങ്ങളുടെ ചുമതല അവസാനിക്കുന്നു എന്നു വിചാരിക്കുന്നവരാണു് ഇന്നു നാം കാണുന്ന മിക്ക മാതാപിതാക്കന്മാരും. 'പണ്ടു് നമ്മുടെ രാജ്യത്തിൽ കുട്ടികളുടെ വിദ്യാഭ്യാസഭാരം മുഴുവനും ഗുരുനാഥന്മാരാണു് വഹിച്ചിരുന്നതു് എന്നുള്ള സ്മരണയാണ് ഇന്നു മാതാപിതാക്കളുടെ ഇടയിലുള്ള ഈ അശ്രദ്ധയ്ക്കു കാരണമെന്നു വിചാരിപ്പാൻ വയ്യ. ഇന്നത്തെ ഇൻഡ്യ പണ്ടത്തേതല്ലെന്നും, പല പരിവർത്തനങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ടെന്നും, ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടെന്നും, പഴയ രീതിയിലുള്ള വിദ്യാഭ്യാസം അല്ല ഇന്നു നടക്കുന്നതെന്നും അറിയാത്ത മാതാപിതാക്കന്മാർ ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ ഇവരിൽ ഇങ്ങിനെയുള്ള ഒരു മനസ്ഥിതി ഉണ്ടാകുവാനുള്ള കാരണമെന്തായിരിക്കാം.? ഭൂരിപക്ഷം മാതാപിതാക്കളെയും സംബന്ധിച്ചിടത്തോളം ഇതു് അജ്ഞാനത്തിന്റെ ഫലമാണെന്നു് നിസ്സംശയം അഭിപ്രായപ്പെടാവുന്നതാണു്. അവൎക്കു് ഈ വക കാൎയ്യങ്ങൾ അറി

ഞ്ഞുകൂടാ. പള്ളിക്കൂടത്തിൽ കുട്ടികളെ അയക്കണമെന്നല്ലാതെ, അവക്കുള്ള ഉത്തരവാദിത്വം എന്താണെന്ന് അവർ മനസ്സിലാക്കിയിട്ടില്ല. വിദ്യാഭ്യാസംകൊണ്ടു സിദ്ധിക്കേണ്ട പ്രയോജനങ്ങളെ ശരിയായി മനസ്സിലാക്കാതെ, മററുള്ളവർ കുട്ടികളെ പാഠശാലയിൽ അയയ്ക്കുന്നതുകൊണ്ട്, അതിനെ അനുകരിക്കുന്ന മാതാപിതാക്കളും ധാരാളമുണ്ട്. ഗൃഹത്തിൽ കുട്ടികളുടെ ഉപദ്രവം സഹിക്കവയ്യാത്തതുകൊണ്ട്, അവരിൽനിന്നും രക്ഷനേടുന്നതിനായി പള്ളിക്കൂടങ്ങളിലേക്കയക്കുന്നവരുമുണ്ട്. ഇതിൻെറ എല്ലാം ഫലമാണ് നാം ഇന്നു അനുഭവിക്കുന്നത്. മാതാപിതാക്കന്മാർതന്നെ അജ്ഞരായിരിക്കയും, പൊതുക്കാൎയ്യങ്ങളിലും വായനയിലും അഭിരുചിയില്ലാത്തവരായിരിക്കയും ചെയ്യുന്നിടത്തോളം കാലം ഈ മനസ്ഥിതി മാറുവാൻ പ്രയാസമാണെന്നുവേണം പറയുവാൻ. സാമാന്യമായിട്ടുള്ള ഏതു ഗൃഹത്തിൽ പോയാലും ഒരു പത്രമൊ മാസികയൊ അവിടെ കാണുകയില്ല. പുസ്തകങ്ങളുടെ കാൎയ്യം പറയുകയും വേണ്ട. എന്നാൽ സംസ്കാരം സിദ്ധിച്ചിട്ടുള്ള മാതാപിതാക്കന്മാരിലും കുട്ടികളുടെ വിദ്യാഭ്യാസവിഷയത്തിൽ അവക്കുള്ള ഉത്തരവാദിത്വബോധം കാണുന്നില്ലെന്നുള്ളതു് പരിതാപകരം തന്നെ. മാതാപിതാക്കന്മാക്ക് യഥാൎത്ഥമായ പരിശീലനം നൽകുന്നതിനും, അവരിൽ ഈ ഉത്തരവാദിത്വബോധം ഉണ്ടാക്കുന്നതിനും വേണ്ടി പാശ്ചാത്യരാജ്യങ്ങളിൽ ഒരു പ്രസ്ഥാനമാരംഭിച്ചിട്ടുണ്ട്. ഇതിൽ കൂടുതൽ വിജയം സിദ്ധിച്ചിട്ടുള്ളവർ അമേരിക്കക്കാരാണ്. ഈ വിഷയത്തിൽ നാം അവരെ അനുകരിക്കുന്നതു് ഉത്തമമായിരിക്കുമെന്നു തോന്നുന്നു.

അമേരിക്കയിൽ ആരംഭിച്ചിട്ടുള്ള ഈ പ്രസ്ഥാനത്തിൻെറ പ്രധാനഉദ്ദേശ്യം, ഗൃഹത്തിലെ ശ്രദ്ധയ്ക്കും പരിശീലനത്തിനുമുള്ള വില എന്താണെന്നുള്ള ബോധം ആ ദേശക്കാരിൽ ഉണ്ടാക്കിത്തീക്കുക എന്നുള്ളതാകുന്നു. മാനസികമായും, കായികമായും, സാന്മാൎഗ്ഗികമായുമുള്ള പരിശീലനത്തിൻെറ വില എന്തെന്ന് അവർ മനസ്സിലാക്കണം. കുട്ടികളുടെ സ്വഭാവത്തെപ്പററിയുള്ള മനശ്ശാസ്ത്രവിദഗ്ദ്ധന്മാരുടെ നവീനാശയങ്ങൾ അവരെ ധരിപ്പിക്കണം. അദ്ധ്യാപകപരിശീലനസ്ഥാപനങ്ങളിൽ ഗൃഹഭരണവിഷയത്തിൽ ബാലപരിശീലനതത്വങ്ങൾ ഉൾപ്പെടുത്തിക്കാണുന്നുണ്ട്. എന്തുകൊണ്ടെന്നാൽ അവിടെ പഠിക്കുന്ന ബാലികമാർ ഇതിനെസ്സംബന്ധിച്ചുള്ള മൂലതത്വങ്ങളെങ്കിലും മനസ്സിലാക്കണം. അനവധി സവ്കലാശാലകളിൽ ബാലപരിചരണവിദ്യാലയങ്ങളും, മാതാപിതാക്കൾക്കുള്ള അഭ്യസനപാഠപദ്ധതിയും കാണുന്നുണ്ട്. വിദ്യാഭ്യാസവിഷയത്തിലെന്നപോലെ ഇതരകാൎയ്യങ്ങളിലും ഇത്ര അഭിവൃദ്ധിയുണ്ടായിട്ടുള്ള അമേരിക്കയിൽ മാതാപിതാക്കന്മാരുടെ അഭ്യസനം ഒരു ആവശ്യമായിത്തീന്നിട്ടുണ്ടെങ്കിൽ ന

മ്മുടെ രാജ്യത്തിന്റെ കഥ എന്തായിരിക്കും? നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം ഒരു ശതാബ്ദത്തിനു മുമ്പെയുള്ള കാലത്തിന് യോജിച്ചതാണ്. എന്നാൽ ഇൻഡ്യയിലുള്ള എല്ലാ വിദ്യാഭ്യാസഡയറക്ടർമാരും ആണ്ടുതോറും റിപ്പോർട്ടു പ്രസിദ്ധീകരിച്ച് വിദ്യാഭ്യാസം ആകപ്പാടെ തൃപ്തികരമാണെന്നു കാണിക്കാറുണ്ട്. അവർ അതിൽ പള്ളിക്കൂടങ്ങളുടെ വർദ്ധന, കുട്ടികളുടെ വർദ്ധന, മുതലായവ രേഖപ്പെടുത്തുന്നതിലാണ് കൂടുതൽ താല്പര്യം പ്രദർശിപ്പിക്കുന്നത്. ഒരു സംവത്സരത്തിൽ ഒരു വിദ്യാലയം കൂടുതലായി ഏർപ്പെടുത്തുകയൊ, കുട്ടികളുടെ സംഖ്യയിൽ ഒന്നു വർദ്ധിക്കുകയൊ ചെയ്താൽ, വിദ്യാഭ്യാസമേലദ്ധ്യക്ഷന്റെ ഭരണം തൃപ്തികരമായെന്നായിരിക്കാം അവർ സമാധാനപ്പെടുന്നത്. വിദ്യാഭ്യാസത്തിലുണ്ടായിട്ടുള്ള നവീനാദർശങ്ങളിലും, രീതികളിലും പാശ്ചാത്യരാജ്യങ്ങളിലെ പൊതുജനങ്ങൾ താല്പര്യം പ്രദർശിപ്പിക്കുന്നുണ്ട്. വിദ്യാഭ്യാസവകുപ്പിലുള്ള ഉദ്യോഗസ്ഥന്മാരേക്കാൾ കൂടുതൽ താല്പര്യം പൊതുജനങ്ങളാണു പ്രദർശിപ്പിക്കുന്നത്. എന്നാൽ നമ്മുടെ രാജ്യത്ത് നേരെ മറിച്ചാണ്. പൊതുജനങ്ങൾ ശ്രദ്ധിക്കുന്നില്ല. ഉദ്യോഗസ്ഥന്മാർ പ്രദർശിപ്പിക്കുന്ന താല്പര്യം പൊതുജനങ്ങൾക്ക് തൃപ്തികരമായിരിക്കുന്നു. ഇംഗ്ലണ്ടിൽ പരീക്ഷിച്ച്, അവർ ത്യജിച്ചിരിക്കുന്ന ഒരു വിദ്യാഭ്യാസസമ്പ്രദായമാണ് നാം ഇന്നു ഏററവും ഉത്തമമായി വിചാരിക്കുന്നത്. വിദ്യാഭ്യാസത്തിലുണ്ടായിട്ടുള്ള നവീനാദർശങ്ങളേയും, രീതികളേയും രാജ്യാഭിവൃദ്ധിക്കുതകുന്ന വിധത്തിൽ നടപ്പിലാക്കുവാൻ പൊതുജനങ്ങളൊ, അദ്ധ്യാപകവൃന്ദമൊ അശ്രദ്ധ കാണിക്കുന്നത് ശോചനീയം തന്നെ.

## 2. വിദ്യാഭ്യാസവും ദേശസഞ്ചാരവും

ദേശസഞ്ചാരം എന്നു പറയുന്നത് ഒരുതരം വിദ്യാഭ്യാസം തന്നെയാണ്. മനുഷ്യനിലുള്ള അസൂയ, പക്ഷപാതം എന്നീ ദുർഗ്ഗുണങ്ങളേയും, സങ്കുചിതബുദ്ധിയേയും അകററുന്നതിന് ജനങ്ങൾ തമ്മിലുള്ള പരസ്പരസന്ദർശനത്തെപ്പോലെ പററിയ ഉപായം വേറെ ഇല്ലെന്നുതന്നെ പറയാം. വിഭിന്നരായ ജനങ്ങളുമൊന്നിച്ച് സൗഹാർദ്ദമായി വസിക്കുന്നതിനുള്ള സാമർത്ഥ്യമാണ് ഒരു മനുഷ്യന്റെ സംസ്കാരത്തിന്റെ മാനദണ്ഡം. വിദ്യാഭ്യാസത്തിൽ സഞ്ചാരത്തിനുള്ള വില പഴയകാലം മുതല്ക്കുതന്നെ നാം മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ ഇന്ന് അതിന്റെ പ്രാധാന്യതയ്ക്കു കോട്ടം തട്ടി

ക്കാണുന്നു. യഥാർത്ഥമായ വിദ്യാഭ്യാസം സമ്പാദിക്കുന്നതിനുള്ള ഈ ഉത്തമമാർഗ്ഗത്തെ വിഗണിച്ചിരിക്കുന്നതു് ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ കാണുന്ന ഒരു ന്യൂനതയാണ്. വിദ്യാഭ്യാസത്തിന്റെ പ്രധാനഉദ്ദേശ്യങ്ങൾ മനോവികാസവും സ്വഭാവരൂപവൽക്കരണവുമാണെങ്കിൽ, അതായതു് വിദ്യാഭ്യാസംകൊണ്ടു ലഭിക്കുന്ന സംസ്കാരത്തിനാണ് കൂടുതൽ പ്രാധാന്യമെങ്കിൽ, ആ ആദർശം വിപുലമായ സഞ്ചാരംകൊണ്ടും പരസ്പരജനസമ്മേളനംകൊണ്ടും മാത്രമെ സാധിക്കുകയുള്ളു. ഇതു് കലാശാലാവിദ്യാഭ്യാസത്തിന്റെ ഒരു ഭാഗമാണ്. എന്നാൽ യൂറോപ്യൻരാജ്യങ്ങളിൽ കലാശാലകൾക്കു താഴെ പഠിക്കുന്ന വിദ്യാർത്ഥികളും സഞ്ചാരം വിദ്യാഭ്യാസത്തിന്റെ ഒരു ഭാഗമായിത്തന്നെ കരുതിവരുന്നുണ്ടു്. യൂറോപ്പു്, അമേരിക്ക എന്നി ഭൂഖണ്ഡങ്ങളിലുള്ള സർവ്വകലാശാലാവിദ്യാർത്ഥികൾ ഇതരസർവ്വകലാശാലകളെ കൂടക്കൂടെ സന്ദർശിച്ചിട്ടുള്ളതായി നാം കേട്ടിട്ടുണ്ടല്ലൊ. ചിലർ നമ്മുടെ രാജ്യത്തെയും സന്ദർശിച്ചിട്ടുണ്ടു്. എന്നാൽ നമ്മുടെ രാജ്യത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല ഈദൃശമായ ഒരു പ്രവൃത്തിയിലേർപ്പെട്ടിട്ടുള്ളതായി തോന്നുന്നില്ല.

സഞ്ചാരം വിവിധജീവിതാദർശങ്ങളുള്ള വിവിധജനങ്ങളുമായി സംഘടിക്കുന്നതിന് അവസരം നൽകുന്നു. അവരുടെ മനോവീക്ഷണത്തിന് വിശാലത ലഭിക്കുന്നു; ബുദ്ധിശക്തിക്ക് വികാസം സിദ്ധിക്കുന്നു; ചില പ്രത്യേകശീലങ്ങളും, അസൂയാദിദുർഗ്ഗുണങ്ങളും, യാഥാസ്ഥിതികരുടെ ആശയങ്ങളും മുറുകപ്പിടിക്കുന്നതിനു പകരം, പുതിയ ആശയങ്ങളും ആദർശങ്ങളും സ്വീകരിക്കുവാൻ സന്ദർഭം ലഭിക്കുന്നു. ഇവയെല്ലാം വലുതായ ഒരു പരിവർത്തനമുണ്ടാക്കുന്നു. ഇൻഡ്യ ഇന്നു് രാഷ്ട്രീയമായ ഒരു വിപ്ലവത്തിൽ സ്ഥിതിചെയ്യുകയും, ദേശീയപ്രബുദ്ധത രാജ്യമൊട്ടുക്കു കളിയാടിക്കൊണ്ടിരിക്കയും ചെയ്യുന്നു. ഈ ഘട്ടത്തിൽ സഞ്ചാരംകൊണ്ടു സിദ്ധിക്കുന്ന ഈ ഗുണങ്ങൾ സമ്പാദിക്കേണ്ടതു് അത്യാവശ്യമാണ്. എന്നു മാത്രമല്ല, ലോകത്തിലെ ഉൽകൃഷ്ടചിന്തകർ സർവ്വരാജ്യസൗഹാർദ്ദത്തിനായി നിരന്തരം പരിശ്രമിക്കുന്ന ഈ ഘട്ടത്തിൽ ഈ ഗുണങ്ങൾ ലഭിക്കാവുന്ന മാർഗ്ഗത്തെ നിരാകരിക്കുന്നതും യുക്തമെന്നു തോന്നുന്നില്ല. സംസ്കാരപരവും വിദ്യാഭ്യാസപരവുമായ പ്രയോജനങ്ങൾക്കു പുറമെ സഞ്ചാരംകൊണ്ടു് ഭാഷാസംബന്ധമായിട്ടുള്ള ഗുണവും ഉണ്ടാകുന്നതാണ്. വിദേശഭാഷകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കു്, അല്പകാലത്തെ വിദേശവാസം ആ ഭാഷ പൂർണ്ണമായി മനസ്സിലാക്കുന്നതിന് സഹായമായിത്തീരുന്നതാണ്. സഞ്ചാരം രണ്ടുതരത്തിലുണ്ടു്. അതായതു് ഒരുവന്റെ രാജ്യത്തിനകത്തുള്ള സഞ്ചാരവും, വിദേശത്തുള്ള സഞ്ചാരവുമാണ്. ഒരു മഹാരാജ്യമായിരിക്കുന്ന ഇൻഡ്യയിലെല്ലായിടത്തും ഒരുവൻ സഞ്ചരിക്കുന്നതുകൊണ്ടു് ഉൽകൃഷ്ടമായ വി

ദ്യാഭ്യാസം നിലനില്ക്കുന്നതാണെന്നു പറയാവുന്നതാണ്.

ഇന്ന് ഇൻഡ്യയുടെ ഐക്യത്തെപ്പററി പലരും പ്രസംഗിക്കുന്നുണ്ട്. എന്നാൽ അവർ ഇൻഡ്യയുടെ വിവിധഭാഗങ്ങളുമായി വേണ്ടപോലെ പരിചയപ്പെടുന്നതിന് ആഗ്രഹിക്കയൊ ഒരുമ്പെടുകയൊ ചെയ്യുന്നില്ല. ഇൻഡ്യയുടെ വിവിധഭാഗങ്ങളുമായി യഥാൎത്ഥമായ ഒരു രഞ്ജനയൊ പരിചയമൊ ഉണ്ടാകാതെ ഇൻഡ്യക്ക് യഥാൎത്ഥമായ ഐക്യം ലഭിക്കുമെന്നു തോന്നുന്നില്ല. തെക്കെ ഇൻഡ്യയിലുള്ളവർ ആ ഭാഗമാണ് ഇൻഡ്യയുടെ ഉത്തമഭാഗമെന്ന് വിചാരിക്കുന്നു. അവരാണ് വിദ്യാഭ്യാസത്തിൽ മുന്നണിയിൽ നില്ക്കുന്നവരെന്ന് അഭിമാനിക്കുന്നു. എന്നാൽ ഇൻഡ്യയുടെ മഹത്വം അറിയണമെങ്കിൽ ഉത്തരഭാഗത്തു പോകണം. സിന്ധുഗംഗാതീരത്ത് സ്ഥിതിചെയ്യുന്ന ഹിന്ദുസ്ഥാനമാണ് ഇൻഡ്യയുടെ കേന്ദ്രം-അഥവാ മഹത്വകേന്ദ്രം. ഇൻഡ്യയിലേയ്ക്കു പുറപ്പെടുന്ന പല വിദേശസഞ്ചാരികളും ബാംബെയിലിറങ്ങി ഉത്തരഇൻഡ്യയിൽ സഞ്ചരിച്ച് കൽക്കത്തയിൽവച്ച് തിരിച്ചുപോകുന്നു. അവർ തെക്കെ ഇൻഡ്യയെ അത്ര കാൎയ്യമായി വിചാരിച്ചിട്ടില്ല. വിദ്യാഭ്യാസവിഷയത്തിൽ തെക്കെ ഇൻഡ്യയാണ് മുന്നണിയിൽ നില്ക്കുന്നതെങ്കിലും, ഉത്തരഇൻഡ്യക്കുള്ള ശ്രേഷ്ഠതയൊ മഹിമയൊ അതിനില്ല. ഉത്തരഇൻഡ്യയിലെപ്പോലെ യോഗ്യന്മാർ തെക്കെ ഇൻഡ്യയിൽ ധാരാളം കാണുന്നില്ല. അവരേപ്പോലെ പ്രവൃത്തികുശലത നാം കാണിക്കുന്നില്ല. അവരേപ്പോലെ ദേശാഭിമാനം നാം പ്രദൎശിപ്പിക്കുന്നില്ല. ദക്ഷിണഇൻഡ്യയിൽ വസിക്കുന്ന ഒരുവന് വടക്കേഇൻഡ്യയിൽ ഒന്നു സഞ്ചരിക്കുന്നത് എത്രയും ആനന്ദസന്ദായകമായ ഒന്നാകുന്നു. നിശാകാലത്തെ തമസ്സിൽനിന്നും സൂൎയ്യവെളിച്ചത്തിലേയ്ക്കു നാം പ്രവേശിക്കുന്നു. ദക്ഷിണേൻഡ്യയിലെപ്പോലെ ജാതിവിഭാഗത്തിൻെറ ദോഷങ്ങൾ അവിടെ കാണുന്നില്ല ഇൻഡ്യയുടെ മഹത്വം ഹിമാലയപൎവ്വതം, സിന്ധു, ഗംഗ എന്നീ നദികൾ മുഖേന ഉണ്ടായിട്ടുള്ളതാണ്. ഡൽഹി, ആഗ്ര, ബാംബെ, കൽക്കത്ത എന്നീ നഗരങ്ങൾ ഉത്തരഇൻഡ്യയിലാണ്. നമ്മുടെ യഥാൎത്ഥപരിഷ്കാരം അറിയണമെങ്കിൽ അവിടെ പോകണം. അതിൻെറ നഷ്ടശിഷ്ടങ്ങൾ കാണണമെങ്കിലും അവിടെ പോകണം. നമ്മുടെ ഇതിഹാസങ്ങളിൽ കാണുന്ന പ്രശസ്തസ്ഥലങ്ങളും അവിടെയാണ്. ഇൻഡ്യയുടെ ഇത്ര വിശിഷ്ടമായ ഭാഗത്തെ സന്ദൎശിക്കാത്തവരാണ് തെക്കെ ഇൻഡ്യയിലെ മിക്ക ജനങ്ങളും. അവർ കൂപമണ്ഡൂകത്തിനു സമന്മാരാണ്. വിദ്യാഭ്യാസത്തിൽ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടെന്നു പറയുന്നതിൻെറ അൎത്ഥമെന്താണ്. ഇൻഡ്യയുടെ യഥാൎത്ഥമഹത്വം സ്ഥിതിചെയ്യുന്ന ഹിന്ദുസ്ഥാനംപോലും സന്ദൎശിച്ചിട്ടില്ലാത്ത സ്ഥിതിക്ക്, വിദേശസഞ്ചാരം ചെയ്തിട്ടുള്ളവർ ദക്ഷിണേൻഡ്യയിൽ എത്രപേരുണ്ടായിരിക്കുമെ

ന്ന് അനുമാനിക്കാവുന്നതാണ്. വടക്കെ ഇൻഡ്യയിലെ ഒരു സഞ്ചാരം, ഒരു ദക്ഷിണഭാരതീയൻെറ വിദ്യാഭ്യാസത്തിൽ അത്യന്താപേക്ഷിതമായ ഒന്നാണെന്ന് നിസ്സംശയം അഭിപ്രായപ്പെടാവുന്നതാണ്. ഇപ്രകാരം വിദ്യാഭ്യാസത്തിൽ അതിപ്രധാനമായിരിക്കുന്ന ദേശസഞ്ചാരത്തിന്, അതർഹിക്കുന്ന സ്ഥാനം നൽകി, അതിനെ വേണ്ടപോലെ ഉപയോഗിക്കുന്നതായാൽ, ജീവിതത്തിലേക്ക് കാലെടുത്തുവയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രയോജനകരമായി പരിണമിക്കാതിരിക്കയില്ല.

# * ആകാശം.

(ആർ. ഈശ്വരപിള്ള ബി. ഏ.)

ജനങ്ങൾക്കാകാശത്തെപ്പററിയുള്ള അറിവ് ഏററവും തുഛമാണെന്നുള്ളത് ആശ്ചര്യകരംതന്നെയാണ്. മനുഷ്യനെ ആനന്ദിപ്പിക്കുന്നതിനും മനുഷ്യനുമായി സല്ലാപം ചെയ്യുന്നതിനും മനുഷ്യന് ജ്ഞാനോപദേശം ചെയ്യുന്നതിനും പ്രകൃതിദേവി തൻെറ സൃഷ്ടിസഞ്ചയത്തിൻെറ ഇതരഭാഗങ്ങളെ അപേക്ഷിച്ച് അത്യധികം ഉദാരബുദ്ധ്യാ നിർമ്മിച്ചിട്ടുള്ള പ്രപഞ്ചാംശമാണ് ആകാശം. എന്നാൽ നമ്മുടെ ശ്രദ്ധക്കിത്രയും തുഛമായിട്ട് വിഷയീഭവിച്ചിരിക്കുന്ന സൃഷ്ടിവിഭാഗവും ഇതുതന്നെയാണ്. പ്രകൃതിയുടെ മററുള്ള സൃഷ്ടിവിഭാഗങ്ങളിൽ മനുഷ്യനെ കേവലം സന്തോഷിപ്പിക്കയെന്നുള്ളതിനേക്കാൾ ഗൌരവതരങ്ങളും അവശ്യങ്ങളുമായ പല ഉദ്ദേശ്യങ്ങളും അവയുടെ ഘടനാംശങ്ങൾകൊണ്ടു നിർവഹിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ നമുക്കറിയാവുന്നിടത്തോളം, ആകാശത്തിൻെറ ജോലി മഴവന്നു മൂന്നൊ നാലൊ ദിവസത്തിലൊരിക്കൽ ഒരു കാളമേഘത്തെ ആവിർഭവിപ്പിക്കയും ജലവിതരണം ചെയ്തുശേഷം തിരോധാനം ചെയ്യിപ്പിക്കയും അനന്താം ആകാശത്തെ പൂർവ്വവൽശ്യാമായമാനമാക്കിത്തീർക്കുകയും ചെയ്യുന്നതുകൊണ്ടു് അവസാനിക്കുന്നു. പക്ഷെ പ്രഭാതത്തിലും സായംകാലത്തിലും നീഹാരരൂപേണ അല്പം ഒരു മൂടൽ മാത്രം കാണുമായിരിക്കും.

എന്നാൽ വാസ്തവത്തിൽ, നമ്മുടെ ജീവിതകാലത്തിൽ ഓരോ ദിവസവും, ഓരോ നിമിഷവും പ്രകൃതിദേവി സംഖ്യാതീതങ്ങളായ ചിത്രരംഗങ്ങളേ

* John Ruskin.

യം, ചിത്രങ്ങളേയും പ്രഭാവിശേഷങ്ങളേയും നിർമ്മിക്കയും അനവദ്യയായ സൗന്ദര്യത്തിന്റെ സൂക്ഷ്മതത്വത്തെ അടിസ്ഥാനപ്പെടുത്തി പ്രവർത്തിച്ചുവരികയും ചെയ്യുന്നതിൽനിന്നും അതെല്ലാം നമുക്ക നിത്യാനന്ദം നല്കുന്നതിന്ന വേണ്ടി തന്നെയാണെന്ന് തീർച്ചയായും അനുമാനിക്കാം. ഏതു മനുഷ്യനും, ഇതരസാനുഭൂതിയിൽനിന്നും, രാമണീയകത്വത്തിൽനിന്നും എത്രതന്നെ ദൂരത്തിൽ സ്ഥിതിചെയ്താലും ആകാശം നൽകുന്ന ഈ പരമാനന്ദം എന്നും അനുഭവിക്കുന്നതിന്ന സാധിക്കുന്നതാണ്. ഭൂപൃഷ്ഠത്തിലുള്ള അത്ഭുതകൃഷ്ടങ്ങളായ കാഴ്ചകളെ അപൂർവം ചിലർക്ക മാത്രമെ കാണുന്നതിനും ആസ്വദിക്കുന്നതിനും സാധിക്കയുള്ളു. മനുഷ്യൻ സർവദാ അവയുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നമെന്നുദ്ദേശിക്കപ്പെട്ടിട്ടുമില്ല. അവൻ പലപ്പോഴും തന്റെ സാന്നിധ്യംകൊണ്ട് അവയ്ക്കു മാലിന്യം ഉണ്ടാക്കുകയും ചെയ്യുന്നു. അവയുടെ നിരന്തരസാമീപ്യം കൊണ്ട് മനുഷ്യൻ അവയുടെ രമ്യതയിൽ വിരക്തനായും ഭവിക്കുന്നു. എന്നാൽ ആകാശം മനുഷ്യർക്കെല്ലാവർക്കും ഒരുപോലെ സുഗമമായുള്ള ഒരു ഭോഗ്യവസ്തുവാണ്.

അത് ജ്യോതിർമ്മയമാണെങ്കിലും മനുഷ്യവർഗ്ഗത്തിന്ന നിത്യം നോക്കി രസിക്കാൻ പാടില്ലാത്തവിധത്തിൽ അത്യധികം തേജോമയമൊ അതിമനോഹരമൊ അല്ല. അത് അതിന്റെ സകലവ്യാപാരങ്ങളിലും, മനുഷ്യഹൃദയത്തെ ബാധിക്കുന്ന മാലിന്യങ്ങളും ശ്യാമികകളും നീക്കി പരിപാവനമാക്കുന്നതിനും, മനുഷ്യന്ന് അനവരതമായ സുഖാനുഭൂതി നൽകുന്നതിനും ഉപയുക്തമായിട്ടാണിരിക്കുന്നത്.

ചിലപ്പോൾ ശാന്തവും, ചിലപ്പോൾ അവ്യവസ്ഥിതവും, ചിലപ്പോൾ ഭയാനകവും, എന്നാൽ അരക്ഷണംപോലും ഒരേ നിലയിൽ നില്ക്കാത്തതുമായിട്ടാണ് അതു സ്ഥിതിചെയ്യുന്നത്. അതിന്റെ വികാരങ്ങളിൽ, അത് മിക്കവാറും മാനുഷവും, അതിന്റെ ശാന്തതയിൽ അത് മിക്കവാറും ആത്മീയവും, അതിന്റെ അനന്തതത്വത്തിൽ അതു മിക്കവാറും ദൈവികവുമാണ്. നമ്മിൽ അനിത്യമായുള്ളതിനോട് അതിന്റെ നിഗ്രഹാനുഗ്രഹരൂപമായ പെരുമാററം—നമ്മിൽ നിത്യമായിട്ടുള്ളതിനോട് അതിനുള്ള ഉൽബോധനശക്തിയിൽനിന്നും ഏററവും വിഭിന്നമായിട്ടാണിരിക്കുന്നത്.

എന്നിരുന്നിട്ടും നാം ഒരിക്കലും അതിനെ ശ്രദ്ധാപൂർവം നിരീക്ഷിക്കുന്നില്ല. നാം നമ്മുടെ ജന്തുസാമാന്യമായ വികാരങ്ങളോടു സംബന്ധിച്ചിടത്തോളമല്ലാതെ ഒരിക്കലും അതിനെ നമ്മുടെ ചിന്താവിഷയമാക്കുന്നില്ല. കേവലം വിശേഷബുദ്ധിയില്ലാത്ത ജന്തുക്കളോടു സംസാരിക്കുന്നതിനേക്കാൾ അധികം വ്യക്തമായിട്ടു നമ്മെ ഉൽബോധിപ്പിക്കുന്നു. അതിന്റെ എല്ലാ വ്യാപാരങ്ങളേയും നമുക്ക നമ്മെ ആവരണംചെയ്യുന്ന അദ്ഭുതാ

കാരമായ വിയത്തിൽനിന്നു ചെടിക്കും കൃമിക്കും കൂടി ലഭിക്കുന്ന വെളിച്ചത്തേയും നീഹാരത്തേയുംകാൾ കൂടുതലായി ചിലതെല്ലാം ലഭിക്കണമെന്നുള്ള സർവ്വലോകനിയന്താവിന്റെ ഉദ്ദേശ്യത്തെ സാക്ഷീകരിക്കുന്ന എല്ലാ ആകാശചേഷ്ടകളേയും, അർത്ഥമില്ലാത്തവയും വ്യവസ്ഥയില്ലാത്തവയും, ഏകരീതിയിലുള്ളവയുമായ സംഭവങ്ങളുടെ പരമ്പരയാണെന്നും അവ നമ്മുടെ അവധാനപൂർവ്വമായ ശ്രദ്ധയ്ക്കും, വിസ്മയാവഹമായ നിരീക്ഷണത്തിനും യോഗ്യങ്ങളല്ലെന്നും നാം ഗണിച്ചുവരുന്നു. നാം ഉന്മേഷവും ജോലിയുമില്ലാത്ത വല്ല അവസരങ്ങളിലും അനന്യശരണന്മാരായി ആകാശത്തിലേക്കു നോക്കുകയാണെങ്കിൽ നാം അതിന്റെ ഏതു വ്യാപാരത്തെപ്പറ്റിയാണു് സാധാരണ സംസാരിക്ക പതിവു്.? പക്ഷെ ഒരാൾ അതു് മേഘാവൃതമായിരിക്കുന്നുവെന്നും, മറ്റൊരാൾ അതു് പ്രഭഞ്ജനകോപത്താൽ ക്ഷുബ്ധമായിരിക്കുന്നുവെന്നും, അന്യൻ അതു അത്യുഷ്ണമായിട്ടിരിക്കുന്നുവെന്നും പറയുന്നു. ഇങ്ങിനെ പറയുന്ന കൂട്ടത്തിൽ ആർക്കെങ്കിലും ഇന്നലെ മദ്ധ്യാഹ്നത്തിൽ ചക്രവാളത്തെ സ്വർണ്ണവർണ്ണമാക്കിത്തീർത്ത ഉത്തുംഗങ്ങളും ധവളങ്ങളുമായ പർവ്വതനിരകളുടെ ശൃംഗങ്ങളേയും ആകൃതികളേയും പറ്റി വിവക്ഷിക്കാൻ സാധിക്കുമോ.? ദക്ഷിണഭാഗത്തുനിന്നും പുറപ്പെട്ടു്, അവയുടെ കൊടുമുടികളെ സ്പർശിച്ചു നീലവർണ്ണങ്ങളായ ജലബിന്ദുക്കളായി പരിണമിച്ച അതികൃശമായ സൂർയ്യകിരണത്തെ ആരു കണ്ടു.? ഇന്നലെ സൂർയ്യാസ്തമനശേഷം പശ്ചിമവാതം ഊതി കരിയിലകളെ എന്നപോലെ പറപ്പിച്ച ജഡങ്ങളായ മേഘങ്ങളുടെ നൃത്തം ആർ കണ്ടു.? ഇവയെല്ലാം അവീക്ഷിതങ്ങളും അവിദിതങ്ങളുമായി മാഞ്ഞുപോയി. അഥവാ നമ്മുടെ ഉദാസീനത ക്ഷണനേരത്തേക്കു നീങ്ങിയാൽ തന്നെയും, അതു വല്ല അസാധാരണ സംഭവംകൊണ്ടോ വല്ല സ്ഥൂലചിഹ്നംകൊണ്ടോ മാത്രമായിരിക്കും. എന്നാൽ പ്രാപഞ്ചികശക്തിയുടെ ഭയാനകവും പ്രസൃതപരവുമായ പ്രത്യക്ഷവ്യാപാരങ്ങളിലൊ, വർഷോപലങ്ങളുടെ സംഘട്ടനത്തിലൊ, ചുഴലിക്കാറ്റിന്റെ രഹസ്സിലൊ അല്ല, മനുഷ്യനിൽ അത്യുൽകൃഷ്ടങ്ങളായ മനോവികാരങ്ങൾ വികസിപ്പിക്കപ്പെടുകയും പോഷിപ്പിക്കപ്പെടുകയും ചെയ്യുന്നതു് ഭൂകമ്പത്തിലൊ—വഹ്നിജ്വാലയിലൊ—അല്ല, സാക്ഷാൽ പ്രശാന്തവും, സൂക്ഷ്മവുമായ ശബ്ദത്തിലാണു് ഈശ്വരൻ നിഗ്രഢമായി വർത്തിക്കുന്നതു്. മിന്നൽപിണർകൊണ്ടും മററും മാത്രം ഉൽബോധനം ചെയ്യാവുന്നതായ നമ്മുടെ ആഭ്യന്തരശക്തികൾ കേവലം നികൃഷ്ടങ്ങളും ജഡങ്ങളുമാകുന്നു. എന്നാൽ നമ്മുടെ വിസ്മയത്തെ ആകർഷിക്കാത്ത അനുഭാവവിശേഷത്തിന്റെ ശാന്തവും നിയമിതവുമായ വ്യാപാരങ്ങളിലും, ഗംഭീരവും പ്രശാന്തവും അനവരതങ്ങളുമായ സംഭവങ്ങളിലും, കാണുന്നതിനു മുമ്പുതന്നെ കാമ്യങ്ങളായുള്ളവയിലും, ഗ്രഹിക്കുന്നതിനു മുമ്പുതന്നെ സ്നേഹിക്കേണ്ടതായുള്ളതിലും

ദേവന്മാർ നമുക്കുവേണ്ടി ദിവസംപ്രതി സജ്ജമാക്കുന്നതിലും എന്നാൽ സദാ മാറിക്കൊണ്ടിരിക്കുന്നതിലും ഒരിക്കലും ഇല്ലാതായി എന്നു വരാത്തതിലും, എല്ലായ്പോഴും കാണപ്പെടുന്നവയിലും, എന്നാൽ ഓരോന്നു് ഒരിക്കൽമാത്രം കാണുന്നതിലും കൂടിയാണു് ഭക്തിപരമായ പാഠം പ്രധാനമായി ഉപദേശിക്കപ്പെടുന്നതും സൌന്ദര്യ്യരൂപേണയുള്ള അനുഗ്രഹം നൽകപ്പെടുന്നതും.

# രണ്ടുവശങ്ങൾ.

[സി. രാമൻമേനോൻ എം. എ., ബി. എൽ.]

ഈ ലോകത്തിൽ, മിക്ക സംഗതികളിലും, രണ്ടോ അതിലധികമൊ വശങ്ങൾ ഉണ്ടെന്നു് സ്വല്പം ആലോചിച്ചാൽ മിക്കവൎക്കും ബോധ്യപ്പെടും. യുദ്ധം ആവശ്യമൊ അനാവശ്യമൊ, പ്രാദേശികതാല്പൎയ്യമൊ ജാതീയതാല്പൎയ്യമൊ, നല്ലതാണൊ ചീത്തയാണൊ, മതം വേണ്ടതൊ വേണ്ടാത്തതൊ, ത്യാഗശീലം ഗുണകരമൊ ദോഷപ്രദമൊ, എന്നിങ്ങനെ മിക്ക കാൎയ്യങ്ങളിലും ഭിന്നവശങ്ങൾ ഉണ്ടു്. ഓരോ വശത്തേയ്ക്കും ന്യായങ്ങളും ധാരാളം പറവാൻ സാധിക്കും. ഇവയിലൊന്നിനേയും കുറിച്ചു് പ്രത്യേകമായി തല്ക്കാലം ഞാനൊന്നും പറയുന്നില്ല. എന്നാൽ, ഇത്തരം അഭിപ്രായവ്യത്യാസങ്ങൾ മിക്കതിനേയും, തൃപ്തികരമായി മനസ്സിലാക്കാൻ സാധിപ്പിക്കുന്ന പ്രകാശം തരുന്നതായ ഒരു വിഷയത്തെക്കുറിച്ചു് സ്വല്പം പ്രസ്താവിക്കണമെന്നാണു്, ഈ ലേഖനത്തിൻെറ ഉദ്ദേശ്യം.

മനുഷ്യനു്, അല്ലെങ്കിൽ മനുഷ്യജീവിതത്തിനു് പല വശങ്ങൾ ഉണ്ടു്. ഇവയെ മൊത്തത്തിൽ, ഭൌതികം എന്നും, ആത്മീയം എന്നും രണ്ടു വിഭാഗങ്ങളായി വേർതിരിക്കാം. രണ്ടു വശങ്ങൾ എന്നു് തലക്കെട്ടിൽ നിൎദ്ദേശിച്ചിരിക്കുന്നതു് ഇവയെയാണു്. മനുഷ്യർ അവരവരുടെ സ്വന്തം ഭൌതികവശത്തെക്കുറിച്ചു് മറന്നുപോകുന്നതു ചുരുക്കംതന്നെ. അവനവനു് ഉണ്ണണമെന്നും പണം വേണമെന്നും സുഖം വേണമെന്നും മററും നാമെല്ലാം നല്ലവണ്ണം ഓൎമ്മിക്കുന്നു. എന്നാൽ മററുള്ളവൎക്കും ഇതൊക്കെ ആവശ്യമാണെന്ന വസ്തുതയെ നമ്മിൽ പലരും അത്ര കാൎയ്യമായി കരുതാറില്ലെന്നേയുള്ളു. മനുഷ്യൻെറ ആത്മീയവശത്തെക്കുറിച്ചു ബോധമുള്ളവർ, അവനവൻെറ ഭൌതികസുഖങ്ങളെ മാത്രമല്ല, മററുള്ളവരുടെ ഇത്തരം

ആവശ്യങ്ങളേയും കരുതി പ്രവർത്തിക്കുമെന്ന് മനുഷ്യചരിത്രം തെളിയിക്കുന്നു. വെറും ശ്വാനന്മാരെപ്പോലെ അന്യോന്യം കടിപിടി കൂടാതെ മനുഷ്യർ സാമാന്യമായ അന്യോന്യസഹിഷ്ണുതയോടും സഹകരണത്തോടും ജീവിതം നയിക്കുന്നതിന് ആത്മീയവശത്തെക്കുറിച്ചുള്ള ബോധം അത്യാവശ്യമാണ്. അതുകൊണ്ട് ചെറുപ്പക്കാരുടെ വിദ്യാഭ്യാസത്തിലും ഈ വശത്തെ വിസ്മരിക്കാൻ പാടില്ല. എന്നാൽ ഭിന്നമതസ്ഥരായ പല സമുദായങ്ങൾ അടങ്ങിയ ഒരു രാജ്യത്തിലെ ഗവർമ്മെണ്ടു നടത്തുന്ന വിദ്യാലയങ്ങളിൽ, ഏതെങ്കിലും ഒരു മതം എല്ലാവരേയും നിർബന്ധിച്ചു പഠിപ്പിക്കയും പരിശീലിപ്പിക്കയും ചെയ്യുന്നതു് അന്യായമാണെന്നും, ഭിന്നമതസ്ഥർക്ക് അവരവരുടെ മതാഭ്യസനത്തിനു സർക്കാരിൽനിന്ന് ഏർപ്പാടുചെയ്യുന്നതു മിക്കവാറും അസാദ്ധ്യമാണെന്നും സമ്മതിക്കാം. പ്രത്യേകമതാഭ്യസനത്തിനു ബാലികാബാലന്മാരുടെ രക്ഷകന്മാർതന്നെ ഏർപ്പാടുചെയ്യുന്നതാണു നല്ലതു്. സർക്കാരല്ലാത്ത വിദ്യാലയങ്ങളിൽ, രക്ഷകന്മാരുടെ സമ്മതത്തോടുകൂടെ അതാതുമതത്തിൽപെട്ട കുട്ടികളെ മതാഭ്യസനം ചെയ്യിക്കുന്നതിനനുവദിക്കുന്നതു് ആവശ്യകമാണ്. സർക്കാർവകയുൾപ്പടെ എല്ലാ പാഠശാലകളിലും, പ്രധാനമതങ്ങളുടെയെല്ലാം അടിസ്ഥാനമായ ആത്മീയവശത്തെക്കുറിച്ച്, ഒരു മതക്കാർക്കും ആക്ഷേപകരമാകാത്ത വിധത്തിൽ പഠിപ്പിക്കുന്നതു വളരെ ഗുണപ്രദമായിരിക്കും. വിശാലമനസ്കതയും ആത്മീയപ്രബുദ്ധതയും ഉള്ള അദ്ധ്യാപകന്മാരെക്കൊണ്ടു മാത്രമെ ഈ ജോലി ശരിയായി നടത്താൻ സാധിക്കയുള്ളു എന്നു് സമ്മതിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെയുള്ളവർ ഈ വിഷയം സംബന്ധിച്ച് നല്ല പുസ്തകങ്ങൾ എഴുതിയാൽ സാമാന്യക്കാരെക്കൊണ്ടും ഈ ജോലി സാമാന്യം തൃപ്തികരമായി നടത്താം. മാനുഷികമായ ഒരേർപ്പാടും പരിപൂർണ്ണമല്ലാത്തതിനാൽ, ഈ കാര്യത്തിലും ഇതു മതിയാകുന്നതാണ്.

മനുഷ്യരുടെയിടയിലുള്ള ഭിന്നിപ്പുകൾക്കും കഷ്ടതകൾക്കും ഒക്കെ കാരണം മതങ്ങളാണെന്നും, അതുകൊണ്ട് അവയെ നശിപ്പിക്കണമെന്നും ഇപ്പോൾ ചിലർ വാദിച്ചുതുടങ്ങീട്ടുണ്ട്. സോവിയററ്റഷ്യയിൽ ഗവർമ്മെണ്ടുതന്നെ, ഈ പദ്ധതിയിൽ പ്രവർത്തിച്ചുതുടങ്ങീട്ടുണ്ടത്രെ. എന്നാൽ, ഈ മതവിരോധികളുടെ വാദങ്ങളേയും പ്രവൃത്തികളേയും പരിശോധിച്ചുനോക്കിയാൽ, അവർക്ക് സ്വന്തമായിട്ട് ഒരു മതമുണ്ടെന്നും, ഇതിന്റെ സ്ഥാപനത്തിനു വേണ്ടിയാണ് അവർ മററുമതങ്ങളെ ആക്ഷേപിക്കയൊ ഉപദ്രവിക്കയൊ ചെയ്യുന്നതെന്നും കാണാം. ഇവർ ആക്ഷേപിക്കുന്ന പഴയ മതഭ്രാന്തന്മാരും, അവരവരുടെ കാലസ്ഥിതിയനുസരിച്ച് ഇതിലധികമൊന്നും ചെയ്തിട്ടില്ല. പുതിയ മതവിരോധികളേയും പഴയ മതഭ്രാന്തന്മാരേയും ഇപ്രകാരം സാമ്യപ്പെടുത്തുന്നതു് ആദ്യം പറഞ്ഞവർക്ക് ആക്ഷേപകരമാ

യി തോന്നിയേക്കാമെങ്കിലും വാസ്തവം അതുതന്നെയാണ്. മനുഷ്യന്റെ ആത്മീയാവശ്യത്തെക്കുറിച്ച് സാമാന്യം തൃപ്തികരമായ ബോധമുള്ളവരാരും മററുള്ളവരുടെ മതങ്ങളോട് അസഹിഷ്ണുത പ്രദർശിപ്പിക്കയൊ അന്യമതസ്ഥരെ ദ്രോഹിക്കയൊ ചെയ്യുകയില്ല. ആത്മീയപ്രബുദ്ധതയുടെ, അല്ലെങ്കിൽ യഥാർത്ഥമതത്തിന്റെ കുറവാണ് മനുഷ്യരുടെ കടിപിടികൾക്കും കുഴപ്പങ്ങൾക്കും കഷ്ടതകൾക്കും കാരണം.

ഇപ്പോഴത്തെ ചില മതവിരോധികളുടെ വാദങ്ങളൊന്നും പുത്തനല്ല. ചാർവ്വാകർ, പാഷണ്ഡർ എന്നിങ്ങനെയുള്ള ഭൗതികമാത്രവാദക്കാർ ഭാരതഭൂമിയിലും മററു രാജ്യങ്ങളിലും പുരാതനകാലങ്ങളിലും ഉണ്ടായിരുന്നു. വാത്മീകിരാമായണത്തിലും, മഹാഭാരതത്തിലും ഇക്കൂട്ടരുടെ വാദങ്ങൾ സന്ദർഭാനുസൃതമായി ചേർക്കുകയും ഖണ്ഡിക്കുകയും ചെയ്തിട്ടുണ്ട്. രാമായണത്തിൽനിന്ന് ഒരുദാഹരണം താഴെ ചേർക്കുന്നു. അച്ഛന്റെ സത്യം പാലിക്കാനായി കാട്ടിൽ പോകുന്ന ശ്രീരാമനെ നാട്ടിലേക്കു തിരികെ കൊണ്ടുപോകാനായി ഭരതൻ പറയുന്ന ന്യായങ്ങൾകൊണ്ടു ഫലമില്ലെന്നു കണ്ടിട്ട് രാജാചാര്യന്മാരിലൊരാളായ ജാബാലി എന്ന ബ്രാഹ്മണൻ യഥാർത്ഥവിശ്വാസത്തോടുകൂടെയല്ലെങ്കിലും, താഴെ കാണുംപ്രകാരം പറയുന്നു:—

"കൊള്ളാമോ രാഘവ, പാഴാകും—ബുദ്ധിയിങ്ങനെ താനൊലാ,
സൽബുദ്ധിധീരനങ്ങയ്ക്കു—മൂഢമർത്ത്യന്റെമാതിരി.
ആരാർക്കു ബന്ധു, വാക്കെന്തു—കൊണ്ടിട്ടെന്തൊന്നു ലഭ്യവും?
താനേ ജന്തു ജനിക്കുന്നു—താനേ ചാവുന്നു കേവലം.

... ... ... ... ...

... ... ... ... ... ...

അഷ്ടകാപൈതൃകശ്രാദ്ധ—മെന്നീമർത്ത്യർമുതിർന്നിടം
നോക്കുക ചോററിന്റെ ചിലവു!—ചത്താളുണ്ണു കഴിക്കുമോ?
ഒരാളിങ്ങുണ്ടതന്യന്റെ—ദേഹത്തിൽ ചെല്ലുമെങ്കിലോ
പോയവനൂട്ടിയാൽ ചാത്തം—വഴിച്ചോറായിടേണ്ടയോ?
ഇദ്ദാനവശ്യഗ്രന്ഥങ്ങൾ—കൗശലക്കാർ ചമച്ചതാം
'ജപിക്ക, നൽക, ദീക്ഷിക്ക,—തപം ചെയ്യു, കൊഴിക്കുക'.
ആകയാൽ പരമില്ലെന്ന—ബുദ്ധികൊൾക മഹാമതേ!
പ്രത്യക്ഷം സ്വീകരിക്കുനീ—പരോക്ഷം പിന്നിലാക്കിട്ടു.

... ... ... ... ... ...

... ... ... ... ... .."

ഇതിനു ശ്രീരാമൻ പറയുന്ന മറുപടിയുടെ ചില ഭാഗങ്ങളാണ് താഴെ ചേർത്തിരിക്കുന്നതു്:—

... ... ... ... ... ...

"പാമ്പിനെപ്പോലെപേടിക്കും-ഭോഷ്കുചൊല്ലുംമനുഷ്യനെ
സത്യംപാരിൽമഹാധർമ്മം-വിണ്ണിൻവേരെന്നുമോതിടും.
സത്യംതാനീശ്വരൻപാരിൽ-സത്യസ്ഥ,രമയെപ്പൊഴും
എല്ലാററിൻമുരടുംസത്യ-മില്ലാസത്യാൽപരംപദം.

... ... ... ... ... ...
... ... ... ... ... ...

ഈസ്സത്യധർമ്മമാണന്ത-രാത്മാവിൽകാൺമുഞാൻസ്വയം
സത്തന്മാരേററിടുംഭാര-മതിന്നാണാദരിപ്പതും
വല്ലായ്മദ്ദുരയുംദ്വേഷ്ട-മുള്ളപാപികളേററതായ്
അധർമ്മമാമല്പധർമ്മ-ക്ഷത്രധർമ്മംവിടുന്നുഞാൻ.

.. ... ... ... ... ..
... .. .. ... ... ...

ഈക്കാട്ടുവാഴ്ചഗുരുവോ-ടേററുരച്ചിട്ടിതെങ്ങനെ,
ഭരതൻതൻവാക്കുചെയ്യും-ഗുരുവാക്കുവെടിഞ്ഞുഞാൻ?

... ... ... ... ... ...
... ... ... ... ... ...

വനവാസവുമേററവം-ശുചിയായ്നിയതാശിയായ്
നല്ലപൂങ്കായ്കനികളാൽ-തർപ്പിച്ചുംപിതൃദേവരെ
പഞ്ചവർഗ്ഗംതെളിഞ്ഞീഞാൻ-ലോകയാത്രനടത്തുവൻ,
പൊയ്യെന്ന്യേ,ശ്രദ്ധയുംപൂണ്ടു-കാര്യാകാര്യവിവേകിയായ്"

... ... ... ... ... ...
... ... ... ... ... ...

ഇതിൽ, "ഈസ്സത്യധർമ്മമാണന്തരാത്മാവിൽക്കാൺമുഞാൻസ്വയം", എന്നതാണ് പ്രധാനമായിട്ടുള്ളത്. അവനവൻ അന്തരാത്മാവിൽ കാണുന്ന സത്യമാണ് അവനവനു പ്രമാണം. പാഷണ്ഡവാദികൾ മനുഷ്യന്റെ ആത്മീയവശം കാണുന്നില്ല. എന്നാൽ അതു കാണുന്ന മനുഷ്യർക്കൂടെ വെറും ഭൗതികതത്വങ്ങളനുസരിച്ച് പ്രവർത്തിച്ചുകൊള്ളണമെന്നു പറയുന്നതു കണ്ണുള്ളവനും കണ്ണടച്ചുകൊണ്ട് അമേദ്ധ്യത്തിൽ ചവിട്ടണമെന്നു പറയുന്നതുപോലെയാണു.

ലോകത്തിൽ മതത്തിന്റെ പേരുകൂടെ പറഞ്ഞു പലരും പല യുദ്ധങ്ങളും ക്രൂരതകളും നടത്തിട്ടുണ്ടെന്നു പറയുന്നതിൽ കുറെ വാസ്തവമുണ്ട്.

എന്നാൽ, അതു മനുഷ്യന്റെ ആത്മീയ വശത്തെക്കുറിച്ചുള്ള അറിവിന്റെ-യഥാർത്ഥമതത്തിന്റെ-കുറവുകൊണ്ടാണ്, ആധിക്യംകൊണ്ടല്ല. മതമല്ല, യുദ്ധത്തിന്റെയും ക്രൂരതയുടേയും യഥാർത്ഥകാരണമെന്ന് കഴിഞ്ഞ ലോകമഹായുദ്ധം നല്ലവണ്ണം തെളിയിച്ചിട്ടുണ്ട്. ഐഹികസുഖസാധനങ്ങളിലുള്ള അത്യാസക്തിയാണ് യുദ്ധത്തിന്റെയും മറ്റു ക്രൂരതകളുടേയും യഥാർത്ഥകാരണം, എന്ന് സ്വല്പം നിരീക്ഷണശക്തിയുള്ളവർക്കെല്ലാം എളുപ്പത്തിൽ മനസ്സിലാകും. മനുഷ്യന്റെ ആത്മീയവശത്തെക്കുറിച്ചുള്ള സ്വല്പമായ ബോധംപോലും മേൽപറഞ്ഞ അത്യാസക്തിയെ കുറയ്ക്കുകയും അതുവഴി സമാധാനത്തെ സഹായിക്കയും ചെയ്യുന്നു. മതങ്ങളില്ലായിരുന്നുവെങ്കിൽ ലോകത്തിന്റെ ചരിത്രവും, ആധുനികസ്ഥിതിയും, അധികം നീചവും ഭയങ്കരവുമാകുമായിരുന്നുവെന്ന് ലോകചരിത്രം കുറച്ചെങ്കിലും പരിശോധിച്ചാൽ മനസ്സിലാകും.

മനുഷ്യരുടെ സഹകരണത്തിനും സുഖജീവിതത്തിനും സദാചാരശാസ്ത്രവും പരിശീലനവും മതിയെന്നും മതം ആവശ്യമില്ലെന്നും ചിലർ പറഞ്ഞേക്കാം. എന്നാൽ മനുഷ്യരുടെ ആത്മീയവശത്തെക്കുറിച്ചുള്ള ബോധമില്ലാതെ സദാചാരം തൃപ്തികരമായോ സ്ഥായിയായോ ഇരിക്കയില്ല.

ദേഹസംരക്ഷണവും കായികസുഖാനുഭവങ്ങളുമാണ് മനുഷ്യജീവിതത്തിന്റെ പരമോദ്ദേശ്യമെന്നുവന്നാൽ, മറ്റുള്ളവരോടു ന്യായമായിരിക്കുന്നതിനോ, അവരെ സഹായിക്കുന്നതിനോ വേണ്ടി സ്വന്തം സുഖത്തെ ബലികഴിക്കുന്നതു് ഭോഷത്വമാണെന്നു തോന്നിപ്പോകും. ഈ വിചാരം എല്ലാവരിലും പ്രബലമായാൽ, മനുഷ്യർ തമ്മിൽ വിശ്വാസമില്ലാതാകയും, അവർ പട്ടികളെപ്പോലെ പരസ്പരം കടിപിടി കൂടിക്കൊണ്ടുതന്നെ കഴിക്കയും ചെയ്യും. ഗവണ്മെണ്ടിന്റെ ശിക്ഷയെ ഭയന്നു മനുഷ്യർ അന്യോന്യം ന്യായമായി പെരുമാറുകയും ഉപദ്രവിക്കാതിരിക്കയും ചെയ്യുമെന്ന് ചിലർ വാദിച്ചേക്കാം. എന്നാൽ, ഗവൺമെണ്ടിന്റെ അടിസ്ഥാനംപോലും മനുഷ്യന്റെ ആത്മീയവശത്തെക്കുറിച്ച് ജനങ്ങൾക്കു സാമാന്യമായുള്ള ബോധമാണെന്ന് ഓർമ്മിക്കുമ്പോൾ, ഇതു തകർന്നാൽ, ഗവൺമെണ്ടും തകർന്നുപോകുമെന്ന് വ്യക്തമാണല്ലോ. ആത്മീയബോധത്തിനെ അടിസ്ഥാനപ്പെടുത്തീട്ടുള്ള സദാചാരത്തിൽ ചിരപരിശീലനം സിദ്ധിച്ചാൽ, ആത്മീയവിശ്വാസങ്ങൾ നശിച്ചതിനുശേഷവും പലപ്പോഴും സദാചാരം കുറെനാൾ ചിലരിൽ നിലനിന്നേക്കാം. എന്നാൽ ഇതു് പെട്ടെന്നു തകർന്നുപോയേക്കും. ചെറുപ്പക്കാരെ പുതുതായി സദാചാരം ശീലിപ്പിക്കുന്നതിനും, അതിന്റെ ആവശ്യകതയെ മനസ്സിലാക്കുന്നതിനും ആത്മീയവശത്തെക്കുറിച്ചുള്ള ബോധം അത്യാവശ്യമാണ്. ഒരാളുടെ യഥാർത്ഥമതത്തിന്റെ പ്രധാനഭാഗം മനുഷ്യന്റെ ആത്മീയവശത്തെക്കുറിച്ചുള്ള അറിവും വിശ്വാ

സങ്ങളും അല്ലാതെ മറ്റൊന്നുമല്ല. ഈ ദേഹം നശിച്ചതിനു ശേഷവും ആത്മാവിനു സത്തയുണ്ടെന്നു് മനസ്സിലായിട്ടില്ലാത്തവരുടെ സദാചാരത്തിനു പറയത്തക്ക പ്രാബല്യമുണ്ടാകയില്ലെന്നു് നിത്യാനുഭവങ്ങളും ചരിത്രാനുഭവങ്ങളും വിളിച്ചുപറയുന്നു. ദേഹം നശിച്ചതിനുശേഷവും ആത്മാവിനു സത്തയുണ്ടെന്നു് ഇപ്പോൾ മിക്കവാറും ശാസ്ത്രീയമായ തെളിവു ലഭിച്ചിട്ടുണ്ടു്. എല്ലാ പ്രധാനമതങ്ങളുടേയും പ്രധാനാചാര്യന്മാർ ഈ വസ്തുതയെ അനുഭവത്തിൽ വരുത്തീട്ടുള്ള മഹാത്മാക്കളാണു്. ഇവരിൽ ഭക്തിയുള്ള സാമാന്യജനങ്ങൾ സ്വാനുഭവംകൊണ്ടല്ലെങ്കിലും, ഈ തത്വത്തിൽ വിശ്വസിക്കയും, അതു് അവരുടെ ആചാരത്തെ പലപ്പോഴും അവർ അറിയാതെപോലും നിയന്ത്രിക്കയും ചെയ്യുന്നു. ഈ അടിസ്ഥാനം തകന്നാൽ സാമാന്യജനങ്ങളുടെ സദാചാരം ഇപ്പോഴത്തേതിലും വളരെ അധഃപതിച്ചുപോകുമെന്നു തീച്ചയാണു്.

# പരദ്രവ്യാനിലോഷ്ടവൽ.

(സീതാദേവി)

(തുടച്ച്)

എന്നാൽ ലളിത ആ ഗ്രാമംതന്നെ ഉപേക്ഷിച്ചുപോയതായിട്ടാണു് വത്തമാനംകൊണ്ടു മനസ്സിലായതു്. അവരുടെ വീടെല്ലാം നശിച്ചു. പ്രായമായവരൊക്കെ ചത്തു. യുവാക്കന്മാരെല്ലാം ജോലിയന്വേഷിച്ചു് വിദേശങ്ങളിലേക്കു പോയി. ലളിത എവിടെ എന്നോ, അവൾ ജീവിച്ചിരിക്കുന്നുണ്ടോ എന്നോ ആക്കും അറിഞ്ഞുകൂടായിരുന്നു.

അനന്തന്റെ നിരാശ പൂവ്വാധികം വദ്ധിച്ചു. ലളിതയെത്തന്നെ വീണ്ടും കൂട്ടിക്കൊണ്ടുപോരാൻ സാധിച്ചിരുന്നു എങ്കിൽ അതു് അനന്തനു് അനുഗ്രഹമാകുമായിരുന്നു. ഒന്നുകൂടി വിവാഹം ചെയ്യുന്നതു് പരപരിഹാസത്തിനു കാരണവുമാണു്. ആരും അവന്റെ ആവശ്യം അറികയില്ല. എല്ലാവരും പരിഹാസത്തിനു് ഒരുങ്ങുകയും ചെയ്യും. ഒരു നല്ല പെണ്ണിനെ വിവാഹംചെയ്യുന്നതും വിഷമം. രണ്ടു ഭാൎയ്യമാർ ജീവിച്ചിരിക്കെ മൂന്നാമതൊരുത്തിയെക്കൂടി വേട്ടു കൊടുക്കുന്നതു മാന്യന്മാക്കു് അത്ര സമ്മതമായിരിക്കയില്ല. കുടുംബമഹിമയൊന്നും ഇനി അത്ര വിലവയ്ക്കുവാൻ തരമില്ല.

മററാൎക്കും വേണ്ടാത്ത ഒരു പെണ്ണിനെ മാത്രമെ ഇനി കിട്ടുവാൻ തരമുള്ളു. മേഘമാലയെപ്പോലുള്ള ഒരു ശിഷ്ടയുവതിയോടൊന്നിച്ചു കഴിച്ച താൻ എങ്ങിനെ ഒരു നീചയുവതിയുമായി കഴിഞ്ഞുകൂടും. അത്ര തന്നെയൊ മേഘമാലയുടെ അവസ്ഥയെന്തായിരിക്കും. സങ്കടത്താലും നിരാശയാലും അവളുടെ ജീവിതംതന്നെ അപകടത്തിൽ പെട്ടേക്കാനെളുപ്പമുണ്ടു്. ലളിതയെ പുനഃസ്വീകരണം ചെയ്വാൻ ഇടവന്നാൽ ഈ വിഷമമൊന്നും വരുവാനുമില്ല. തന്റെ മനസ്സമാധാനത്തിനും ജനങ്ങളുടെ പ്രീതിക്കും ഇതു കാരണവുമാകും. ഇനിയൊരു വിവാഹം ചെയ്യുന്നതിൽ ഭേദം ഇതായിരിക്കുമെന്നു് മേഘമാലകൂടി സമ്മതിക്കും. ഇവളുടെ മാതാപിതാക്കന്മാൎക്കും ലളിതയെ വിവാഹം ചെയ്ത വൎത്തമാനം അറിവുണ്ടായിരുന്നല്ലൊ. ലളിത ഒരു സുന്ദരിയല്ലെങ്കിലും സുശീലയും ഹിതകാരണിയുമാണു്. നല്ല വിധത്തിലും രണ്ടു ഭാൎയ്യമാരേയും സന്ധിച്ചുകൊണ്ടു പോകുവാനും സാധിക്കുമായിരുന്നു. പക്ഷെ അവൾ എവിടെയെന്നു് ആൎക്കറിയാം.? ഒരിക്കൽ അവളെ നിഷ്കരുണം ഏതു ഗൃഹത്തിൽ നിന്നു് നിരാകരണം ചെയ്തുവോ അതിന്റെ കവാടം ഇതാ അവളെ എതിരേല്ക്കുന്നതിനു് തുറന്നിട്ടിരിക്കുന്നു. എന്നിട്ടും അവൾ ആഗതയാകുന്നില്ല. ഇൻഡ്യയിലുള്ള ബഹുസഹസ്രം ജനങ്ങളുടെ ദൃഷ്ടിയിൽ അവൾ നഷ്ടപ്രായ തന്നെ.

അനന്തൻ സ്വദേശത്തേക്കു് ശ്രാദ്ധത്തിനായി പോയി. അതു കഴിഞ്ഞു് ഭാൎയ്യയോടും കൂടി കൽക്കട്ടയ്ക്കു തിരിച്ചുപോന്നു. ദിവസങ്ങൾ അങ്ങിനെ വലിഞ്ഞിഴഞ്ഞു കഴിയുന്നു. മേഘമാലയുടെ ചികിത്സക്കുവേണ്ട പണം ചിലവുചെയ്യുന്നതിൽ അനന്തൻ അശേഷവും ലോഭിച്ചില്ല. മഹാലക്ഷ്മി മന്ത്രവാദംകൊണ്ടും രക്ഷായന്ത്രംകൊണ്ടും സ്നുഷയുടെ വന്ധ്യാത്വം പരിഹരിപ്പാൻ ശ്രമിക്കുന്നുണ്ടു്. പക്ഷെ മേഘമാലതന്നെ ദിനംപ്രതി നിരാശയിൽ മുഴുകി.

സ്വഭാൎയ്യയുടെ പ്രായം പ്രസവവേളയെ അതിക്രമിച്ചതല്ലെന്നു് അനന്തനു് ആശ്വാസവുമുണ്ടായിരുന്നു. രണ്ടുകൊല്ലംകൂടി കാക്കുന്നതിനും അതിനുശേഷം വിവാഹത്തിനു മേഘമാലയെക്കൊണ്ടു സമ്മതിപ്പിക്കുന്നതിനും അനന്തൻ ഉറച്ചു. എങ്കിലും പ്രധാനമായി മേഘമാലയേയും മററവളുടെ കീഴിൽ വാഴിക്കുമെന്നും അവൻ ഉറച്ചു.

മഹാലക്ഷ്മിയുടെ ആരോഗ്യവും ക്ഷയിച്ചുതുടങ്ങി. അവൾക്കു പലമാതിരി ഉപദ്രവങ്ങളും രോഗംനിമിത്തം ഉണ്ടായിക്കൊണ്ടിരുന്നു. എങ്കിലും ഒരു ഡാക്ടറെപ്പോലും കാണിക്കുന്നതിനനുവദിച്ചില്ല. അതിനാൽ രോഗം ക്രമേണ വൎദ്ധിച്ചുതന്നെ വന്നു.

ഒരുദിവസം ദീനം അല്പം അധികമായി. അനന്തൻ ജോലിസ്ഥലത്തേക്കു പോയി. ഭൃത്യന്മാരും വെളിയിൽ പോയിരിക്കയായിരുന്നു. ഇ

വരാരും സന്ധ്യയ്ക്കുമുമ്പ് വരുന്ന മട്ടുമില്ല. വീട്ടിൽ ആകെ ഒരു ഭൃത്യയും പരിഭ്രാന്തയായ മേഘമാലയും മാത്രമുണ്ട്.

മേഘമാല അമ്മായിയുടെ ദീനം കണ്ടു് നന്നെ പരിഭ്രമിച്ചു. ആരെ എങ്കിലും വിളിക്കുന്നതിന് വൃദ്ധയായ ഭൃത്യയോടാവശ്യപ്പെട്ടു. എന്നാൽ സ്വഭർത്താവിനെ ബാങ്കിൽനിന്നും വരുത്താമെന്ന് അവൾ പറഞ്ഞു.

വൃദ്ധ:— ഞാൻ ആരെയാണ വിളിക്കുന്നതു്.? ഈ സമയത്തു് ആരേയും കാണുമെന്ന തോന്നുന്നില്ല. എല്ലാവരും അവരവരുടെ വേലയ്ക്കു പോയിരിക്കും.

മേഘമാല:— ഇനി നാമെന്തു ചെയ്യും.

വൃദ്ധ:— ഞാൻ പറയാം. കേൾക്കുക. ഈ തെരുവിന്റെ മൂലയിൽ ഒരു ലേഡിഡാക്ടർ താമസിക്കുന്നുണ്ടു്. അവൾക്കു നല്ല നടപ്പുമാണ്. ഞാൻ പോയി അവരെ വിളിക്കട്ടെ.

മേഘമാല ആശ്വാസത്തോടെ:— അതു കൊള്ളാം. ഓടു. അവരെ വിളിച്ചുകൊണ്ടു വരു. അവൾക്കുള്ള പടി ഞാൻ കൊടുപ്പിക്കാം.

വൃദ്ധ അതിവേഗത്തിൽ പോയി. അര മണിക്കൂറിനകം ലേഡിഡാക്ടറേയും കൊണ്ടു എത്തി. ഡാക്ടർ ഒതുങ്ങിയ രീതിയിൽ വസ്ത്രധാരണം ചെയ്തിരുന്നു. വൃദ്ധ ഡാക്ടരുടെ ഒരു ബാഗ് കൂടി എടുത്തിരുന്നു. ഡാക്ടർ മേഘമാലയെ കണ്ട ഉടനെ ഇങ്ങിനെ ചോദിച്ചു:— ആർക്കാണ ദീനം, നിങ്ങളുടെ ഭൃത്യ ഒന്നും നേരാംവണ്ണം പറഞ്ഞില്ല.

മേഘമാല:— ഇങ്ങോട്ടു വരാം. എന്റെ അമ്മയ്ക്കാണ ദീനം.

ലേഡിഡാക്ടർ അകത്തോട്ടു കയറി. മഹാലക്ഷ്മി യാതൊരു വിസമ്മതവും ഭാവിച്ചില്ല. അവൾ ഒരു യുവതിയും സ്ത്രീയുമാണല്ലോ എന്നത്രെ മഹാലക്ഷ്മിയുടെ ആശ്വാസം. സ്വതെ ശാന്തയും, സൽസ്വഭാവിയും ആയിരുന്ന രോഗിയുടെ ശരീരം പരിശോധിച്ചു. അല്പം ചില ചോദ്യവും ചെയ്തു. വൃദ്ധയെ തന്റെ വീട്ടിലേക്കയച്ചു അത്യാവശ്യമായ ചില മരുന്നുകൾ വരുത്തി. ഒരു മണിക്കൂറോളം അവിടെ താമസിച്ചു. മഹാലക്ഷ്മിക്ക് അല്പം ആശ്വാസം വന്നതിൽപിന്നെയേ അവൾ പോയുള്ളു. ഇനിയും സുഖക്കേടു് അധികപ്പെടുന്നു എങ്കിൽ ഉടനെ ആളയച്ചുകൊള്ളുവാൻ മേഘമാലയെ ഏർപ്പാടു ചെയ്തു. "ഒരുപക്ഷെ ഞാനവിടെയില്ലെങ്കിലും അവിടെ രണ്ടു പരിചാരികമാരുണ്ടു്. അവരിൽ ഒരാൾവന്ന് വേണ്ടതു ചെയ്തുകൊള്ളും."

അനന്തരൻ വന്നാലുടനെ ഡാക്ടർക്കുള്ള ഫീസ് എത്തിച്ചുകൊള്ളാമെന്നു് മേഘമാല പറഞ്ഞു.

ആ യുവതി ചിരിച്ചുകൊണ്ടിങ്ങനെ പറഞ്ഞു. "ഓ അതിനുവേണ്ടി അത്ര ബുദ്ധിമുട്ടേണ്ട. അതു് കുറെ കഴിഞ്ഞായാലും മതി. എനിക്കു

ടന്നെ പോകണം."

മേഘമാല അമ്മയുടെ അടുത്തുചെന്നു മഹാലക്ഷ്മിക്ക് എന്തോ ചില പരിഭ്രമം കാണുന്നു. പല തവണയും അനന്തനെപ്പോഴാ വരുമെന്നു ചോദിച്ചു.

ഭാഗ്യവശാൽ അന്ന് അനന്തൻ നേരത്തെ എത്തി. മേഘമാല അതിവേഗത്തിൽ അയാളുടെ അടുക്കൽ ചെന്നു. "ഇന്നു നേരത്തെ വന്നതു ഭാഗ്യമായി. ഞാൻ വളരെ ഭയന്നുപോയി. അമ്മയ്ക്കു് ഒരു മോഹാലസ്യം വന്നു. ദൈവഗത്യാ രക്ഷപെട്ടു. നമ്മുടെ വൃദ്ധ ഒരു സ്ത്രീഡാക്കുറെ വിളിച്ചുകൊണ്ടുവന്നു. അവരുടെ സഹായംകൊണ്ടാണു രക്ഷകിട്ടിയതു്. വന്നു് അമ്മയെ കാണു. അമ്മക്കു വലിയ പരിഭ്രമം. ഡാക്കുർക്കു് ഒന്നും കൊട്ടുത്തുമില്ല"

അനന്തൻ നേരത്തെ വന്നതുതന്നെ അല്പം അസ്വാസ്ഥ്യത്തോടെയാണു്. ഈ വർത്തമാനം സകല സുഖക്കേടും മാററി. വേഗത്തിൽ അമ്മയെ കാണുവാൻ നടന്നു.

ആവു എൻെറ മകൻ വന്നോ നിന്നെ കണ്ടിട്ടു വല്ലാത്ത ക്ഷീണം തോന്നിക്കുന്നുവല്ലോ.

അതൊന്നും സാരമില്ല. അമ്മയ്ക്കു് എന്താ സുഖക്കേടധികമായൊ. ചികത്സിച്ചില്ലെങ്കിൽ അപകടമാണെന്നു ഞാൻ പറഞ്ഞില്ലേ.

മഹാലക്ഷ്മി:— ഒ, എനിക്കു വയസ്സായില്ലേ എന്നും ഭ്രമിക്കുട്ടിപ്പോല്ലല്ലൊ. നിനക്കൊന്നുമില്ലാതിരുന്നാൽ മതി,

അനന്തൻ:— ഈ സ്ത്രീഡാക്കുർതന്നെ ചികിത്സിച്ചാൽ പോരെ, മററാരും അടുത്തുവരുവാൻ സമ്മതിക്കയില്ലല്ലൊ. അവർ ഇവിടെ അടുത്താണു താമസിക്കുന്നതു്. ആവശ്യപ്പെട്ടുമ്പോഴെല്ലാം വരാമല്ലൊ.

മഹാലക്ഷ്മി:— ധാരാളം മതി. ആ കുട്ടി ഒരു നല്ല കൂട്ടത്തിലാണ്. അവളെ കണ്ടിട്ട് എനിക്കാരുടേയൊ ഒരു ഓമ്മ.

അനന്തൻ മുറിയിൽനിന്നും വെളിയിലേക്കു പോന്നു. മേഘമാലയോട്ട് ഇങ്ങിനെ പറഞ്ഞു:- എനിക്കിപ്പോഠം ഒന്നും വേണ്ട, പനിക്കുന്നുണ്ട്. ഞാൻ കുറച്ചു വിശ്രമിക്കട്ടെ.

മേഘമാല:— ദൈവമെ! 'ആപത്തെല്ലാം കൂട്ടത്തോടെ'. നിങ്ങഠം രണ്ടുപേരും സുഖക്കേടുകാരായി. രണ്ടുപേരെയും ഞാനെങ്ങിനെ നോക്കും.

അനന്തൻ:— ദൈവകല്പനയെ ലംഘിക്കാൻ കഴിയുമോ. ആരും ദീന

ന്തെ സന്തോഷമായി വരികയില്ലല്ലൊ. എങ്ങിനെയെങ്കിലും രണ്ടു ശുശ്രൂഷയും ചെയ്യണം.

പനി ക്രമേണ വൎദ്ധിച്ചു. അടുത്തദിവസവും പനി കുറയുന്ന ലക്ഷണമില്ല. സാധു മേഘമാല നന്നെ വിഷമിച്ചു. ആരെയാണു നോക്കേണ്ടതു് എന്നു സംശയമായി. ഭൎത്താവിനെ വിട്ടു പിരിയുവാൻ അവൾക്കു സമ്മതമില്ല. അമ്മായിയെ ശുശ്രൂഷിക്കാൻ വൃദ്ധയെ നിയമിക്കാമെന്നു വെച്ചാൽ ചിലപ്പോൾ അവർ കോപിച്ചേക്കും.

അനന്തൻ ഭാൎയ്യയുടെ വിഷമം മനസ്സിലായി. വിളിച്ചിങ്ങിനെ പറഞ്ഞു:- ഇപ്പോൾ മിതവ്യയമൊന്നും നോക്കേണ്ട. ലേഡിഡാക്ടറെ വിളിക്കു. അവരോടു് ഒരു നഴ്സിനെ കുറച്ചുദിവസത്തേക്കു് ഇവിടെ നിറുത്താൻ പറയു. വൃദ്ധയെക്കൊണ്ടൊരു ഫലവുമില്ല. അമ്മ ദേഷ്യപ്പെടുന്നതു വെറുതെയല്ല.

മേഘമാല ലേഡിഡാക്ടൎക്കു് ആളെ അയച്ചു. അമ്മയുടെ ശുശ്രൂഷക്കു് ഒരു നഴ്സിനെക്കൂടി അയക്കണമെന്നും പറഞ്ഞിരുന്നു.

ലേഡിഡാക്ടർ വന്നു. മഹാലക്ഷ്മിയുടെ അടുക്കൽ പോയി ഇരുന്നു.

മഹാലക്ഷ്മി:— വരു, അടുത്തിരിക്കു. നിങ്ങളെ കണ്ട മാത്രയിൽ എനിക്കു വല്ലാത്ത ഒരു ഇ...ഷ്ടം...തോന്നുന്നു. നിങ്ങളുടെ പേരെ...ന്താ. എനിക്കു നിങ്ങളെ ഡാക്ടരെന്നു വിളിക്കാൻ വെഷമം.

എന്റെ പേരു് ലതികമിത്ര എന്നാണു്.

കല്യാണം കഴിഞ്ഞോ.

ഇല്ല.

വൈദ്യം നല്ലപോലെ ഉണ്ടു്. ഇല്ലേ. എന്തിനാണു കണ്ണട വച്ചിരിക്കുന്നതു്. കണ്ണിനു വല്ല കേടുമുണ്ടോ.?

ഉണ്ടു്, സ്വല്പമുണ്ടു്. ഇന്നു ദീനസ്ഥിതി എങ്ങിനെ ഇരിക്കുന്നു എന്നിങ്ങനെ വിഷയം മാററുവാൻ അവൾ ഒരു ചോദ്യം ചെയ്തു.

മേഘമാല ഉടനെ അവിടെ എത്തി.

മഹാലക്ഷ്മി:— അനന്തനു എങ്ങിനെയിരിക്കുന്നു.

മേഘമാല.— "പനി കൂടുതലാണു്."

ഡാക്ടർ:— ദിവസവും കൂടി വരികയാണൊ?.

മേഘമാല:- അതെ. അനവധി മരുന്നു കഴിച്ചു. ഒരു ഫലവും കാണ്മാനില്ല.

ഡാക്ടർ:- ദേശമൊന്നു മാറട്ടെ. ഇങ്ങിനെയുള്ള ദീനത്തിനു നല്ല ചികിത്സ ഇതാണ്. പട്ടണവാസം നന്നല്ല. അമ്മെ നിങ്ങൾക്കും നല്ലതു ഇവിടം വിടുകയാണ്.

മഹാലക്ഷ്മി:- എൻെറ കാൎയ്യം സാരമില്ല. കുട്ടിയുടെ ദീനസ്ഥിതി കേട്ടപ്പോൾ എൻെറ നല്ല ആത്മാവു പോയി. ഞാൻ ചത്താലും കഴിഞ്ഞു. എനിക്കവനൊരുത്തനെ ഒരു പിള്ളയൊള്ളു.

വേലക്കാരിയായ വൃദ്ധ:- ഒരു ചെറിയ കുട്ടി നിങ്ങളെ കാണാൻ ആവശ്യപ്പെടുന്നു എന്നു് ഡാക്ടറോടു പറഞ്ഞു.

ഡാക്ടർ വേഗം എഴുന്നേററു:- ഞാനിപ്പോൾ പോകുന്നു. നാളെ രാവിലെ നഴ്സിനെ അയക്കാം,

മഹാലക്ഷ്മി:- ആ കുട്ടിയേതാ, നിങ്ങൾ കല്യാണം കഴിച്ചിട്ടില്ലെന്നല്ലെ പറഞ്ഞതു്.

ആ യുവതി തല്ക്കാലം ഒന്നു വിഷമിച്ചു. ഒടുവിൽ ഇങ്ങിനെ പറഞ്ഞു: ഒ, അതൊ, ഞാൻ വളൎത്തുന്ന ഒരു കുട്ടിയാണ്.

മഹാലക്ഷ്മി:- ഈ വകക്കാരെ വിശ്വസിച്ചുകൂട എന്നു പതുക്കെ പറഞ്ഞു.

അനന്തനു് ഒരു സുഖവുമില്ല. അദ്ദേഹത്തിൻെറ ഡാക്ടരും ദേശം മാറാൻ പറയുന്നു.

അനന്തൻെറ ഹൃദയാസ്വാസ്ഥ്യം ആണ് ഇതിനു കാരണം എന്നു അയാൾക്കറിയാം. പക്ഷെ നിവൃത്തിയൊന്നുമില്ല. മരണത്തോടടുക്കുന്ന വേളയിൽപോലും അദ്ദേഹത്തിൻെറ അപുത്രത്വത്തെ മറക്കാൻ സാധിക്കുന്നില്ല.

ഇങ്ങിനെ ഓരോന്നു വിചാരിച്ചു കിടന്നപ്പോൾ മേഘമാല വന്നു:- നിങ്ങളെ അമ്മയുടെ മുറിയിലേക്കു കൊണ്ടുചെല്ലണമെന്നു് അവർ പറയുന്നു. ആ മുറിയാണു കിടക്കാൻ നല്ലതു്. അവൎക്കു സുഖമായി.

അനന്തൻ ഒന്നിനും എതിർപറയാനൊരുങ്ങിയില്ല.

കൊള്ളാം അങ്ങിനെയാകട്ടെ. കൂലിക്കാരെ വരുത്തി സാധനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും മാററി.

അടുത്ത രാവിലെ മേഘമാല അനന്തനു് ആഹാരം തയാറാക്കുന്നു.

അനന്തൻ തനിക്ക് ഇനി ശേഷിപ്പുള്ള കുറച്ചുദിവസങ്ങളെക്കുറിച്ചുമാത്രം ചിന്തിച്ചു കിടപ്പാണ്. രോഗശയ്യയിൽ കിടക്കുന്ന മാതാവിനേയും ഭാര്യയേയും ആരാണു രക്ഷിക്കുന്നത്.

ഉടനെ ഒരു പാദന്യാസംകേട്ട് അനന്തൻ തലപൊക്കി നോക്കി. അവൻ ഇപ്പോൾ കാണുന്നത് ഒരു സ്വപ്നമായിരുന്നില്ല.

ഒരു യുവതി അകത്തേക്ക് കടന്നുവരുന്നു. ശയ്യാവലംബിയായ സ്വരൂപത്തെ കണ്ട മാത്രയിൽ അവളുമൊന്നു ഞെട്ടി.

നിങ്ങളുടെ അമ്മയായിരുന്നില്ലേ ഇവിടെ കിടന്നിരുന്നത് എന്നവൾ ചോദിച്ചു.

അനന്തൻ:- അതെ, ഇന്നലെ വൈകീട്ടു ഞങ്ങൾ മുറിയൊന്നു മാറി. നിങ്ങളാരാ, നിങ്ങൾ ലളിതയാണോ?. ഇത് ഒരു വെറും വ്യാമോഹമാണോ.?

ആ യുവതി അവളുടെ കണ്ണുകളെ മൂടിയിരുന്ന ആച്ഛാദനം എടുത്ത് ഇങ്ങിനെ പറഞ്ഞു:- അതെ, ഇവളെ ഒരിക്കൽ ലളിത എന്നു വിളിച്ചിരുന്നു. പക്ഷെ ഇപ്പോൾ ഞാൻ ലതികമിത്രയാണ്. ഒരു ഡാക്ടർ ആണ്. നിങ്ങളുടെ അമ്മ എവിടെ. എനിക്ക് അവിടെപ്പോയി അവരെ കാണണം.

അനന്തൻ:- അമ്മ നിങ്ങളെ കണ്ടിട്ടറിഞ്ഞില്ലല്ലൊ. അത്ഭുതം!.

ലളിത:- അവർ എങ്ങിനെ അറിയും. അന്നൊന്നും അവർ എന്റെ മുഖത്തു നോക്കീട്ടുണ്ടോ.? ഞാൻ നിങ്ങളുടെ വീട്ടിൽ വന്ന അന്ന് ഒന്നു നോക്കി. പിന്നെ എന്നെ ശകാരിക്കയെ ഉണ്ടായിട്ടുള്ളൂ. ഇപ്പോൾ കൊല്ലം പത്തായില്ലെ. ഛായയും മാറും. പിന്നെ ഞാൻ ഈ കണ്ണടയും വച്ചിട്ടുണ്ട്.

ഉടനെ ഒരു കുട്ടി പെട്ടെന്ന് ആ മുറിയിലേക്കു ഓടിക്കയറി. അമ്മേ എന്തൊരു മറവിയാണിത്? നിങ്ങൾ ഈ ബാഗ് അവിടെവച്ചു മറന്നില്ലെ.? ലളിത ബാഗ് അവന്റെ കൈയ്യിൽനിന്നു വേഗം വാങ്ങി. നീയൊരു വികൃതിയാണ്. നിന്നോട് ഇങ്ങോട്ടുവരുവാൻ ആരുപറഞ്ഞു. വേഗം പൊയ്ക്കോളൂ.

അനന്തൻ:- അവനവിടെ നില്ക്കട്ടെ. എനിക്കവനെ ഒന്നു നല്ലപോലെ കാണണം. ലളിതെ, ഈ കുട്ടി ആരുടേതാണ്.

ലളിത ജാലകത്തിൽ കൂടി വെളിയിലേക്കു നോക്കി. ഉത്തരം പറവാൻ ശക്തയായില്ല.

അനന്തൻ പിടഞ്ഞെഴുന്നേററ് അവളുടെ സമീപത്തു ചെന്നു. അയ്യോ അവനെ നീയിത്രനാളും ഒളിച്ചുവച്ചതെന്തിന്. ഒരു ശിശുവിൻെറ അഭാവത്തിൽ എൻെറ ജീവിതം ശൂന്യമെന്നു നീയറിഞ്ഞില്ലെ. എനിക്കു മരിക്കാനൊരുങ്ങുന്ന അവസരത്തിലും മനസ്സമാധാനമില്ലല്ലൊ.

ലളിത:- ഒരു ജീവിയുടെ ജീവിതം നിഷ്ഫലമാക്കിയതു് നിങ്ങൾ രണ്ടാമതു ഓത്തില്ലല്ലൊ.

ഞാൻ വേണ്ടിടത്തോളം ശിക്ഷിതനായി. എന്നിൽ ദയ തോന്നണെ എന്നു ഞാൻ അപേക്ഷിക്കുന്നു. ആ കുഞ്ഞിനെ ഇങ്ങോട്ടു തരു.

ലളിത ധൈൎയ്യം അവലംബിച്ചു:- ഈ കുട്ടി നിങ്ങളുടെയാണെന്നു് ആരു പറഞ്ഞു. മാതൃഹീനയായ ഒരു ശിശുവിനെ ഞാൻ വളൎത്തുകയാണ്.

അനന്തൻ:- ഇങ്ങിനെ പറയരുതെ. എന്നെ ശകാരിച്ചതു മതി. ഞാൻ അതിനു പാത്രംതന്നെ. ഇങ്ങിനെ കളവു പറയരുതെ.

ലളിത:- കളവായിരിക്കും, നിങ്ങൾ അതെങ്ങിനെ തെളിയിക്കും.

ഇത്രയും പറഞ്ഞു് കുട്ടിയുടെ കൈക്കുപിടിച്ചു ലളിത മുറിയിൽനിന്നു് ഇറങ്ങിപ്പോയി.

# അദ്ധ്യാപകസമാജം.

(സി. ജി. അനന്തൻപിള്ള ബി. എ.)

ഇതു് സമാജങ്ങളുടെ കാലമാണല്ലൊ. ലോകത്തിൽ എവിടെയും ഇന്നു് ഓരോ സമുദായക്കാരും തൊഴിൽക്കാരും സമാജങ്ങൾ കൂടി അവരുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിനും അഭിവൃദ്ധിമാൎഗ്ഗങ്ങളെ നിൎദ്ദേശിക്കുന്നതിനും മററും പദ്ധതികൾ രൂപവൽക്കരിക്കുന്നതു കാണാവുന്നതാണ്. സമാജങ്ങൾക്കു് കൂടുതൽ പ്രധാന്യം കല്പിച്ചുതുടങ്ങിയതോടുകൂടി വ്യക്തിമാഹാത്മ്യത്തിന് ഇടിവു തട്ടിത്തുടങ്ങിയിട്ടുണ്ടെന്നു് അഭിപ്രായപ്പെടുന്നവർ ധാരാളമുണ്ടു്. സമാജപരമായി പ്രവൃത്തിക്കുന്നതു് വ്യക്തിമാഹാത്മ്യത്തെ ഹനിക്കുന്നു എന്നും, വ്യക്തികളുടെ വളൎച്ചക്കു് വ്യക്തിപരമായ പ്രവൃത്തി ആവശ്യമാണെന്നും ആണു് ഇവർ പറയുന്നതിൻെറ സാരം. സമാജപര

മായ പ്രവൃത്തികൊണ്ട് വ്യക്തിമാഹാത്മ്യത്തിന് ലോപം സംഭവിക്കുന്നു എന്ന് സമ്മതിക്കാതെ തരമില്ലെങ്കിലും, അതിന് ഒരു പ്രത്യേകശക്തിയുണ്ടെന്നുള്ളതു നിർവ്വിവാദമാണ്. വ്യക്തിപരമായ പ്രവൃത്തിയുടെ ഫലം സമാജപരമായ പ്രവൃത്തിയുടെ ഫലത്തെപ്പോലെ എല്ലായ്പ്പോഴും ഉടനെ ലഭിക്കുമെന്നു തോന്നുന്നില്ല. എന്നാൽ ഇക്കാര്യത്തെ സംബന്ധിച്ച് ഇങ്ങിനെ ഭിന്നാഭിപ്രായങ്ങൾ ഉണ്ടെങ്കിലും, അഭിവൃദ്ധിപ്രാപിച്ചിട്ടുള്ള രാജ്യങ്ങളിൽ പോലും അവിടത്തെ സമുദായങ്ങളും, തൊഴിൽക്കാരും സമാജങ്ങൾ രൂപവൽക്കരിച്ച് പ്രവൃത്തിപഥത്തിൽ ചരിക്കുന്നതു കാണാം. ഇംഗ്ലീഷുജനതയുടെ വിജയംതന്നെ 'കമ്പനി'യെ ആശ്രയിച്ചാണല്ലൊ ഇരിക്കുന്നതു്. ഇന്ന് ഇൻഡ്യയിലും സമാജങ്ങൾക്ക് ഒരു കുറവുമില്ല. ഹിന്ദുസമാജം, ക്രൈസ്തവസമാജം, മഹമ്മദീയസമാജം, തൊഴിലാളിസമാജം, മലയാളിസമാജം, ഈഴവസമാജം മുതലായവകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതുകൊണ്ട്, അവയെ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന് പത്രപരിധി അനുവദിക്കാതെ, കുഴങ്ങി പ്രവർത്തകന്മാരുടെ വിരോധം മിയ്ക്ക പത്രങ്ങൾക്കും സമ്പാദിക്കേണ്ടി വന്നിരിക്കുന്നു. സമാജങ്ങളുടെ കാര്യത്തിൽ എന്തു അഭിവൃദ്ധിയാണുണ്ടായിട്ടുള്ളതെന്ന് നോക്കുക.! നമ്മുടെ തലസ്ഥാനനഗരിയായ തിരുവനന്തപുരത്തുതന്നെ പുത്തൻകച്ചേരിമൈതാനത്ത് ഓരോ ആഴ്ചയിലും എത്രയെത്ര യോഗങ്ങൾ നടക്കുന്നുണ്ട്.

സമാജപരമായിട്ടുള്ള പ്രവൃത്തിക്കാണ് കൂടുതൽ മാഹാത്മ്യമെന്നു മനസ്സിലാക്കിയിട്ടോ എന്തൊ, അദ്ധ്യാപകലോകത്തിലും പല സമാജങ്ങളും കാണുന്നുണ്ട്. സംഘടനാബലവും അധികാരശീലവുമുള്ള അദ്ധ്യാപകസമാജങ്ങൾ പാശ്ചാത്യരാജ്യങ്ങളിലാണ് സുലഭമായിക്കാണുന്നതു്. അവക്ക് അവിടത്തെ വിദ്യാഭ്യാസനിയന്ത്രണത്തിൽ ഒരു വലിയ പങ്കുമുണ്ട്. അഖിലഭാരതഅദ്ധ്യാപകസംഘം, അഖിലഏഷ്യാവിദ്യാഭ്യാസസമാജം മുതലായവ ഇന്നു ലോകപ്രസിദ്ധങ്ങളാണ്. നമ്മുടെ അയൽദേശമായ കൊച്ചിയിലും ഒരു അദ്ധ്യാപകസമാജം നടക്കുന്നുണ്ട്. ആ സംഘത്തിന്റെ രക്ഷിതാവ് വിദ്യാഭ്യാസഡയറക്ടരാണെന്നു മാത്രമല്ല, അതിനു ഗവമ്മെൻറ് സഹായവും ലഭിക്കുന്നുണ്ടെന്നു തോന്നുന്നു. എന്നാൽ വിദ്യാഭ്യാസത്തിൽ മുന്നണിയിൽ നില്ക്കുന്ന എന്ന് സ്വയം അഭിമാനിക്കുന്ന തിരുവിതാംകൂറിൽ യഥാർത്ഥത്തിൽ ഒരു അദ്ധ്യാപകസമാജം ഇല്ലെന്നുള്ളതു് ശോചനീയം തന്നെയാണ്. ഇംഗ്ലീഷുസ്കൂൾ അദ്ധ്യാപകന്മാരുടെ ഒരു യോഗം തിരുവനന്തപുരത്തുവച്ച് ചിലപ്പോഴെല്ലാം കൂടാറുണ്ട്. ആ സമാജംകൊണ്ട് തിരുവിതാംകൂറിലെ അദ്ധ്യാപകന്മാർക്ക് പൊതുവേയൊ വിദ്യാഭ്യാസത്തിനു പ്രത്യേകിച്ചൊ പറയത്തക്ക ഫലമൊന്നുമുണ്ടാകുന്നുണ്ടെന്നു തോന്നുന്നില്ല. തിരുവിതാംകൂറിലെ വിദ്യാഭ്യാസത്തിൽ ഒരു പ്രധാനഭാഗം വഹിക്കുന്ന മലയാ

ളും സ്കൂൾ അദ്ധ്യാപകന്മാർ യാതൊരു സംഘടനയൊ, ശക്തിയൊ ഇല്ലാതെ നിൎജ്ജീവാവസ്ഥയിൽ കഴിഞ്ഞുകൂടുന്നതു് ആക്ഷേപാൎഹമാണു്. വിദ്യാഭ്യാസസംബന്ധമായ കാൎയ്യങ്ങളെക്കുറിച്ചു് വിമൎശിക്കുവാനും, അഭിപ്രായം പുറപ്പെടുവിക്കുവാനും പ്രവൎത്തിക്കുവാനും കൂടുതൽ യോഗ്യതയും സ്ഥാനവും അദ്ധ്യാപകന്മാൎക്കാണല്ലൊ ഉള്ളതു്.

തിരുവിതാംകൂറിലെ മലയാളംസ്കൂൾ അദ്ധ്യാപകന്മാരുടെ ഒരു യോഗം 4 കൊല്ലത്തോളം കൂടിയിരുന്നു. ഒന്നാമത്തെ യോഗം കൂടിയപ്പോൾ തന്നെ പലപ്രധാന പ്രമേയങ്ങളും ചിന്താവിഷയമാക്കിയിരുന്നു. അതിപ്രധാനമായിട്ടുള്ള ശമ്പളക്കാൎയ്യത്തിനു് അന്നു അദ്ധ്യാപകന്മാർ ഒപ്പിട്ട ഒരു 'മഹാമെമ്മോറിയൽ' തന്നെ ഗവൎമ്മെന്റിലേക്കയക്കുക ഉണ്ടായി. അതിൽ പിന്നെയും അദ്ധ്യാപകന്മാരുടെ മഹായോഗങ്ങൾ കൂടി അവരുടെ അഭിവൃദ്ധിമാൎഗ്ഗങ്ങളെ കുറിച്ചു് ആലോചിക്കാറുണ്ടായിരുന്നു. അവരുടെ ശമ്പളക്കൂട്ടലിനു് നാടുതോറും നടന്നു പൗരന്മാരുടെ അഭിപ്രായം പ്രതിദ്ധ്വനിപ്പിക്കുന്നതിനായി സഞ്ചാരസെക്രട്ടറിമാരെ അയക്കയും ഉണ്ടായിട്ടുണ്ടു്. ചുരുക്കിപ്പറയുന്നതായാൽ ആ മഹായോഗം നാലുകൊല്ലമെ നടന്നുള്ളു എങ്കിലും ആ സമാജശിശുവിന്റെ ശക്തിയിൽ കവിഞ്ഞു് അദ്ധ്യാപകന്മാൎക്കു ഫലം നൽകിയിട്ടുണ്ടു്. എന്നുതന്നെയല്ല ഈ 'ഗുരുനാഥൻ' മാസിക അന്നത്തെ അദ്ധ്യാപകയോഗത്തിന്റെ ഒരു സൽഫലമല്ലെ.? അന്നു സമാജം കൂടാറുള്ളപ്പോൾ അധികാരികളുടെ കോപത്തെ ഭയന്നു് പലരും ഹാജരാകാതിരുന്നിട്ടുണ്ടു്. നാലാമത്തെ യോഗം ചെങ്ങന്നൂർവെച്ചു് നടക്കേണ്ടതായിരുന്നു. ചെങ്ങന്നൂർ അദ്ധ്യാപകന്മാരുടെ ഒരു നല്ല കേന്ദ്രവുമാണല്ലൊ. തിരുവല്ലായിലെ 'ഓട്ടിങ്ങ് ബഹളം' മൂലം ഉണ്ടായ വൎഗ്ഗീയവഴക്കുകൊണ്ടു് അവിടെ അക്കൊല്ലം സമാജം വേണ്ടെന്നാണു് പ്രമാണികളായ അവിടത്തെ അദ്ധ്യാപകന്മാർ നിശ്ചയിച്ചതു്. പിന്നെ ഉണ്ടായിരുന്ന അല്പദിവസത്തിനിടയിലാണല്ലൊ ഏറ്റുമാനൂർ യോഗം കൂടിയതു്. അതിനു വേണ്ടിടത്തോളം ഒരുക്കങ്ങൾ ചെയ്യാൻ സാധിച്ചില്ല. പൂജ്യനായ ഒരു പ്രസിഡണ്ടിനെപ്പോലും അന്നു ലഭിച്ചില്ലെന്നു് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. അന്നത്തെ പ്രസിഡണ്ടു് അന്നു കുറെ അധികം പ്രസംഗിച്ചിട്ടു് പിന്നെ മിണ്ടാതിരുന്ന ഒരാളാണു്. അന്നു് ന്യൂൽന്യൂല്ക്കാരും, ഇപ്പോഴത്തെ ശമ്പളക്കൂട്ടൽ തൃപ്തികരമല്ലാത്തതുകൊണ്ടു് അതു തുടങ്ങുന്ന ദിവസം ദൈവത്തെ പ്രാൎത്ഥിക്കാനും മറ്റും ചില പ്രമേയങ്ങൾ ഉണ്ടായിരുന്നു. ആ വക പ്രമേയങ്ങളും പ്രസിഡണ്ടിന്റെ അതിരുകടന്ന പ്രസംഗവുമായിരുന്നു അത്രെ അന്നു് ഒട്ടനേകം അദ്ധ്യാപകന്മാരെ ശിക്ഷിക്കാൻ കാരണം. 'കൊല്ലുന്ന രാജാവിനു് തിന്നുന്ന മന്ത്രിയെന്നോണം' അന്നത്തെ ദിവാൻജിയുടെ നേത്രങ്ങൾ ചുകന്നപ്പോൾ സുബ്രഹ്മണ്യശാസ്ത്രികൾ (ചീഫ് ഇൻസ്പെക്ടർ) ബ്ര

ഷമാസ്ത്രം പ്രയോഗിക്കയാണുണ്ടായത്. സ്വതേതന്നെ അശക്തനും, ഹൃദയവിശാലതയില്ലാത്തവനും, പരോൽകർഷത്തിൽ അസഹിഷ്ണുവും, ഒരിക്കലും പ്രസാദിക്കാത്ത മുഖത്തോടു കൂടിയവനും ആയ ശാസ്ത്രികൾക്ക് ആട്ടിൻപററങ്ങളെപ്പോലെ താൻ മാടിവന്നിരുന്ന അദ്ധ്യാപകന്മാർ ഇങ്ങനെ ശബ്ദം പുറപ്പെടുവിച്ചതിൽ വലിയ കോപം ഉണ്ടായി. വളരെപ്പേരെ ശിക്ഷിച്ചു.

ഈ സംഭവത്തോടുകൂടി അദ്ധ്യാപകന്മാർ പൊത്തിൽ ഒളിച്ചുതുടങ്ങി. മുന്നോട്ടിറങ്ങി പ്രവൃത്തിക്കുന്നതിനുള്ള കാര്യത്രാണിയൊ ധൈര്യമൊ അവർക്കില്ലാതായി. നല്ല സംഘടനാബലമുള്ള ഒരു അദ്ധ്യാപകയോഗം രൂപവൽക്കരിച്ച്, വിദ്യാഭ്യാസവിഷയത്തിൽ ഇവർ മുന്നിട്ടിറങ്ങി പ്രവൎത്തിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. വിദ്യാഭ്യാസവിഷയം സംബന്ധമായി പ്രവൎത്തിക്കുന്നതിന് ഇവരെക്കാൾ കൂടുതൽ യോഗ്യതയൊ അധികാരമൊ ഉള്ളവരായി വേറെ ആരും ഉണ്ടെന്നു തോന്നുന്നില്ല.

അദ്ധ്യാപകസമാജത്തിന് വിദ്യാഭ്യാസപരിഷ്കാരങ്ങൾ നിർദ്ദേശിക്കുക, പാഠപദ്ധതി രൂപവൽക്കരിക്കുക, പാഠപുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിനെപ്പററി അഭിപ്രായം പുറപ്പെടുവിക്കുക, പുതിയ അദ്ധ്യാപനരീതികൾ പരിശോധിക്കുക എന്നിവയ്ക്കു പുറമെ മററുപല മഹൽകാര്യങ്ങളും നിറവേററാനുണ്ട്. അദ്ധ്യാപകന്മാർ ധാരാളമുണ്ടെങ്കിലും, അവർതമ്മിൽ കാണുന്നതിനൊ, പരസ്പരം പരിചയപ്പെടുന്നതിനൊ അവസരം ലഭിക്കുന്നില്ല. അദ്ധ്യാപകസമാജം ഇതിനുള്ള സന്ദർഭം നൽകുന്നതാണ്. ഈ സമാജം ഓരോ സ്ഥലത്തുവച്ചു കൂടുന്നതായാൽ, അദ്ധ്യാപകന്മാൎക്ക് അതാതു സ്ഥലത്തെപ്പററിയുള്ള ചരിത്രവും, ജനങ്ങളുടെ ആചാരനടപടികളും മനസ്സിലാക്കുവാൻ കഴിയുന്നതാണ്. അതോടുകൂടി ജ്ഞാനദീപം കൊളുത്തി അജ്ഞാനാന്ധകാരത്തെ നീക്കുന്നതിനും അന്ധവിശ്വാസങ്ങളെ അകററുന്നതിനും സമുദായസേവനം ചെയ്യുന്നതിനും സാധിക്കുന്നു. എന്നു മാത്രമല്ല, വിദ്യാഭ്യാസത്തിൽ സഞ്ചാരത്തിന് ഒരു പ്രധാനസ്ഥാനം ഇന്നു നൽകിക്കാണുന്നുണ്ട്. പാശ്ചാത്യരാജ്യങ്ങളിൽ ഒരു യുവാവ് വിദ്യാഭ്യാസപരമായ ഒരു സഞ്ചാരം നടത്താതെ അയാളുടെ വിദ്യാഭ്യാസം പൂർണ്ണമായെന്നു കരുതുന്നതല്ല. എന്നാൽ നമ്മുടെ രാജ്യത്തിൽ ഈ ഏർപ്പാടില്ലെന്നുതന്നെ പറയാം. നമ്മുടെ ദയനീയമായ ധനസ്ഥിതിയാണ് അതിനു പ്രതിബന്ധമായി നില്ക്കുന്നത്. ധനസ്ഥിതിയുള്ളവൎക്ക് അതിലാശയുമില്ല, അവർ അതു ചെയ്യുന്നുമില്ല. സഞ്ചാരത്തിൻെറ വിദ്യാഭ്യാസപരമായ വില നമ്മുടെ നാട്ടുകാർ മനസ്സിലാക്കിയിട്ടില്ലെന്നുവേണം വിചാരിക്കുവാൻ. അദ്ധ്യാപകസമാജംകൊണ്ട് ആ തൊഴിൽക്കാൎക്കു സഞ്ചാരത്തിനുള്ള അവസരം ലഭിക്കുന്നതാണ്. ദീർഘകാലം ഒരേതരത്തിലുള്ള ജോലിചെയ്തു മുഷി

ഞ്ഞിട്ടുള്ള അദ്ധ്യാപകവൎഗ്ഗത്തിന് ഈ സഞ്ചാരം ആനന്ദം നൾകുന്നതാണ്. അദ്ധ്യാപകസമാജം ഒരേ സമയത്ത് ഇങ്ങിനെ വിജ്ഞാനവും വിനോദവും നൾകുന്നു. അദ്ധ്യാപകസമാജത്തോടു ചേൎന്ന് കലാപ്രദൎശനങ്ങൾ നടത്താവുന്നതും നമ്മുടെ കലകൾക്ക് അഭിവൃദ്ധിയുണ്ടാകുന്നതുമാകുന്നു. സമാജങ്ങളെ തുടൎന്ന് സാമുദായികമായും രാഷ്ട്രീയമായും ഉള്ള അവശതകളെ മാററുന്നതിന് നല്ലനല്ല പ്രഹസനങ്ങൾ അഭിനയിക്കാവുന്നതാണ്. ഇപ്രകാരം അദ്ധ്യാപകന്മാൎക്കും നാട്ടിന്നും പ്രയോജനകരമായ അദ്ധ്യാപകസമാജങ്ങൾ വേണ്ടവിധം ഏൎപ്പെടുത്തുന്ന വിഷയത്തിൽ അദ്ധ്യാപകന്മാരുടെ അടിയന്തിരമായ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു ഈ ലേഖനം അവസാനിപ്പിച്ചുകൊള്ളുന്നു.

# മഹദ്വാക്യങ്ങൾ.

## മൌനം.

1. ഒരിക്കലും ചതിക്കാത്ത മിത്രം മൌനമാണ്.
2. നിന്റെ ഹൃദയം ഒരു ജിഹ്വക്കും വിഷയമാകരുത്.
3. വിവേകത്തിന്റെ പ്രതിഷ്ഠ മൌനത്തിലാണ്.
4. മൌനം വാക്കിനേക്കാൾ ദ്രുതഗതിയുള്ളതത്രെ.
5. ആപത്തുകാലത്തു മൌനം സുരക്ഷിതമാണ്.
6. മഹാന്മാർ ദുരന്തങ്ങളെ മൌനമായി അനുഭവിക്കുന്നു.
7. മൌനം സത്യത്തിന്റെ മാതാവാണ്.
8. മൌനം ഇന്നുവരെ ആരേയും ചതിച്ചിട്ടില്ല.
9. ഉചിതഭാഷണം ചെയ്കയൊ ബുദ്ധിപൂൎവ്വം മൌനം ദീക്ഷിക്കയൊ ചെയ്ക.
10. ആഴം കുറഞ്ഞ അരുവിയിൽ മൎമ്മരശബ്ദം കേൾക്കാം. ആഴമേറിയാൽ മൌനമായി പ്രവഹിക്കയും ചെയ്യും.
11. മററുള്ളവരുടെ അപൂൎണ്ണത അറിയാനും സ്വന്തത്തെ മറയ്ക്കാനും

മൌനംകൊണ്ടു സാധിക്കാം.

12. ജനങ്ങളുടെ മൌനം രാജാവിന്റെ പാഠമത്രെ

13. അവളുടെ പൂർണ്ണാശയം—അതിന്റെ വിശദീകരണം—മൌനം അവളുടെ കപോലത്തിൽ മുദ്രണം ചെയ്യു.

14. എറുമ്പോളം ഉപദേശം നൽകുന്നവരാരുമില്ല. അതു മൌനിയുമാണു്.

15. ഉത്തമയായ യാചകൻ രണ്ടുവിധത്തിൽ ദയക്കു പാത്രീഭവിക്കും.

16. മൌനം കുറഞ്ഞ തോതിൽ ഒരു സൽഗുണമാണു്. എങ്കിലും രഹസ്യങ്ങളെ പരസ്യംചെയ്യുന്നതു മഹാ അപരാധമാണു്.

17. ആശയവിശദീകരണത്തിനു് സ്ത്രീകൾക്കു സിദ്ധിച്ചിട്ടുള്ള ഒരു പ്രത്യേകാനുഗ്രഹമത്രെ മൌനം.

18. ജീവിതക്ലേശം മൌനം അഭ്യസിപ്പിക്കുന്ന ഒരു ഉത്തമഗുരുവാണു്.

19. ദൃഢപ്രതീകാരത്തിന്റെ പുത്രിയെന്നു് ഗാഢമൌനത്തെപറയാം.

20. ഒരു സ്ത്രീയുടെ മൌനം പ്രകൃതിസിദ്ധമെന്നു വിചാരിക്കുന്നുവോ.?

21. വാസ്തവമൌനം മനസ്സിന്റെ വിശ്രമമാണു്. ഉറക്കം ശരീരത്തിനു വിശ്രമവും പോഷണവുമെന്നപോലെ മൌനം ആത്മസുഖത്തിനും ഉതകിയതാണു്. ഇതു് ഒരു സദാചാരം തന്നെ. അപരാധങ്ങളെ മറക്കുന്നു. രഹസ്യങ്ങളെ സംരക്ഷിക്കുന്നു. കലഹങ്ങളെ ഒഴിക്കുന്നു. പാപത്തെ തടയുന്നു.

22. സകലത്തേയും പ്രതിപാദിക്കുന്നതും നാവിനേക്കാൾ മുഖരിതമായി പ്രഖ്യാപനം ചെയ്യുന്നതും പ്രേമസന്തതിയായ മൌനമാണു്.

23. ഔദ്ധത്യം, അസൂയ, നീചത്വം എന്നിവയിൽ നിന്നുത്ഭവിക്കുന്ന സകല പ്രതിഷേധങ്ങൾക്കും മൌനം ഉചിതമായ മറുപടിയാണു്.

24. ജിഹ്വയെ ഭരിക്കുന്നിടത്തോളം അത്ര വിഷമം മറെറാന്നിനുമില്ല. അധികം കേൾക്കുക, കുറച്ചു പറക, ലോകത്തിൽ വലിയ നന്മയും വലിയ തിന്മയും നാവുകൊണ്ടാണുണ്ടായിട്ടുള്ളതു്.

25. സംസാരിക്കുന്നതിനു് ഒരു ഇന്ദ്രിയവും കേൾക്കുന്നതിനു് രണ്ടിന്ദ്രിയവും പ്രകൃതിദത്തമായി നമുക്കു് സിദ്ധിച്ചിരിക്കുന്നു. സംസാരിക്കുന്നതിനേക്കാൾ കേൾക്കുന്നതാണു് അധികം നല്ലതെന്നു നാം പഠിക്കേണ്ടതാണു്.

26. മൌനമായിരിക്കാൻ കഴിയാത്തവനു സംസാരിക്കാൻ അറിഞ്ഞുകൂടാ. സാമർത്ഥ്യത്തോടും നിശ്ചയാത്മമായും പ്രവർത്തിക്കുന്നതിന് അത്രപോലുമറിഞ്ഞുകൂടാ. കാര്യങ്ങളുടെ അറുതിയെത്തുവാൻ മൌനം നന്ന് ഉച്ചഭാഷണം മച്ചിയാണ്.

## * പ്രണയശൃംഖല.

(പണ്ഡിതർ, ആർ. സി. ശർമ്മാ)

എന്തുകൊണ്ടതുകൊണ്ടെൻെറഹൃദന്തത്തെ
കാന്ത! നീ ബന്ധിച്ചുവെച്ചിരിപ്പൂ?
ആവതി,ല്ലാവതില്ലായതുപൊട്ടിച്ചു
പോവതിന്നെന്തൊരുബന്ധദാർഢ്യം!
ഗ്രന്ഥമാമീവിലങ്ങെത്രയുമത്ഭുതം
ഗാഢം, സുദൃഢം, നിതാന്തലോലം.
ആരുതാനാരുതാൻപാരിൽകൊതിക്കയി-
ല്ലീമൃദുകാരാഗൃഹാധിവാസം?
എങ്ങോഞാൻപോവതിനായ് തുനിഞ്ഞീടിലും
നീങ്ങുന്നതില്ലെൻെറകാലടികൾ,
അങ്ങടനച്ചെറുചങ്ങലയെൻചര-
ണങ്ങളെപ്പിന്നോട്ടിഴത്തിടുന്നു.
ഘോരവിരഹത്തിൻക്രൂരസ്മൃതികളാൽ
പാരംതപിച്ചിട്ടുന്നേരമെല്ലാം
ഭംഗിയിലോതുന്നസാന്ത്വനംഹൃത്തിലി
ശൃംഖലതൻമഞ്ജുശിഞ്ജിതങ്ങൾ.
അപ്പൊഴുതാസ്മൃതിയസ്സുസമ്മിലനത്തിൻ
ദീപ്രമാംമന്ദഹാസത്തിനുള്ളിൽ
സുപ്രസന്നാനന്ദചുംബനപാശത്തിൽ-
ക്ഷിപ്രംപോയ് പാടേമറഞ്ഞിടുന്നു.

* ബംഗാളിയിൽനിന്ന്

# കുട്ടികൾ ഉള്ളിലുള്ളതു പറയട്ടെ.

[ബർട്രാണ്ട് റസ്സലിൻെറ ലേഖനത്തിൻെറ സാരം]

ലിബറൽകക്ഷിക്കാരുടെ മുദ്രാവാക്യത്തിലാണു് ഞാൻ വളൎന്നതു്. ആ വാക്യങ്ങളിൽ പ്രധാനമായ ഒന്നു് സംസാരസ്വാതന്ത്ര്യമായിരുന്നു. അക്കാലത്തെ എല്ലാ സ്വാതന്ത്ര്യങ്ങൾക്കും ഉള്ള മാതിരി ഇതിന്നും കുറെ പിടുത്തം ഉണ്ടായിരുന്നു. 'മുതിൎന്നവൎക്കു സ്വാതന്ത്ര്യം ഉണ്ടു്. അതു കിട്ടുന്നതു "മിണ്ടരുതു്! മിണ്ടരുതു്!" എന്നു മുതിൎന്നവർ വിലക്കുന്നതു് 21 കൊല്ലത്തോളം കേട്ടശേഷമാണു്. ഇതുകൊണ്ടു് തടസ്സമില്ലാത്ത സ്വാതന്ത്ര്യമില്ലെന്നു വരുന്നു. നമുക്കു് ഇപ്പോൾ നമ്മുടെ പൂൎവ്വീകരുടെ മാതിരി രാജിയാകൽ സാധ്യമല്ല. ഇപ്പോൾ പലരും സംസാരസ്വാതന്ത്ര്യത്തിൽ വിശ്വസിക്കാതായിരിക്കുന്നു. അതിൽ വിശ്വസിക്കുന്നവരായ എന്നെപ്പോലെയുള്ളവർ അതു് കുട്ടികൾക്കുമാകാമെന്നു വിശ്വസിക്കുന്നു.

ബീക്കൺഹിൽ സ്കൂളിൽ ഞാനും ഭാൎയ്യയും ഞങ്ങളുടെ വിദ്യാഭ്യാസതത്വങ്ങൾ പ്രയോഗത്തിലാക്കിവരുന്നു. ഇതു തുടങ്ങീട്ടു് നാലു കൊല്ലമായി. ഞങ്ങളുടെ കുട്ടികൾക്കു് പൂൎണ്ണസ്വാതന്ത്ര്യമാണെന്നു പത്രക്കാർ റിപ്പോൎട്ടു ചെയ്തിട്ടുള്ളതു് നേരല്ല, എങ്കിലും അവൎക്കു സംസാരസ്വാതന്ത്ര്യമുണ്ടു്. "അതു പറയരുതു്" എന്നു് ഒരു കുട്ടിയോടും ഒരിക്കലും പറയുകയില്ല. ഈ നയം നടപ്പിലാക്കി എന്നു വിശ്വസിക്കുന്ന പലരേയും ഞാൻ കണ്ടിട്ടുണ്ടു്. പക്ഷെ അവർ സ്വയം വഞ്ചിതന്മാരാണു്. ഓരോരുത്തൎക്കും ഓരോ സിദ്ധാന്തമുണ്ടു്. ഈ സിദ്ധാന്തത്തിനു് എതിരായി വല്ലതും കുട്ടികൾ പറഞ്ഞാൽ അവർ സമ്മതിക്കയില്ല. നമ്മുടെ മാതാപിതാക്കളേയും ഗുരുക്കന്മാരേയും നമ്മൾ വെറുത്തിട്ടുള്ളതായി നമുക്കു് ഓൎക്കാൻ കഴിയുമെങ്കിലും നമ്മൾ ഏതു കുട്ടികളുടെ മാതാപിതാക്കളും ഗുരുക്കന്മാരുമാണോ അവർ നമുക്കു ബാല്യത്തിൽ ഉണ്ടായിരുന്ന മനസ്ഥിതിക്കു നേരെ വിപരീതമായ മനസ്ഥിതിയുള്ളവരാണെന്നു് നാം വിചാരിക്കുന്നു. സംസാരസ്വാതന്ത്ര്യം സാമാന്യേന കൊള്ളാമെങ്കിലും ദുഷിദോഷം നേരിടാതിരിക്കാൻ വേണ്ട നിയന്ത്രണങ്ങൾ അതിന്നു വേണമെന്നാണു് ധാരണ. ബീക്കൺഹിൽ സ്കൂളിൽ ഈ മാതിരി നിയന്ത്രണങ്ങൾ ഇല്ല. മുതിൎന്നവരോടു് അനാദരവിന്നോ, ശാസ്ത്രീയമായ ജിജ്ഞാസയ്ക്കോ വാക്കുകൾ തിരഞ്ഞെടുക്കുന്നതിന്നോ ഒരു നിയന്ത്രണവും വെച്ചിട്ടില്ല.

ഈ സമ്പ്രദായത്തിന്നു പല ഗുണങ്ങൾ ഉണ്ടു്. കുട്ടികൾ എന്താണു വിചാരിക്കുന്നതെന്നു് ഇതുകൊണ്ടറിയാൻ കഴിയും. അവൎക്കു തോന്നി

യതു പറയാവുന്നതുകൊണ്ടു് അതിശയോക്തിവാസനയില്ലാതാകുന്നു. വാസ്തവബോധം ഒരു വലിയ സമ്പാദ്യമാണ്. കുട്ടികൾ ആദ്യം അറിവില്ലാത്തവരാണെങ്കിലും ജിജ്ഞാസാപൂർണ്ണരായി വളരുന്നു. സാധാരണവിദ്യാഭ്യാസമാകട്ടെ അവരെ അറിവില്ലാത്തവരായി വിടുക മാത്രമല്ല ജിജ്ഞാസയില്ലാത്തവരായും തീർക്കുന്നു. ഇങ്ങിനെ ചെയ്യുന്നതു് മതസംബന്ധവും ധാർമ്മികവും രാഷ്ട്രീയവുമായ ഉദ്ദേശങ്ങൾ വെച്ചാണ്. പക്ഷെ ഇതിന്റെയൊക്കെ അടിയിലുള്ള കാരണം വാസ്തവത്തെപ്പററിയുള്ള ഭയമാണ്. ലോകം ദൈവം സൃഷ്ടിച്ചു എന്നാണല്ലോ ആപ്തവിശ്വാസം. ഇതിനെപ്പററി എത്ര കുറച്ചു അറിയുന്നോ അത്ര നല്ലതാണ്. ഇതു് അത്രക്ക ഭയങ്കരവിശ്വാസമാണ്. ഞാൻ ഈ വിശ്വാസത്തിന്റെ രണ്ടു പൂവ് പക്ഷവും എടുക്കുന്നില്ല. സംസാരസ്വാതന്ത്ര്യപൂർണ്ണമായി അനുവദിച്ചാൽ കുട്ടികളുടെ ശാസ്ത്രീയ ജിജ്ഞാസ നശിക്കാതാകുന്നു. അവരുടെ മനസ്സുകൾ ജാഗ്രത്തും വികാരങ്ങൾ ശുദ്ധവുമാകും.

സാധാരണവിദ്യാഭ്യാസം ഒരു സങ്കല്പലോകത്തെയാണ് കുട്ടികളെ പരിചയപ്പെടുത്തുന്നതു്. തങ്ങളുടെ രാജ്യം ഏററവും നല്ലതും അതിലെ എല്ലാം നിർദ്ദോഷവും എന്നാണ് അവർ പഠിക്കുന്നതു്. ഇതിന്റെ വാസ്തവം അറിയുമ്പോൾ അവർ ദോഷമാത്രം കാണുന്ന സ്വഭാവക്കാരായി തീർന്നുപോകുന്നു. ആദ്യമേതന്നെ വാസ്തവം അറിഞ്ഞു വളർന്നാൽ ഈ ദോഷം വരില്ല. ലിംഗ (Sex) സംബന്ധമായ അറിവും കുട്ടികളിൽ പ്രത്യേകിച്ചു പെൺകുട്ടികളിൽ നിന്നു മറയ്ക്കരുതു്. ആ സംഗതികളെപ്പററിയുള്ള അവരുടെ ജിജ്ഞാസകൾ ഹനിച്ചാൽ അതു പിന്നീടു് ദോഷകരമായിത്തീരും. സാഹിത്യത്തിലും അവരെ ഇഷ്ടംപോലെ വിടണം. അവർക്കു വികാരങ്ങളെ തർക്കവാദങ്ങൾകൊണ്ടു് പറയാൻ സാധിക്കും. ആ വാസന വികസിപ്പിച്ചാൽ അനുകരണംകൊണ്ടുണ്ടാകുന്നതായ പുസ്തകരീതിത്വം അവർക്കു വരില്ല.

# വിദ്യാഭ്യാസവും നിർമ്മാണകലയും.

[കെ. എൻ. കൈനി, എം. എ. (ആണേഴ്സ്)]
ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആഫീസർ; മൈസൂർ

മനുഷ്യന് സംതൃപ്തി നൾകുന്നതും ആനന്ദമുളവാക്കുന്നതും, കൂടുതൽ പ്രവർത്തിച്ചു നേടുന്നതിന് ഉദ്വേഗം ജനിപ്പിക്കുന്നതുമായ ഏതെങ്കി

ല്പം ഒരു വസ്തു ഉണ്ടാക്കുന്നതിനുള്ള നിർമ്മാണപരമായ പ്രേരണയുടെ ഫലമാകുന്നു കല. ഈ പ്രേരണ മനുഷ്യനു പ്രത്യേകമായിട്ടുള്ളതാണ്. എന്തുകൊണ്ടെന്നാൽ അയാളുടെ സങ്കല്പശക്തിയിൽ ബുദ്ധിശക്തി അധികം സ്വൈരസഞ്ചാരം ചെയ്തുകൊണ്ടിരിക്കുന്നു. പക്ഷി ജന്മവാസനയനുസരിച്ച് രക്ഷക്കായി ഒരു പഞ്ജരം നിർമ്മിക്കുന്നു; എന്നാൽ അതിന്റെ സൗന്ദര്യം അതു് ആനന്ദിച്ചനുഭവിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ അതിന്റെ രൂപവും, സൗന്ദര്യവും അഭിനന്ദിക്കുന്നതിനൊ അനുഭവിക്കുന്നതിനൊ ഉള്ള ബുദ്ധിശക്തിയൊ, സങ്കല്പശക്തിയൊ അതിനില്ല. മററു പല മൃഗങ്ങളും കലാരൂപത്തിലുള്ള വസ്തുക്കൾ നിർമ്മിക്കുന്നുണ്ട്. എന്നാൽ അവയുടെ ഉദ്ദേശ്യം കലാവസ്തുക്കൾ നിർമ്മിക്കുകയല്ല. അതുകൊണ്ട് മൃഗങ്ങൾ സൃഷ്ടിക്കുന്നതിൽ ആനന്ദം അനുഭവിക്കുവാനും, സ്വന്തം നിർമ്മാണത്തിൽ സന്തോഷിക്കുവാനും മനുഷ്യനു മാത്രമെ സാധിക്കയുള്ളു.

നിർമ്മിക്കുവാനുള്ള പ്രേരണ ഏററവും വിലമതിച്ച ഒന്നാകുന്നു. അതു് കുട്ടികളിൽ വളരെ ബാല്യകാലത്തുതന്നെ ദൃശ്യമാകുന്നു. ഒരു കുട്ടിക്ക് എന്തെങ്കിലും ഒരു സാധനം നൽകുക. അയാൾ മിക്കവാറും അതുടച്ച് ഓരോ ഭാഗത്തിലും എന്താണെന്നു നോക്കുകയായിരിക്കും ഉടനെ ചെയ്യുന്നതു്. കുട്ടിയുടെ ഈ പ്രവൃത്തിക്ക് പ്രായമായവരായ നാം നാശം എന്ന പേരാണു കൊടുക്കുന്നതു്. അയാൾക്ക് അതു നിർമ്മാണമാണ്. മൂലവസ്തുവിൽനിന്നും അയാൾ ഉണ്ടാക്കിയിട്ടുള്ള പല പുതിയ സാധനങ്ങളെ കണ്ടാനന്ദിക്കുന്നു. ഓരോ കക്ഷണത്തിലും അയാൾ സൃഷ്ടിപരമായ സൌന്ദര്യം കാണുകയും, അഭിനന്ദിക്കയും, സ്വന്തം നിർമ്മാണത്തിൽ സംതൃപ്തനാകയും സ്വന്തം പ്രവൃത്തിലാഭത്തിൽ ആനന്ദിക്കുകയും ചെയ്യുന്നു.

കലാവാസന പുരാതനകാലം മുതല്ക്കുതന്നെ നമുക്കു ലഭിച്ചിട്ടുള്ളതാണ്. കാട്ടുമനുഷ്യർക്കുപോലും കലയെ പററിയുള്ള ബോധമുണ്ട്. കിരാതന്മാർ അവരുടെ ദേഹങ്ങളിൽ ചായം പൂശി അതു കണ്ട് ആനന്ദിച്ചിരുന്നു. അവരുടെ ചാപാസ്ത്രങ്ങൾ വിചിത്രമായ രീതിയിൽ നിർമ്മിക്കപ്പെട്ടവയായിരുന്നു. കിരാതന്മാർ ഗൃഹങ്ങൾ അസ്ഥികൾകൊണ്ടും തോലുകൊണ്ടും അലങ്കരിക്കപ്പെട്ടിരുന്നു. പലപ്പോഴും അസ്ഥികൾകൊണ്ട് മാലയുണ്ടാക്കി അണിഞ്ഞും തോലുകൊണ്ടുള്ള വസ്ത്രം ധരിച്ചും ആനന്ദമനുഭവിച്ചിരുന്നു. മനുഷ്യൻ കാട്ടാളജീവിതത്തിൽനിന്നും വിമുക്തരായതോടുകൂടി, ഗൃഹങ്ങൾ നിർമ്മിക്കയും, കന്നുകാലികളെ മേയ്ക്കുകയും, വസ്ത്രങ്ങൾ ധരിക്കയും, ഉപയോഗകരങ്ങളായ മററുപല പ്രവൃത്തികൾ നിർവ്വഹിക്കുകയും ചെയ്തിരുന്നു. ഇവയിലെല്ലാം കലാരസികതം കാണാവുന്നതാണ്.

### ഇൻഡ്യയിലെ കല.

പുരാതനഭാരതത്തിൽ ഏററവും പരിഷ്കൃതമായ രീതിയിലുള്ള കലകൾ ഉണ്ടായിരിക്കയും അതിനെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തിരുന്നു. പുരാതനക്ഷേത്രങ്ങളിലെ ഭിത്തികളിലും സ്തംഭങ്ങളിലും മച്ചുകളിലും മനുഷ്യരൂപങ്ങളെയും, കുസുമങ്ങളെയും, ഐതിഹ്യപുരാണകഥകളെയും സൂചിപ്പിക്കുന്ന കമനീയങ്ങളായ ചിത്രങ്ങൾ കാണാവുന്നതാണ്. ഈ ഓരോ കലാവസ്തുക്കൾക്കും വേണ്ടി വിനിയോഗിച്ചിട്ടുള്ള പ്രയത്നം അപരിമിതമായിട്ടുള്ളതാകുന്നു. ഈ പ്രകൃതികൾക്കായി മനുഷ്യർ ഇത്രമാത്രം സമയവും ജീവശ്ശക്തിയും വ്യയം ചെയ്തതെന്തിനാണെന്ന് ചിലപ്പോൾ ചിലർ അത്ഭുതപ്പെടാറുണ്ട്. അതിനുള്ള ഉത്തരം ലഘുവായിട്ടുള്ളതാണ്. മനുഷ്യൻ അവന്റെ സൃഷ്ടിയിൽ ആഹ്ലാദിക്കുന്നു. അയാൾ സൗന്ദര്യത്തെ ഇഷ്ടപ്പെടുന്നു. സുന്ദരങ്ങളായ വസ്തുക്കളെ നിമ്മിക്കുന്നതുകൊണ്ട് അയാൾക്കു തൃപ്തിയുണ്ടാകുന്നു. എന്തുകൊണ്ടെന്നാൽ ഒരു സൗന്ദര്യവസ്തു സദാ ആഹ്ലാദപ്രദമായിട്ടുള്ളതത്രെ. 'താൺഡൈക്കി'ന്റെ മനശ്ശാസ്ത്രപ്രകാരം മനുഷ്യൻ അവനു സംതൃപ്തി നൽകുന്ന പ്രവത്തികളെല്ലാം ആവത്തിച്ചുകൊണ്ടിരിക്കയും, പ്രവത്തിച്ചു പഠിക്കയും ചെയ്യുന്നു. സംതൃപ്തിക്കും, പ്രവത്തിച്ചു പഠിക്കുന്നതിനുംവേണ്ടി വീണ്ടും പ്രവത്തിച്ചും ആവത്തിച്ചും ആണ് ഇൻഡ്യ ഇതു സാധിച്ചത്.

ആധുനികകാലത്തും ഇൻഡ്യയിൽ കലാവൈശിഷ്ട്യമുള്ള പല വസ്തുക്കളും നിമ്മിച്ചിട്ടുണ്ട്. ഭാരതജനതതിയുടെ നിമ്മാണപ്രേരണയുടെ അത്യുച്ചാവസ്ഥയാണ് താജ്മഹാൾ. ഭാരതീയസംഗീതം എത്രയും സൂക്ഷ്മവും ശ്രവണസുഖമുള്ളതും, ആനന്ദം ഉണ്ടാക്കുന്നതും ആകർഷിക്കുന്നതുമാകുന്നു. സംഗീതോപകരണങ്ങളിൽ പ്രവത്തിക്കുമ്പോഴും മനുഷ്യർ കല പ്രദശിപ്പിക്കുന്നു. നമ്മുടെ സ്ത്രീകൾ ധരിക്കുന്ന വസ്ത്രങ്ങൾ എന്തു ക്രിത്രിമമായിട്ട് നെയ്തിട്ടുള്ളതാണെന്നു നോക്കുക. എന്തു ക്രിത്രിമരീതിയിലാണ് അവ അണിഞ്ഞിട്ടുള്ളത്. കമനീയങ്ങളായ സാരികൾ മനോഹരമായ രീതിയിൽ ധരിച്ചിട്ടുള്ളത് അംഗനാരൂപങ്ങളിൽ രമണീയങ്ങളായ പടവുകൾ ഉണ്ടാകുവാനാണെങ്കിൽ, നേത്രം ദൃശ്യമാകുന്ന കലാനിമ്മാണരൂപത്തിൽ ആനന്ദിക്കുന്നു.

### പാശ്ചാത്യദേശത്തിലെ കല.

പാശ്ചാത്യദേശത്ത് കല പല രൂപങ്ങളും സ്വീകരിച്ചിട്ടുണ്ട്. നിമ്മാണബുദ്ധിയും കണ്ടുപിടുത്തബുദ്ധിയും, നമ്മുടെ നിത്യസുഖത്തെ വദ്ധി

പ്പിക്കുന്ന പല യന്ത്രങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. മുൻകാലം മുതൽ ഇന്നുവരെ പല സമയങ്ങളിലായി ഉണ്ടാക്കിയിട്ടുള്ള മോട്ടോർകാറുകൾ നോക്കുകയാണെങ്കിൽ, അവയുടെ രൂപങ്ങൾ കൂടുതൽ ആകർഷണീയവും തൃപ്തികരവുമാകുവാൻ തുടരെത്തുടരെ പരിശ്രമം ചെയ്തിട്ടുള്ളതായി കാണാം. അവയുടെ ഭാഗങ്ങളെല്ലാം ഹൃദ്യമായ രീതിയിൽ യോജിപ്പിച്ചിരിക്കുന്നു. ഉപയോഗം മാത്രമാണ് ഏകോദ്ദേശമെങ്കിൽ, സൗന്ദര്യത്തിനുവേണ്ടി പ്രയത്നം വ്യയം ചെയ്യേണ്ട ആവശ്യമില്ലായിരുന്നല്ലോ. എന്നാൽ മനുഷ്യമനസ്സ് അതിന്റെ സൃഷ്ടിയിൽ മനോഹരതയും ഐകരൂപ്യവും കാണാതെ തൃപ്തിപ്പെടുന്നതല്ല. നിങ്ങളുടെ ഗൃഹങ്ങളിൽ ഉപയോഗിക്കുന്ന പല സാധനങ്ങളും ഞാൻ ശ്രദ്ധാപൂർവം പരിശോധിച്ചിട്ടുണ്ട്. ഉപയോഗമാണ് പ്രധാനഉദ്ദേശമെന്നുള്ളതിനു സന്ദേഹമില്ല. എന്നാൽ അതു മാത്രമല്ല; നിങ്ങൾ അവയിലെല്ലാം കലയെ കലർത്തിയിട്ടുണ്ട്. നിങ്ങൾ കിടക്കുന്ന കട്ടിലും, ഇരിക്കുന്ന കസേരയും, കത്തിക്കുന്ന ദീപവും, ഭക്ഷണം പാകം ചെയ്യുന്ന പാത്രങ്ങളും, ജനാലകൾ മറച്ചിരിക്കുന്ന തുണികളും, ധരിക്കുന്ന വാച്ചും, വായിക്കുന്ന പുസ്തകങ്ങളും, കഴുത്തിൽ കെട്ടിയിട്ടുള്ള ടൈകളും, എന്നുവേണ്ട നിങ്ങളുടെ കൈവശമുള്ള അനവധി മററു സാമഗ്രികളും കാഴ്ചക്ക് വിരൂപങ്ങളായിരുന്നെങ്കിൽ നിങ്ങളെ തൃപ്തിപ്പെടുത്തുകയില്ലായിരുന്നേനെ. വ്യവസായക്കാരെല്ലാം നിങ്ങളുടെ കലാഭിരുചിയേയും, സൗന്ദര്യബോധത്തേയും തൃപ്തിപ്പെടുത്തുന്നതിനായി തുടരെത്തുടരെ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

### കലയും സംസ്കാരവും.

കല സംസ്കാരത്തിന്റെ ഒരു വിഭാഗമാണ്. ഇന്നത്തെ പരിഷ്കൃതസമുദായം വിമർശനരൂപത്തിൽ അഭിവൃദ്ധിപ്പെടുന്ന ഒരു മനഃസ്ഥിതികൊണ്ട് ആ ഘട്ടത്തിലെത്തിയിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് അതു കാട്ടാളസമുദായത്തെക്കാൾ പരിഷ്കൃതമായിട്ടുള്ളതെന്നു വിചാരിക്കുന്നതും. സംസ്കാരത്തോടുകൂടി കല അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. സംസ്കാരം വർദ്ധിക്കുന്തോറും കല പരിഷ്കൃതമായിത്തീരുന്നു. എന്തുകൊണ്ടെന്നാൽ ബുദ്ധിക്കു കൂർമ്മതയേറുന്നു; വിധികൾ ഔൽകൃഷ്ട്യമേറുന്നു; സൗന്ദര്യബോധത്തിന് പരിഷ്കാരം കൂടുന്നു. ഈയിടെ വാഷിങ്ടണിൽ മനോഹരങ്ങളായ ചില വാസ്തുക്കൾ ഉണ്ടായിരുന്നതു് ഞാൻകണ്ടു. അവിടെ നിർമ്മിച്ചിട്ടുള്ള ഹൃദ്യങ്ങളായ ഉദ്യാനങ്ങൾ സൗന്ദര്യബോധത്തിന്റെ അഭിവൃദ്ധിയേയാണ് സൂചിപ്പിക്കുന്നതു്. പൊതുവായനശാലയുടെ കെട്ടിടം എന്നെ വളരെ ആകർഷിച്ചിട്ടുണ്ട്. അതിന്റെ വലിപ്പവും, ആകൃതിയും, ചിത്രവേലകളും, ചായപ്പണികളും അഭിനന്ദനീയം തന്നെ. കല എന്നു പറയുന്നതു്, മനുഷ്യരുടെ ബ

ഹുവിധമായ ജീവിതവൃത്തികളിൽ കൂടി അവരുടെ നിർമ്മാണബുദ്ധിയുടെ ബാഹ്യപ്രകാശനമാണെങ്കിൽ, അമേരിക്ക വിലയേറിയ വിവിധകലകൾ സമ്പാദിച്ചു കഴിഞ്ഞിട്ടുണ്ട്.

ചിലപ്പോഴെല്ലാം വാണിജ്യം കലയെ പരാജയപ്പെടുത്തിയിട്ടുണ്ട്. സൗന്ദര്യത്തെ ധനാഗ്രഹത്തിനുവേണ്ടി ബലികഴിക്കുന്നു. ഉദാഹരണമായി ന്യൂയാർക്കിലെ ഇടവഴികൾ നോക്കുക. അവ കമനീയങ്ങളല്ല. അവ അപരിഷ്കൃതങ്ങളെന്നു ഞാൻ പറയും. അവിടെ കലയില്ല. അതു സമ്പാദിക്കുവാനുള്ള ശ്രമവുമില്ല. ഇംഗ്ലീഷുകാരുടെ ഇടവഴികൾ മനോഹരങ്ങളാണ്. അവിടെക്കൂടി സഞ്ചരിക്കുന്നതു് സന്തോഷപ്രദമാണ്. ഇവിടത്തെ വിലയേറിയ പല കെട്ടിടങ്ങൾക്കും കലാസ്പർശമേററിട്ടില്ല. അതുപോലെതന്നെയാണ് നിങ്ങളുടെ പൊതുവിനോദസ്ഥലങ്ങളും. പാരിസ്സിലെ പൊതുഉദ്യാനവും വിനോദസ്ഥലങ്ങളും ഏററവും ശ്രേഷ്ഠങ്ങളാണ്. മൈസൂറിനും കലാവൈശിഷ്ട്യമുള്ള ചിലതിൽ അഭിമാനിക്കാവുന്നതാണ്.

### വിദ്യാലയങ്ങളിലെ കല.

നിർമ്മാണത്തിനുള്ള പ്രേരണ മനുഷ്യരിൽ എത്രയും ശക്തിമത്തായിരിക്കുന്നതുകൊണ്ടും, വാസനയെ വലയം ചെയ്തിട്ടുള്ളതുകൊണ്ടും കുട്ടികൾക്ക് ഈ പ്രേരണാശക്തിയെ വേണ്ടവിധത്തിൽ വിനിയോഗിക്കുന്നതിനുള്ള സന്ദർഭങ്ങൾ നൽകണം. അതിനെ മർദ്ദിക്കുന്നതു്, കുട്ടികളെ അനാശാസ്യങ്ങളായ നടത്തകളിലേക്ക് നയിക്കുകയാകുന്നു. ഞാൻ സന്ദർശിച്ചിട്ടുള്ള നിങ്ങളുടെ പാഠശാലകളിൽ, കുട്ടികളെ ഈ കലാഭിരുചിയെ വളത്തുന്നതിന് പ്രോത്സാഹിപ്പിക്കുന്നതായിട്ടാണ് കാണുന്നതു്. ചില കുട്ടികൾ നിർമ്മിച്ച വസ്തുക്കൾ എനിക്കു വളരെ സന്തോഷം നൽകിയിട്ടുണ്ട്. അവ ഉൽകൃഷ്ടരായ കലാവിദഗ്ദ്ധന്മാരുടെ പ്രവൃത്തികളാണ്. കുട്ടികൾക്ക് അവ സംസ്കാരം നൽകിയിരിക്കാം. സൌന്ദര്യബോധത്തെ അഭിനന്ദിക്കുവാനുള്ള ശീലമുണ്ടാക്കിയിരിക്കുന്നു. ഉപയോഗവസ്തുക്കളോടുള്ള ബോധം പരിഷ്കൃതമായിരിക്കുന്നു. ശ്രദ്ധ, പല ഭാഗങ്ങൾ തമ്മിലുള്ള ഐകരൂപ്യത്തിലും, രൂപമാഹാത്മ്യത്തിലും, നിറത്തിലും, സൌന്ദര്യത്തിലും കേന്ദ്രീകരിച്ചിരിക്കുന്നു. ഈ അനുഭവത്തിൻെറ എല്ലാം ഫലം ആദ്ധ്യാത്മികമാണ്. ബാഹ്യഭാഗത്തു് കുട്ടി പ്രകൃതിയെ കണ്ടു് ആഹ്ലാദിക്കുന്നു. അന്തർഭാഗത്തു് അയാളുടെ സ്വന്തം പ്രകൃതിയെ നിർമ്മിച്ചു് ആഹ്ലാദിക്കുന്നു. അയാൾക്ക് സംതൃപ്തിയുണ്ടാകുന്നു. സംതൃപ്തി ആനന്ദത്തേയും ആത്മവിശ്വാസത്തേയും നൽകുന്നു. എല്ലാത്തിലും ഉപരിയായി അയാൾക്ക് യഥാർത്ഥമായ വിധി കല്പിക്കുവാനുള്ള പ്രാഗത്ഭ്യമുണ്ടാകുന്നു. അതു് ജീവിതത്തിൽ അ

തിപ്രധാനമായിട്ടുള്ളതാണ്. അമേരിക്കയിലെ കിൻറർഗാർട്ടൻ വിദ്യാലയങ്ങളും, നല്ല തരത്തിലുള്ള പ്രാഥമികപാഠശാലകളും, ഹൈസ്കൂളുകളും, കലാവസ്തുക്കളും, സൗന്ദര്യവസ്തുക്കളും നിർമ്മിക്കുവാൻ കുട്ടികളെ അത്ഭുതകരമായ വിധത്തിൽ പരിശീലിപ്പിക്കുന്നുണ്ട്.

കല സ്വയമായി പദ്യം സാഹിത്യം എന്നിവയിൽ പ്രകടിതമാകുന്നു എന്ന് സാമാന്യമായി പറയാവുന്നതാണ്. കവിയും, നോവലെഴുത്തുകാരനും, തത്വജ്ഞാനിയും, മനസ്സിന് കലാപരമായ വലിയ വിലയുള്ള ചിന്തകളേയും വികാരങ്ങളേയും ഉണ്ടാക്കുന്നു. നാം ഷേക്സ്പീയരുടെ ഗ്രന്ഥങ്ങൾ വായിക്കുവാൻ ഇഷ്ടപ്പെടുന്നു. എന്തുകൊണ്ടെന്നാൽ മനുഷ്യരുടെ വികാരങ്ങളേയും ആഗ്രഹങ്ങളേയും വാസനകളേയും മററും വിമർശിച്ച് പ്രസ്പഷ്ടമാക്കുവാനുള്ള അദ്ദേഹത്തിൻെറ നാടകകലാവൈദഗ്ദ്ധ്യം നമ്മെ ആകർഷിക്കുന്നു. ടാഗോർ ആദ്ധ്യാത്മികപ്രകൃതിയെ ഉദ്ദേഗിപ്പിക്കുന്നു. കവികൾ ഉപയോഗിക്കുന്ന പദങ്ങൾ നിഘണ്ഡുവിൽ കാണുന്നവ തന്നെയാണ്. അവയുടെ സജ്ജീകരണവും, വികാരത്തെ ഉണ്ടാക്കുന്നതിനും സങ്കല്പശക്തിയെ ഉദ്ദേഗിപ്പിക്കുന്നതിനും വേണ്ടി അവ പരസ്പരം ഇണക്കിയിട്ടുള്ളതും ആണ് ഏററവും പ്രധാനമായിട്ടുള്ളത്. നിങ്ങളുടെ കുട്ടികളെ കവിതയും, നാടകവും, കഥകളും എഴുതുവാൻ പ്രോത്സാഹിപ്പിക്കുന്നു. നിങ്ങളുടെ വിദ്യാലയമാസിക ഈ രംഗത്തിലെ പ്രകൃതികളെ സ്പഷ്ടമായി കാണിക്കുന്നുണ്ട്.

കുട്ടികൾക്ക് ധാരാളം ഒഴിവുസമയമുണ്ട്. ആ സമയത്തെ വേണ്ട വിധത്തിൽ വിനിയോഗിക്കുന്നതിനുള്ള സന്ദർഭങ്ങൾ നാം നൾകണം. അതായത് നിർമ്മാണശക്തിയെ പരീക്ഷിക്കുന്നതിന് ആ സമയം ഉപയോഗിക്കണമെന്നാണ ഞാൻ പറയുന്നത്. എൻെറ ആറു വയസ്സു പ്രായമുള്ള ഒരു കുട്ടി ഒരു മരക്കഷണവും, രണ്ടു കൊക്കൊടിന്നിൻെറ അടപ്പുകളും, കുറെ ആണികളും കൊണ്ട് ഒരു വണ്ടി നിർമ്മിച്ചു. അവൻ അടപ്പുകളുടെ മദ്ധ്യഭാഗങ്ങൾ കണ്ടുപിടിച്ച് ആണികൾകൊണ്ടു ഒാരങ്ങളുണ്ടാക്കി. ബാല്യകാലത്തിൻെറ പ്രാധാന്യതയെപ്പററി അന്നുവരെ ഞാൻ അധികം മനസ്സിലാക്കിയിരുന്നില്ല. ആ ചെറിയ വണ്ടി അവൻെറ സഹോദരന്മാരുടെ ആനന്ദത്തിനും, മാതാപിതാക്കന്മാരുടെ അത്ഭുതത്തിനും ഉള്ള ഒരു വസ്തുവായിത്തീർന്നു. കുട്ടിയുടെ ആ നിർമ്മാണവൃത്തിയിൽ സങ്കല്പശക്തിയും, ചൊടിയും, സാമർത്ഥ്യവും എല്ലാം തെളിഞ്ഞിരുന്നു. ഇൻഡ്യയിൽ അനേകായിരം കുട്ടികൾ, പ്രായമായ നമുക്ക് അത്തരത്തിലുള്ള സന്ദേശങ്ങൾ നല്കുന്നതിന് കാത്തിരിക്കയാണ്. കഷ്ടം! കുട്ടികളോടുള്ള അതിസ്നേഹംകൊണ്ടും, ഹൃദയവിശാലതകൊണ്ടും, ജനാധിപത്യഭരണത്തിൻെറ അഭിവൃദ്ധിയിലുള്ള ആസക്തികൊണ്ടുംമററും, നല്ല ഉപകരണങ്ങളും ആദ്ധ്യാപകന്മാ

രുമുള്ള നിങ്ങളുടെ വിദ്യാലയങ്ങളിൽ കുട്ടികളുടെ നിർമ്മാണകലാചാതുര്യ്യത്തെ പ്രകടിപ്പിക്കുന്നതിന് നിങ്ങൾക്കു സന്ദർഭങ്ങൾ നൽകുന്ന കാര്യ്യത്തിൽ ഇൻഡ്യയിൽ ഞങ്ങൾ തന്നെ വേണ്ട അഭിവൃദ്ധി പ്രാപിച്ചിട്ടില്ല.

# നമ്മുടെ വിദ്യാലയങ്ങളിലെ ഭാഷാഭ്യസനം.

(എം. രാമവർമ്മതമ്പാൻ ബി. എ., എൽ. ടി.)

നമ്മുടെ ഭാരതീയപരിഷ്കാരങ്ങളിൽ ഒന്നാണ് ഹിന്ദിഭാഷ ഭാരതീയരാജഭാഷയായി സ്വീകരിക്കണമെന്നത്. നമ്മുടെ നിയമസഭകളിൽ ഹിന്ദി നിർബന്ധമായി കുട്ടികളെ പഠിപ്പിക്കണമെന്ന നിശ്ചയങ്ങൾ പാസ്സായിക്കഴിഞ്ഞു. ഒരാൾക്കു യാതൊരു പ്രയാസവും കൂടാതെ നാലു ഭാഷ പഠിക്കാമെന്ന് എച്ച്. ജി. വെൽസ് എന്ന മഹാൻ അഭിപ്രായപ്പെടുന്നു. ഭാരതീയരിൽ ഉൾപ്പെട്ട തിരുവിതാംകൂർകാരായ നമുക്കു ഏതെല്ലാം ഭാഷ പഠിക്കണം എന്നാലോചിക്കാം.

ഒന്നാമതായി മലയാളം പഠിച്ചേ മതിയാവൂ. ആ ഭാഷയിലെ സാഹിത്യം ഇന്നത്തേതിൽ തുലോം കൂടുതൽ പഠിപ്പിക്കണം. ഇതരഭാഷകളിലെ സാഹിത്യം പഠിക്കുന്നതു മാതൃഭാഷാസാഹിത്യത്തോടു് ഉരച്ചുനോക്കീട്ടുവേണം. അല്ലാതെ വിദേശസാഹിത്യം പഠിച്ചു, അഭിനന്ദിച്ചു, രസിച്ചു എന്നൊക്കെ പറയുന്നതു് വെറും പാച്ചിൽ മാത്രമാണെന്നേ കരുതേണ്ടൂ. ചരിത്രം ഭൂമിശാസ്ത്രം മുതലായ ശാസ്ത്രീയവിഷയങ്ങളും മലയാളഭാഷയിൽ പഠിപ്പിച്ചാൽ ഇന്നത്തേക്കാൾ എളുപ്പം മനസ്സിലാകയും ചെയ്യും. ഇംഗ്ലീഷുവഴിയായും മലയാളം വഴിയായും ഈ വിഷയങ്ങൾ പഠിക്കുന്നതിന്റെ വ്യത്യാസം അറിയണമെങ്കിൽ ഒരു എസ്സ്. എസ്സ്. എൽസിക്കാരനേയും ഒരു മലയാളം ഹയർകാരനേയും അദ്ധ്യാപകവൃത്തിയിൽ ഏർപ്പെടുത്തി അവർ പഠിപ്പിക്കുന്നതു നോക്കിയാൽ മതി. ഇംഗ്ലീഷു പഠിച്ചവൻ വാക്കു തപ്പിത്തപ്പി തനിക്കു പകുതി മനസ്സിലായ കാര്യ്യം അതിൽ പകുതി ഇംഗ്ലീഷ് കഷ്ടിയായി മനസ്സിലാകുന്ന കുട്ടികളെ മനസ്സിലാക്കാൻ ശ്രമിക്കും. തന്നെപ്പോലെ ശിഷ്യനും പ്രയാസപ്പെട്ടു് ചില വാക്കുകൾ ഗ്രഹിക്കുന്നു. നമ്മുടെ ഹയർകാരനോ, നല്ലപോലെ മനസ്സിലായ കാര്യ്യം തനിക്കു സ്വാധീനമുള്ള മാതൃഭാഷയിൽ കുട്ടിക്കു കാര്യ്യം മനസ്സിലാകത്തക്കവണ്ണം

പഠിപ്പിക്കുന്നു. കുട്ടിക്കു വിഷയജ്ഞാനമാണു ലഭിക്കുന്നതു്; കേവലം വാക്കു മാത്രമല്ല.

എന്നാൽ മലയാളത്തിന് കേരളത്തിൽ മാത്രമെ പ്രചാരമുള്ളു. ഭാരതത്തിനെ ഒട്ടാകെ സ്പർശിക്കുന്ന ഒരു ഭാഷാജ്ഞാനം ഏതു ഭാരതീയനും ഒഴിച്ചുകൂടാൻ വഹിയാത്തതാണ്. അങ്ങിനെയുള്ള ഒരു ഭാഷയാണല്ലൊ ഹിന്ദി. ഹിന്ദിഭാഷയിൽ സാഹിത്യമാണെങ്കിൽ ധാരാളം; ശാസ്ത്രങ്ങളും കുറവല്ല. ഇതുകൊണ്ടു് ഇൻഡ്യയിൽ എവിടേയും നമുക്കു കാൎയ്യങ്ങൾ നേടാം. ഇൻഡ്യക്കു് സ്വരാജ്യം കിട്ടുന്നമെങ്കിൽ അന്നു് നമ്മുടെ രാജഭാഷ ഹിന്ദിയാക്കാനാണധികം ഇട. ഇൻഡ്യയിലുള്ള എല്ലാ ഭാഷകളിലും വച്ചു് പ്രചാരം കൂടുന്നതു ഹിന്ദിഭാഷക്കാണ്. അതിനാൽ അതിൻെറ ജ്ഞാനം നമുക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണല്ലൊ.

മലയാളഭാഷ സംസ്കൃതത്തോട് ഏറക്കുറെ സംബന്ധമുള്ളതാകയാൽ സംസ്കൃതജന്യമായ ഹിന്ദി നമുക്ക് ഒരു വിദേശഭാഷയായി തോന്നുകയില്ല. രണ്ടുമൂന്നു മാസങ്ങൾകൊണ്ടു് ഒരു സാമാന്യജ്ഞാനം സാദ്ധ്യമാക്കാം. ഇന്നു് ഇംഗ്ലീഷ് വഹിക്കുന്ന സ്ഥാനം ഹിന്ദിക്കു കൊടുക്കണം. ഏതു ഭാരതീയൻെറയും അഭിമാനം തനിക്കു് ഹിന്ദി അറിയാമെന്നാകണം. സകല ഭാരതീയരും തങ്ങളിൽ സാഹോദൎയ്യം വൎദ്ധിപ്പിക്കാൻ ഹിന്ദിയാണ് പററിയ ഭാഷ.

മലയാളവും ഹിന്ദിയും പഠിച്ചാൽ പിന്നെ രണ്ടു യൂറോപ്യൻഭാഷയാണു പഠിക്കേണ്ടതു്. അവ ഏതെല്ലാമാണു വേണ്ടതു്.? ഇംഗ്ലീഷ് നാം ഇത്രയൊക്കെ പഠിച്ചു കഴിഞ്ഞതുകൊണ്ടും അതിൽ അത്ര വിപുലമായ സാഹിത്യമുള്ളതുകൊണ്ടും അതിനു് ലോകത്തിൽ ഇന്നുള്ള പ്രചാരം ഗണിച്ചും ഒരു യൂറോപ്യൻഭാഷ ഇംഗ്ലീഷ്തന്നെയായിരിക്കണം. ലോകത്തിൻെറ ഇതരഭാഗങ്ങളുമായി കച്ചവടത്തിനും മററും സഹായിക്കാനും ഈ ഭാഷ മതിയാകും.

ഇനിയൊരു ഭാഷ വേണ്ടതു് എന്താണെന്നാണ് ആലോചിക്കേണ്ടതു്.? യൂറോപ്പിനാസകലം രാജഭാഷയായിരുന്നതു് ഫ്രഞ്ചായിരുന്നു. കച്ചവടകാൎയ്യങ്ങളിൽ ജൎമ്മൻഭാഷക്കു പ്രാമാണ്യം കൂടുമൊ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. എന്നാൽ നൂതനമായ പരീക്ഷണങ്ങൾകൊണ്ടു് പുരോഗമനത്തിൽ നമുക്ക് ഉപകാരപ്രദമായിത്തീരുക റഷ്യൻഭാഷയല്ലെ എന്നും കാൎയ്യമായി ആലോചിക്കേണ്ടതുണ്ടു്. ഇതിൽ ഏതെങ്കിലും ഒന്നു പഠിക്കാം.

നമ്മുടെ സംസ്കൃതം പഠിക്കേണ്ടെ., മുസ്ലമാന്മാരുടെ ഭാഷയായ അറബിഭാഷ പഠിക്കേണ്ടെ., എന്നൊക്കെ ചോദ്യമുണ്ടാകാം. ഇവ പഠിക്കുന്നതിനു പ്രയാസമുള്ളവയാണ്. അവയിലെ സാഹിത്യങ്ങൾ മെല്ലറ

ഞ്ഞ ഭാഷകളിലേക്കു തർജ്ജിമചെയ്തിട്ടുമുണ്ട്. ഈ ഭാഷകൾ പഠിച്ചേ തീരു എന്നുള്ളവർ മാത്രം ഇവ പഠിക്കട്ടെ എന്നു വെയ്ക്കാം. അതായത് ഇവയെ കേവലം ഐച്ഛികഭാഷയാക്കിയാൽ മതിയാകും.

ഇന്നത്തെ രാഷ്ട്രീയനില വിചാരിച്ചാൽ ഒരു അഖിലഭാഷ കൂടാതെ നമുക്കു ജീവിക്കാൻ അസാദ്ധ്യം. അതിനാൽ ഹിന്ദിഭാഷ നാട്ടുഭാഷാ വിദ്യാലയങ്ങളിൽതന്നെ ആദ്യംമുതൽ പഠിപ്പിച്ചു തുടങ്ങേണ്ടതാണ്. പോരെങ്കിൽ അതിന്ന് അനുകൂലമായ ഒരന്തരീക്ഷവും, വിദ്യാർത്ഥികളിൽ അതു പഠിക്കാൻ ഒരു മോഹവും ഇപ്പോഴത്തെ സ്വരാജ്യപ്രക്ഷോഭണം ഉണ്ടാക്കി തന്നിട്ടുമുണ്ട്. ഒരു ഭാഷ പഠിക്കണമെന്നു പറയുമ്പോൾ ഉദ്ധരിച്ചു കാണാറുള്ള ശുഷ്കമായ തടസ്സവാദങ്ങളായ പുസ്തകദാരിദ്ര്യാദി ഒന്നുംതന്നെ ഹിന്ദിയെ സംബന്ധിച്ചു പറയാനില്ല. പൌരുഷദായകവും സ്വരാജ്യസ്നേഹോല്പാദകവുമായ ഒരു സാഹിത്യം പ്രപുഷ്ടമായി ആ ഭാഷയിലുണ്ടെന്നാണ് അറിവ്.

ആകപ്പാടെ നോക്കിയാൽ ഹിന്ദി പഠിപ്പിച്ചു തുടങ്ങാൻ ഇനി ഒട്ടുംതന്നെ താമസിക്കരുതാത്തതാകുന്നു.

# ഉദ്ധാരണങ്ങൾ.

:(x):

## ഭാരതം എന്തുകൊണ്ടാണ് ദരിദ്രയായിരിക്കുന്നത്?

'മൈ മാഗസീൻ' എന്ന മാസികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു ചെറുലേഖനമാണ് താഴെ ഉദ്ധരിക്കുന്നത്:-

"വ്യവസായത്തിന്റെ ഏതു ശാഖയിലും അഭിവൃദ്ധി പ്രാപിച്ചിട്ടുള്ള ഏതു രാജ്യത്തിനും നല്ല പ്രകൃതിവിഭവങ്ങളും വേലചെയ്യുവാൻ പ്രാപ്തരായ ആളുകളും ഉണ്ടായിരുന്നിരിക്കണം. ഈ രണ്ടിലും പ്രയത്നത്തിനാണ് കൂടുതൽ പ്രാധാന്യം. പ്രകൃതിവിഭവങ്ങൾ കുറവാണെങ്കിലും മനശ്ശക്തിയും കായശക്തിയും സാമർത്ഥ്യവും ചങ്കുറപ്പും ഉള്ള ആളുകൾ ഇംഗ്ലണ്ടിൽ ഉള്ളതുകൊണ്ട്, ഇംഗ്ലണ്ട് അഭിവൃദ്ധി പ്രാപിച്ചിട്ടുള്ള രാജ്യങ്ങളിൽ പ്രഥമസ്ഥാനം വഹിക്കുന്നു. നേരെ മറിച്ച് ഫലപുഷ്ടിയുള്ള മൈ

താനങ്ങളും, ഗതാഗതസൗകര്യമുള്ള നദികളും, ഹിമാവരണംകൊണ്ട് മനോഹരങ്ങളായിരിക്കുന്ന പർവ്വതങ്ങളും, എല്ലാ ആധുനികവ്യവസായങ്ങളുടേയും അടിസ്ഥാനമായ ഇരുമ്പും കല്ക്കരിയും ഉള്ള ഇൻഡ്യ ആധുനികകാലത്ത് ദരിദ്രരാജ്യങ്ങളുടെ ഇടയിലാണ് പ്രഥമസ്ഥാനം വഹിക്കുന്നത്. ഈ ദാരിദ്ര്യത്തിനുള്ള ഹേതുക്കളും നിവാരണമാർഗ്ഗങ്ങളും എന്തെന്ന് നമുക്ക് ആലോചിച്ചുനോക്കാം.

ഇൻഡ്യ ഇന്ന് കൃഷിപ്രധാനമായ ഒരു രാജ്യമാണ്. അവിടത്തെ ജനങ്ങൾ അവരുടെ ജീവിതമാർഗ്ഗം നേടിക്കൊടുക്കുന്ന വയലുകളുടെ സമീപത്തു താമസിക്കുവാനാണ് ഇഷ്ടപ്പെടുന്നത്. ഈ വിസ്തീർണ്ണവും ജനസംഖ്യയുമുള്ള മററു രാജ്യങ്ങളേക്കാൾ വളരെ കൂടുതൽ ഗ്രാമങ്ങൾ ഇൻഡ്യയിലാണു കാണുന്നത്. മിക്ക ഗ്രാമീണരും ദരിദ്രന്മാരായതുകൊണ്ട് അർദ്ധപട്ടിണിക്കാരാകുന്നു. അവരിൽ മിക്കവർക്കും ജോലിയില്ല. മററുള്ളവർക്ക് ആറു മാസക്കാലത്തേക്ക് സ്വല്പമായ ജോലിയേ ഉള്ളു. കൃഷിയോടുകൂടിത്തന്നെ വ്യവസായത്തിലും ഏർപ്പെടുന്നതിനുള്ള സൗകര്യവും പ്രോത്സാഹനവും നൽകിയാൽ അവരുടെ സമയം മുഴുവനും ഉപയോഗകരമായ വിധത്തിൽ വിനിയോഗിക്കാവുന്നതാണ്.

ലോഹങ്ങളുടെ സമൃദ്ധിയിലും ഇൻഡ്യ സുപ്രസിദ്ധമാണ്. യൂറോപ്യന്മാരുടെ ആഗമനത്തിനു മുമ്പുതന്നെ ഇരുമ്പുവ്യവസായം വിസ്തൃതമായ മട്ടിൽ നടന്നിരുന്നു. മൂവർഭത്തിലെ ഇരുമ്പ് 2,800,000,000 ടൺ ആണെന്ന് അടുത്ത കാലത്തെ റിപ്പോർട്ടുകൊണ്ടു തന്നെ കാണുന്നുണ്ട്. അമേരിക്കയിലെ ഏററവും വലിയ ഇരുമ്പുഖനിയെ കൂടി ഈ ഖനിയുമായി താരതമ്യപ്പെടുത്തിക്കൂടാ. ഇതുപോലെ തന്നെ മററു ലോഹങ്ങളും ഇൻഡ്യയിൽ ഒട്ടും കുറവായിട്ടല്ല കാണുന്നത്. കൽക്കരി, സ്വർണ്ണം, വെള്ളി, ചെമ്പ് അഭ്രം, ഉപ്പ് മുതലായവ വേണ്ടിടത്തോളം ഇൻഡ്യയിലുണ്ട്. ചിലതെല്ലാം ലോകത്തിലുള്ള രാജ്യങ്ങളെ അപേക്ഷിച്ച് പ്രഥമസ്ഥാനം തന്നെ വഹിക്കുന്നുമുണ്ട്. "ഇൻഡ്യ ലോകത്തിലെ ഇതരഭാഗങ്ങളുമായി ബന്ധമില്ലാതിരിക്കുകയാണെങ്കിലും, ലോഹോല്പന്നങ്ങളെ വിദേശമത്സരത്തിൽനിന്നും രക്ഷിക്കയാണെങ്കിലും, ലോഹങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പരിഷ്കൃതസമുദായത്തിനുവേണ്ടിടത്തോളം നൽകുവാൻ ഈ രാജ്യത്തിനു തന്നെ സാധിക്കുമെന്നുള്ളതിന് സംശയമല്ല" എന്നാണ് മിസ്റ്റർ ഹാം പറയുന്നത്. ഇൻഡ്യയിലെ പ്രധാനപ്പെട്ട വ്യവസായങ്ങൾക്കു വേണ്ടിടത്തോളം ആവശ്യമുള്ള ലോഹങ്ങൾ ഇവിടെയുണ്ടെന്നാണ് 1818-ൽ ഇൻഡ്യ സന്ദർശിച്ച ഹാളൻറു അഭിപ്രായപ്പെട്ടിട്ടുള്ളത്. ഇൻഡ്യയുടെ സ്ഥിതി അഭിവൃദ്ധിപ്പെട്ടിട്ടില്ലെന്നുള്ളതു ശോചനീയം തന്നെ. മൂലധനമില്ലാത്തതുകൊണ്ട് മിക്ക ഖനികളും അഭിവൃദ്ധിപ്പെട്ടിട്ടില്ല. ഇൻഡ്യക്കാരുടെ

മാസമൊന്നുക്കുള്ള ശരാശരി വരവ് 4 രൂപയായതുകൊണ്ടു് മൂലധനമായി ശേഖരിക്കുവാൻ പണമുണ്ടാകുമെന്നു തോന്നുന്നില്ല. ഈ നാലുരൂപകൊണ്ടു ഭക്ഷണത്തിനും വസ്ത്രത്തിനും മതിയാകാതെ വരുമ്പോൾ മൂലധനത്തിനായി പണം സൂക്ഷിക്കണമെന്നു പറയുന്നതു് വിഡ്ഢിത്തം തന്നെയാണ്. കൃഷകന്മാർ പണം മിച്ചമുണ്ടാക്കുകയാണെങ്കിൽ തന്നെ, നിലം വാങ്ങിക്കുന്നതിനല്ലാതെ മററുവിധത്തിൽ ഉപയോഗിക്കുന്നുമില്ല. ഗ്രാമങ്ങളിൽ ബാങ്കുകൾ കൊണ്ടുള്ള സൗകര്യം ലഭിക്കുന്നുമില്ല. മില്ലുകൾ ആരംഭിക്കുവാൻ ധനവാന്മാർ സന്നദ്ധരല്ല. അവർ വലിയ പലിശക്കു് പണം കൊടുക്കുകയാണു ചെയ്യുന്നതു്. ഇപ്രകാരം ഇൻഡ്യയിലെ പണത്തെ ശരിയായി ഉപയോഗിക്കുന്നില്ല. അതുകൊണ്ടാണ് ഭാരതീയവ്യവസായങ്ങൾ വേണ്ടപോലെ അഭിവൃദ്ധിപ്പെടാത്തതു്.

ധനവാന്മാർ മുന്നോട്ടുവന്നു് അവരുടെ പണം വലിയ മില്ലുകൾ ആരംഭിക്കുന്നതിനായി വിനിയോഗിക്കുന്നതു നന്നായിരിക്കും. അവർ ബാങ്കിങ്ങ്, കൂട്ടുകെട്ടുകമ്പനികൾ മുതലായവയെ പ്രോത്സാഹിപ്പിക്കയും, പണം വെറുതെ ശേഖരിച്ചു വയ്ക്കാതിരിക്കയും ചെയ്യണം. രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളിലും വ്യവസായങ്ങൾ ആരംഭിക്കാതെ സ്വദേശിപ്രസ്ഥാനത്തിനു വിജയം സിദ്ധിക്കയൊ, തൊഴിലില്ലായ്മക്കും പൊതുദാരിദ്ര്യത്തിനും നിവാരണം ഉണ്ടാകയൊ ചെയ്യുമെന്നു തോന്നുന്നില്ല."

## സമുദായസേവനത്തിനുള്ള വിദ്യാഭ്യാസം.

സെയിദാപെട്ട ട്രെയിനിംഗ് കാളേജിലെ ഒരു അദ്ധ്യാപകനായ മി: എസ്സ്. ജഗന്നാഥൻ 'സ്കാളർ' എന്ന മാസികയിൽ എഴുതിയിട്ടുള്ള ശ്രദ്ധേയമായ ഒരു ലേഖനത്തിൻെറ ചില ഭാഗങ്ങളാണു താഴെ ഉദ്ധരിക്കുന്നതു്.

"ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം ഭൌതികമായിട്ടുള്ള കാര്യങ്ങളുമായി നല്ലപോലെ ഘടിപ്പിച്ചിരിക്കുന്നു. എത്രയും ഔത്മാർത്ഥമായി പ്രവർത്തിക്കുന്ന ഒരു വ്യക്ത്യാർത്ഥിപോലും സ്വാർത്ഥനാണ്. വിദ്യാലയത്തിൽ നൽകുന്ന സമ്മാനങ്ങൾ ജീവിതത്തെ സ്വാർത്ഥത്തോടുകൂടി നിരീക്ഷിക്കുന്നതിനുള്ള ഉപാധികളാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നതിലുള്ള പരമോദ്ദേശ്യം—അതായതു് മററുള്ളവരെ സേവിക്കുക എന്ന ഉദ്ദേശ്യം—ഓർമ്മിപ്പിക്കുന്ന യാതൊന്നും തന്നെ ഈ വിദ്യാഭ്യാസസമ്പ്രദായത്തിൽ കാണുന്നില്ല. ദൈവം മനുഷ്യനു് ശ്രേഷ്ഠമായ ബുദ്ധിശക്തിയും സാമർത്ഥ്യവും നൽകിയിട്ടുള്ളതു് മററുള്ളവരെ മർദ്ദിക്കുവാനല്ല; പ്രത്യുത മററുള്ളവരെ സേവിക്കുവാനാണ്. യഥാർത്ഥമായ വിദ്യാഭ്യാസം ഈ ആദർശം സാധ

കുന്നതിനുള്ള ഒരു മാൎഗ്ഗമായിരിക്കണം.

വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള യുവജനങ്ങൾക്ക് ഈ ഉദ്ദേശം സഫലമാക്കുവാനുള്ള പ്രവൃത്തിരംഗം സാമാന്യജനങ്ങൾ അജ്ഞാനാന്ധകാരത്തിൽ മുഴുകിയിരിക്കുന്ന ഭാരതീയഗ്രാമങ്ങളാണ്. അവരെ ആക്ഷേപിക്കുന്നതും തങ്ങൾക്കു സിദ്ധിച്ചിട്ടുള്ള സംസ്കാരം അവൎക്ക് പ്രയോജനകരമാക്കിതീൎക്കാത്തതും പരിതാപകരം തന്നെ. ഇങ്ങനെയുള്ള ദുരഭിമാനത്തേയൊ അഹങ്കാരത്തേയൊ ത്യജിക്കുന്നതിനുള്ള ഉത്തമമാൎഗ്ഗം, സാധുക്കൾക്കും, എളിയവൎക്കും, അധഃപതിച്ചവൎക്കും വേണ്ടി തങ്ങളുടെ ജീവിതം വിനിയോഗിക്കുക എന്ന ദൈവനിയോഗത്തെ സ്മരിക്കുകയാകുന്നു.

വിദ്യാഭ്യാസകാലത്ത് സ്കൗട്ട് പ്രസ്ഥാനം മുതലായവകൊണ്ട് യുവജനങ്ങളിൽ സമുദായസേവനബോധം ജനിപ്പിക്കാവുന്നതാണ്. ഹൈസ്കൂൾ ക്ലാസ്സുകളിലും കലാശാലകളിലും സമുദായസേവനസമിതികൾ ആരംഭിക്കണം. അവർ ഒരു മാസികയും നടത്തണം. ഗ്രാമങ്ങളിൽ നിന്നും വരുന്ന വിദ്യാൎത്ഥികൾക്ക് ഒഴിവുകാലങ്ങളിൽ സമുദായസേവനം നിൎവ്വഹിക്കാവുന്നതാണ്. അജ്ഞരായ ഗ്രാമീണരെ പ്രയോജനകരമായ വിധത്തിൽ ഉയൎത്തിക്കൊണ്ടു വരുന്നതിനു പല മാൎഗ്ഗങ്ങളുമുണ്ട്.

വിദ്യാഭ്യാസപ്രവൎത്തകന്മാർ എഴുതുക, വായിക്കുക, കണക്കു പഠിക്കുക എന്നിവയെപ്പറ്റി ആദ്യമായി ചിന്തിച്ചതു് വെറുതെ അല്ല. പ്രായമായവരുടെ പാഠശാലയിൽ അദ്ധ്യയനം തന്നെയാണ് പ്രഥമജോലി. പരിശീലനം ലഭിക്കാത്ത പ്രായമായവൎക്ക് കുട്ടികളേക്കാൾ കൂടുതൽ ബുദ്ധിശക്തിയുണ്ടെന്നു ധരിക്കണം. അതുകൊണ്ട് അവൎക്കു രുചിക്കുന്ന ഒരു രീതി അദ്ധ്യാപകൻ സ്വീകരിക്കേണ്ടതാണ്. എഴുത്തും വായനയും പഠിക്കുന്ന ഘട്ടങ്ങളിൽ പോലും അദ്ധ്യയനം അവൎക്ക് താല്പൎയ്യമുള്ള വസ്തുക്കളിൽ കൂടിയായിരിക്കണം.

മനുഷ്യന്റെ സങ്കടത്തെ അകറ്റുവാനുള്ള ഔഷധം അനുഭാവമാകുന്നു. നിങ്ങൾ അനുഭാവമുള്ള വരാണെന്നും, പ്രായമായിട്ടുള്ള അജ്ഞൎക്കു വേണ്ടി എന്തും ചെയ്യുവാനും സന്നദ്ധരാണെന്നും മനസ്സിലാക്കിക്കൊടുത്താൽ നിങ്ങൾ പറയുന്നതുപോലെ പ്രവൎത്തിക്കുവാൻ അവർ സന്നദ്ധരായിരിക്കും. നിങ്ങൾ അവരുടെ വൃത്തിഹീനങ്ങളായ ഗൃഹങ്ങൾ സന്ദൎശിക്കുന്നതായാൽ അവൎക്ക് സന്തോഷമുണ്ടാകുമെന്നു മാത്രമല്ല, അവരുടെ സ്വഭാവവും ഉത്തമമായിത്തീരുന്നതാണ്. ജീവിതത്തിന്റെ സൗന്ദൎയ്യഭാഗവും അവരെ മനസ്സിലാക്കണം. നല്ല പദ്യങ്ങൾ വായിച്ചു കേൾപ്പിച്ച്, അവരിൽ സൗന്ദൎയ്യബോധമുണ്ടാക്കാവുന്നതാണ്. പ്രകൃതിരഹസ്യങ്ങളേയും, കണ്ടുപിടിത്തങ്ങളേയും മററും പററി കേൾക്കുന്നതു് അവൎക്കു താല്പൎയ്യപ്രദമായിരിക്കും. സാ

മാന്യജ്ഞാനം അവരുടെ വീക്ഷണകോണത്തെ വിശാലമാക്കുന്നതാണ്. കഴിവുള്ളിടത്തെല്ലാം പ്രസംഗങ്ങൾ ചെയ്യേണ്ടതും മയാദീപപ്രദശ്നം നടത്തേണ്ടതുമാകുന്നു.

ഗ്രന്ഥശാലകൾ മുഖേന ജ്ഞാനം പ്രചരിപ്പിക്കാവുന്നതാണ്. ഗ്രാമീണർ പണം ചിലവാക്കുവാൻ നിവൃത്തിയില്ലാത്തവരായതുകൊണ്ട് ഔദാര്യശീലരുടേയും ഗ്രന്ഥപ്രസാധകന്മാരുടേയും സഹായംകൊണ്ട് ഗ്രന്ഥശാലകൾ നടത്തേണ്ടതാണ്. ഇങ്ങനെയുള്ള സ്ഥാപനങ്ങൾ നടത്തുന്നതിന് പൊതുജനങ്ങളുടെ ഔദാര്യത്തെ അധികം ആശ്രയിക്കുന്നതു് ഉത്തമമല്ല. പ്രായമായ ഗ്രാമീണരെക്കൊണ്ടു തന്നെ നാടകങ്ങൾ അഭിനയിപ്പിച്ചും മററും പണം പിരിച്ചെടുക്കേണ്ടതാണ്.

ഇങ്ങനെയുള്ള ഒരു കാര്യപരിപാടി നിവ്വഹിക്കുന്നതിന് മനുഷ്യസാദ്ധ്യമല്ലെന്നു പറയുന്നതു് അബദ്ധമാണ്. ഓരോ കൂട്ടമായി തിരിഞ്ഞു്, ജോലി വിഭജിക്കുന്നതാണ് എളുപ്പമായ മാൎഗ്ഗം. എന്നു മാത്രമല്ല, ജോലിയുടെ ശ്രേഷ്ഠത ഒരിക്കൽ മനസ്സിലായാൽ, അതു് ഒരിക്കലും പിന്നീടു വിഷമമുള്ളതായി തോന്നുകയുമില്ല. അങ്ങനെ സമുദായസേവനം നിവ്വഹിക്കുന്ന വിദ്യാഭ്യാസമാണ് നമുക്കു ആവശ്യമായിട്ടുള്ളതു്."

## പുരുഷനും സ്ത്രീയും.

കെ. എസ്സ്. സ്വാമിനാഥൻ എന്ന മാന്യൻ "മൈ മാഗസീൻ" എന്ന മാസികയിൽ പ്രസ്തുതവിഷയത്തെപ്പററി ഇങ്ങനെ എഴുതിയിരിക്കുന്നു.

"മനുഷ്യവൎഗ്ഗം കുടുംബങ്ങളായി ജീവിക്കുന്നതുകൊണ്ടും ജീവിക്കേണ്ടതുകൊണ്ടും, എല്ലാ ഉൽകൃഷ്ടപരിഷ്കാരവും കുടുംബജീവിതം എന്ന സ്ഥാപനത്തെ പുലത്തി പോഷിപ്പിച്ചുവരുന്നതുകൊണ്ടും, കുടുംബഭരണം, കുടുംബരക്ഷ, വിദ്യാഭ്യാസം എന്നിവ സംബന്ധിച്ച പല ചിന്തകളുമുണ്ടാകുന്നു. പിതാവു്, മാതാവു്, പുത്രൻ, പുത്രി, ഭത്താവു്, ഭാൎയ്യ, സഹോദരി, സഹോദരൻ എന്നിവരുടെ ചുമതലകളെപ്പററി ചിന്തിക്കേണ്ടിയിരിക്കുന്നു. ഓരോരുത്തക്കും കുടുംബത്തിലേക്കുള്ള പ്രത്യേകചുമതലകളെപ്പററി ആലോചിക്കേണ്ടിയിരിക്കുന്നു. ചെറുപ്പക്കാരുടേയും പ്രായമായവരുടേയും, ശക്തന്മാരുടേയും അശക്തന്മാരുടേയും, പുരുഷൻേറയും സ്ത്രീയുടേയും ചുമതലകൾ എന്താണ് എന്നു പരിഗണിക്കേണ്ടിയിരിക്കുന്നു.

പദ്ധ്യം, തത്വശാസ്ത്രം, ചരിത്രം, നീതിശാസ്ത്രം, ശരീരശാസ്ത്രം, വിവേകബുദ്ധി ഇവയെല്ലാം പുരുഷന്മാരും സ്ത്രീകളും വളരെ അടുത്തിരിക്കുന്നവരും പരസ്പരം സഹായിക്കുന്നവരുമാണെങ്കിലും അവർ തമ്മിൽ പല പ്രകാരത്തിലും വിഭിന്നരാണ് എന്നു തെളിയിക്കുന്നുണ്ടു്. ശരീരസംബന്ധമാ

യി കാണുന്നതു് എത്രയും നിസ്സാരമായ വ്യത്യാസമാണു്. എന്നാൽ മററു വ്യത്യാസങ്ങളുടെ പ്രധാനഅടിസ്ഥാനവും അതുതന്നെയാണു്.

ഇവരിൽ ആർക്കാണു് ശ്രേഷ്ഠത എന്ന ബുദ്ധിപൂർവ്വമല്ലാത്ത ചോദ്യം ചിലർ ചോദിക്കാറുണ്ടു്. ഈ അന്തസ്സാരവിഹീനമായ ചോദ്യത്തിനു് ഞാൻ ഉത്തരം പറയണമെന്നു വിചാരിക്കുന്നില്ല. തലച്ചോറു് ഹൃദയത്തേക്കാൾ ശ്രേഷ്ഠതയുള്ളതാണോ എന്ന ചോദ്യം, വായു വെള്ളത്തേക്കാൾ ശ്രേഷ്ഠതയുള്ളതാണോ എന്ന ചോദ്യത്തിനു തുല്യമാണു്. വാത്സല്യം പുരുഷസ്വഭാവത്തിലേക്കാൾ കൂടുതലായി സ്ത്രീസ്വഭാവത്തിൽ പ്രബലമായി കാണുന്നുണ്ടു്. ഉല്പാദനശക്തി സ്ത്രീസ്വഭാവത്തിലേക്കാൾ പ്രബലമായി പുരുഷസ്വഭാവത്തിൽ കാണുന്നുണ്ടു്. എന്നാൽ ഏതെങ്കിലും ഒരു കൂട്ടർക്കു് കൂടുതൽ ശ്രേഷ്ഠതയുണ്ടെന്നു പറയുന്നതു് ബുദ്ധിശൂന്യതയുടെ പരമകാഷ്ഠയെയാണു് സൂചിപ്പിക്കുന്നതു്. പരിശുദ്ധത, നിസ്സ്വാർത്ഥത, മനോനൈർമ്മല്യം മുതലായവ കാണണമെങ്കിൽ നാം സ്ത്രീകളെ നോക്കണം. ശക്തി, സഹനശക്തി, സമത്വം, നീതി ഇവ കൂടുതലായി കാണണമെങ്കിൽ നാം പുരുഷന്മാരെ നോക്കണം.

ജീവിതത്തിൽ സ്ത്രീകളും പുരുഷന്മാരും നിർവ്വഹിക്കേണ്ട നൈസർഗ്ഗികമായ ചില പ്രവൃത്തികളുണ്ടു്. പരിഷ്കാരത്തിന്റെ ഭാവിയും ഈ പ്രവൃത്തിവിഭാഗത്തെ നിലനിർത്തിക്കൊണ്ടു പോകയേ ഉള്ളു. കുടുംബമുണ്ടാക്കത്തക്കവണ്ണം സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള ഏകബന്ധം വിവാഹം മാത്രമാണു്. അതു് സമുദായം അംഗീകരിച്ചിട്ടുണ്ടു്. അതിന്മേൽ സാന്മാർഗ്ഗികവും നൈയാമികവുമായ ചില ചുമതലകളും സമുദായം ചുമത്തുന്നുണ്ടു്.

ജീവിതത്തെ ഒരു പടമായിട്ടു വിചാരിക്കയാണെങ്കിൽ സ്ത്രീകളെ ഒരു ഭൂഖണ്ഡമായോ, പുരുഷന്മാരെ വേറൊരു ഭൂഖണ്ഡമായോ വേർതിരിച്ചിട്ടില്ല. പുരുഷന്മാർ രാജ്യതന്ത്രമോ, സ്ത്രീകൾ ഗൃഹമോ സ്വീകരിച്ചിട്ടില്ല. ഇങ്ങനെയൊന്നുമില്ല. രണ്ടുകൂട്ടർക്കും ജീവിതരംഗത്തിൽ സ്ഥാനവും ജോലിയുമുണ്ടു്. എന്നാൽ രണ്ടുകൂട്ടരും വ്യത്യസ്തരീതിയിലുള്ള ജോലി വ്യത്യസ്തമാർഗ്ഗങ്ങളിൽകൂടി ചെയ്യുന്നു എന്നേയുള്ളു. സ്ത്രീക്കും പുരുഷനും ഗൃഹത്തിൽ ജോലിയുണ്ടു്. പുരുഷൻ ഭൗതികവശത്തെ നോക്കുന്നു. അതിന്റെ നിലനില്പിനും ഉത്തരവാദി അയാൾ ആണു്. അതിന്റെ പരിശുദ്ധതയിലും, സുഖത്തിലും, മാധുര്യത്തിലും സ്ത്രീക്കു കൂടുതൽ ഭാഗമുണ്ടു്. പുരുഷനെപ്പോലെ സ്ത്രീക്കും വിദ്യാഭ്യാസവിഷയത്തിൽ പ്രവർത്തിക്കുവാനുണ്ടു്. എന്നാൽ സ്ത്രീയുടെ ചുമതല കൂടുതൽ ഗൃഹവിദ്യാഭ്യാസത്തിലാണു്. പുരുഷന്റെ ചുമതല സ്കൂൾവിദ്യാഭ്യാസത്തിലുമാകുന്നു.

എല്ലായിടത്തും എല്ലാ വസ്തുക്കളിലും സ്ത്രീ, പരിഷ്കാരത്തിന്റെ

ഉൽകൃഷ്ടപ്രവൃത്തിയാണ്. അവരുടെ ജോലി അനുകരണിയങ്ങളായ സ്ത്രീത്വമാർഗ്ഗങ്ങളിൽ കൂടി ശ്രേഷ്ഠമായ സ്ത്രീത്വഗുണങ്ങളെ മനുഷ്യജീവിതത്തിൽ ഉണ്ടാക്കി പരിഷ്ക്കാരത്തെ കൂടുതൽ ഉൽകൃഷ്ടമാക്കുകയാകുന്നു. നമ്മുടെ പ്രധാനജോലി സ്ത്രീയെ കൂടുതൽ സ്ത്രീത്വവും പുരുഷനെ കൂടുതൽ പുരുഷത്വവും ഉള്ളവരാക്കിത്തീർക്കുകയാകുന്നു. സ്ത്രീയുടെ വാത്സല്യത്തേയും, പരിശുദ്ധിയേയും, സന്മാർഗ്ഗികനിശ്ചയത്തേയും പരിപുഷ്ടമാക്കുന്നതിനുള്ള സന്ദർഭങ്ങളെ വർദ്ധിപ്പിക്കുകയും, പുരുഷനെ സ്ത്രീയുടെ രക്ഷാകർത്തൃത്വം മനസ്സിലാക്കുകയും ആകുന്നു ഇന്നത്തെ രണ്ടു പ്രധാനആവശ്യങ്ങൾ. ഒരു വർഗ്ഗത്തെ ഇതരവർഗ്ഗത്തോടു തുല്യമാക്കുന്ന ഈ ഭീമജോലികൊണ്ടുണ്ടാകുന്ന വിശിഷ്ടഫലം വർഗ്ഗീയസമത്വമാകുന്നു. ഈ ആദർശം ഉടനെ സാധിക്കുന്നതൊ സാധിക്കത്തക്കതൊ അല്ല. സ്ത്രീകൾക്കും പുരുഷന്മാർക്കും അവരുടെ ഹൃദയം, തലച്ചോറ്, പഞ്ചേന്ദ്രിയങ്ങൾ, ഭാവനാശക്തി എന്നിവയെ സംബന്ധിച്ചുള്ള ഗുണങ്ങളെ പൂർണ്ണമായി പ്രകടിപ്പിക്കുന്നതിന് പരിപൂർണ്ണസ്വാതന്ത്ര്യം നൽകപ്പെടുമ്പോൾ ഇതു സാവധാനത്തിൽ സാധിതപ്രായമായിത്തീരുന്നതാണ്."

# കുറിപ്പുകൾ.

——):X:(——

## കാശ്മീരത്തിലെ വിദ്യാഭ്യാസം

കാശ്മീരത്തിലെ വിദ്യാഭ്യാസത്തെപ്പററി 'ഹിന്ദു'വിൽ കാണുന്ന ലേഖനം വായിച്ചുനോക്കുമ്പോൾ അവിടത്തെ വിദ്യാഭ്യാസത്തിന്റെ പുരോഗതിയിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു.

കാശ്മീരത്തിൽ 1930-ൽ ഉണ്ടായ വിദ്യാഭ്യാസാഭിവൃദ്ധിയുടെ പ്രധാനലക്ഷ്യം പ്രാഥമികവിദ്യാഭ്യാസനിയമമാണ്. ചില പ്രത്യേകസ്ഥലങ്ങളിൽ ആൺകുട്ടികൾക്ക് പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കുകയും, മാതാപിതാക്കന്മാരുടേയും രക്ഷാകർത്താക്കളുടേയും അറിവിനായി ചില ചട്ടങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രാഥമികവിദ്യാഭ്യാസപ്രചാരണത്തിനു വേണ്ട പണച്ചിലവു മുഴുവനും വഹിക്കുന്നതു് രാജ്യം തന്നെയാണെ

ന്നു കാണുന്നതു് തൃപ്തികരമാണു്. വിദ്യാലയങ്ങളിലെ ഹാജർ പരിശോധിക്കുന്നതിനായി പ്രത്യേകം കമ്മിററികൾ ഏൎപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഈ നിയമം യഥാൎത്ഥത്തിൽ വിദ്യാലയത്തിൽ ഹാജരാകാൻ പ്രായമുള്ള എല്ലാ ബാലന്മാൎക്കും—കായികമായി അവർ യോഗ്യതയുള്ളവരാണെങ്കിൽ—സൌജന്യവും നിർബന്ധിതവുമാക്കിയിട്ടുണ്ടു്. മാതാപിതാക്കളൊ രക്ഷാകൎത്താക്കളൊ ഒഴിച്ചു മററാൎക്കുംതന്നെ സ്കൂൾസമയത്തു കുട്ടികളെക്കൊണ്ടു് ജോലി ചെയ്യിപ്പിക്കുവാൻ പാടില്ലെന്നും നിയമത്തിൽ കാണുന്നു. മഹമ്മദീയൎക്കു വിദ്യാലയങ്ങൾ ആകൎഷണീയമായിത്തോന്നുവാൻ വേണ്ടി മുപ്പത്തിഒന്നു് അറബിമുൻഷിമാരെ നിയമിക്കുവാൻ നിശ്ചയിച്ചിട്ടുണ്ടു്. നിർബന്ധിതപ്രാഥമികപാഠശാലകൾക്കു പുറമെ ഇരുപതു പുതിയ പ്രാഥമികവിദ്യാലയങ്ങളും ആരംഭിച്ചിട്ടുണ്ടു്. ഈ പരിഷ്കാരത്തിന്റെ ഫലമായി ആൺകുട്ടികൾക്കുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണം 959-ൽ നിന്നും 1036-ം, കുട്ടികളുടെ എണ്ണം 56009-ൽ നിന്നും 63630-ം ആയി വൎദ്ധിച്ചിട്ടുണ്ടു്. മഹമ്മദീയൎക്കും വിദ്യാഭ്യാസത്തിൽ പിന്നണിയിൽ നില്ക്കുന്ന സമുദായങ്ങൾക്കും വേണ്ട സഹായധനം കഴിഞ്ഞ വൎഷത്തേക്കാൾ ഇരട്ടിയാക്കിയിരിക്കുന്നു. പ്രാഥമികപാഠശാലകളിലും, മിഡിൽസ്കൂളുകളിലും, ഹൈസ്കൂളുകളിലും പഠിക്കുന്ന സിക്ക്വൎഗ്ഗത്തിൽ പെട്ട കുട്ടികൾക്കായി 160 പ്രത്യേക വിദ്യാൎത്ഥിവേതനങ്ങൾ അനുവദിച്ചിട്ടുണ്ടു്. ഈ പരിഷ്കാരങ്ങൾ പിന്നണിയിൽ നില്ക്കുന്ന വൎഗ്ഗക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനും രാജ്യത്തിൽനിന്നും അജ്ഞാനത്തെ അകററുന്നതിനും സഹായിക്കുന്നവയാണല്ലൊ. കുട്ടികൾക്കു് സൎവ്വകലാശാലാവിദ്യാഭ്യാസത്തിനു വേണ്ട സൌകൎയ്യങ്ങളും ഗവൎമ്മെൻറു ചെയ്തുകൊടുക്കുന്നുണ്ടു്. വിദ്യാഭ്യാസം ചെയ്യുന്ന ബാലികമാരുടെ സംഖ്യയും വൎദ്ധിച്ചിരിക്കുന്നു. ആകെ 113 പെൺപാഠശാലകളുണ്ടു്. പെൺകുട്ടികളുടെ എണ്ണം 6255-ൽ നിന്നും 8350 ആയി വൎദ്ധിച്ചിട്ടുണ്ടു്; അതായതു് 35 ശതമാനം കൂടിയിരിക്കുന്നു. 30 വിദ്യാൎത്ഥിവേതനങ്ങൾ പെൺകുട്ടികൾക്കായി തന്നെ ഏൎപ്പെടുത്തിയിട്ടുണ്ടു്. പാഠപദ്ധതിയെ പരിഷ്കരിച്ചു്, തുന്നൽ, ശുചീകരണം, ഗൃഹഭരണം മുതലായവ അതിൽ ഉൾപ്പെടുത്തിയതായി കാണുന്നു. എന്നാൽ സ്ത്രീവിദ്യാഭ്യാസപ്രചരണത്തിനു് പ്രതിബന്ധമായി നില്ക്കുന്നതു്, പരിശീലനം ലഭിച്ചിട്ടുള്ള അദ്ധ്യാപികമാരുടെ അഭാവമാണു്. മററു രാജ്യങ്ങളിൽ നിന്നും അവരെ വരുത്തേണ്ടതായിട്ടാണിരിക്കുന്നതു്. എന്നാൽ എപ്പോഴും അവരെ ലഭിക്കുന്നില്ല. എങ്കിലും ചിലൎക്കു് പരിശീലനം നൾകുവാൻ വേണ്ട ഏൎപ്പാടുകൾ ചെയ്തുവരുന്നുണ്ടു്.

## മദിരാശി സർവ്വകലാശാലാ കാൺവെക്കേഷൻ.

ഇക്കൊല്ലത്തെ കാൺവെക്കേഷൻ പ്രസംഗം നടത്തിയതു് 'വിമൻസ് ക്രിസ്ത്യൻ കാളെജ്' പ്രിൻസിപ്പാൾ ഡാക്ടർ മക് ഡൌഗൽ ആണു്. ഒരു സ്ത്രീ കാൺവെക്കേഷൻ പ്രസംഗം നടത്തുന്നതു് ഈ സർവ്വകലാശാലയുടെ ചരിത്രത്തിൽ ഇദംപ്രഥമമായിട്ടാണു കാണുന്നതു്. പ്രാസംഗിക അവരുടെ ചുമതല എത്രയും സ്തുത്യർഹമായ വിധത്തിലാണു് നിർവ്വഹിച്ചിട്ടുള്ളതെന്നു കാണുന്നു. ഈ അടുത്ത കാലത്തെങ്ങും ഇത്ര വിജ്ഞേയമായ ഒരു പ്രസംഗം നടത്തിയിട്ടുണ്ടെന്നും തോന്നുന്നില്ല. "ഉൽകൃഷ്ടമായ ജ്ഞാനം നൾകുക, ഉൽകൃഷ്ടമായ ഒരു മനസ്ഥിതിയുണ്ടാക്കുക, തലച്ചോറുകൊണ്ടു് പ്രവൃത്തി ചെയ്യുവാൻ പഠിപ്പിക്കുക" എന്നീ ആദർശങ്ങൾകൊണ്ടു് ഒരു സർവ്വകലാശാല അവിടത്തെ വിദ്യാർത്ഥികളെ വിശിഷ്ടമായ രീതിയിൽ പ്രവൃത്തിചെയ്യുവാൻ പരിശീലിപ്പിക്കുന്നു എന്നാണു് പ്രാസംഗിക പ്രസ്താവിച്ചിട്ടുള്ളതു്. അടുത്ത ലക്കത്തിൽ അവരുടെ പ്രസംഗം പ്രസിദ്ധീകരിക്കണമെന്നു വിചാരിക്കുന്നതുകൊണ്ടു്, ആ പ്രസംഗത്തിലെ ശ്രദ്ധേയങ്ങളായ പല സംഗതികളും ഇപ്പോൾ ഉദ്ധരിക്കണമെന്നുദ്ദേശിക്കുന്നില്ല.

## വധശിക്ഷ.

നീപ്പാളിലെ മഹാരാജാവു് അഞ്ചു സംവത്സരത്തേക്കു വധശിക്ഷ നിറുത്തൽ ചെയ്തിരിക്കുന്നു എന്നറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ഈ അഞ്ചു സംവത്സരത്തെ ഫലം, ഈ പരിഷ്കാരത്തെ ശാശ്വതമാക്കത്തക്കവണ്ണം പ്രയോജകീഭവിക്കുമെന്നു് ഞങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങൾ മഹാരാജാവിനെ അഭിനന്ദിക്കുന്നതോടുകൂടി, ഇൻഡ്യയിലെ നാട്ടുരാജാക്കന്മാരും ബ്രിട്ടീഷുഗവമ്മെന്റു തന്നെയും ഈ സൽപഥത്തിൽ കൂടി സഞ്ചരിക്കുമെന്നു വിശ്വസിക്കയും ചെയ്യുന്നു.

## സാമ്രാജ്യ സർവ്വകലാശാലാസമ്മേളനം.

ലണ്ടനിൽ വച്ചു നടത്തിയ സാമ്രാജ്യസർവ്വകലാശാലാസമ്മേളനത്തിൽ സംബന്ധിക്കുവാനായി ഇൻഡ്യയിൽനിന്നും പല പ്രതിനിധികളും പോയിട്ടുണ്ടല്ലൊ. സ്വാഗതപ്രസംഗം നടത്തിയതു് വെയിത്സ് രാജകുമാരനാണു്. ലണ്ടൻ പുരാതനകാലം മുതല്ക്കുതന്നെ ധനകേന്ദ്രമായിരിക്കുന്നതുപോലെ ഇപ്പോൾ ജ്ഞാനകേന്ദ്രവുമായിത്തീർന്നിരിക്കുന്നു എന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. നൂറു സംവത്സരങ്ങൾക്കു മുമ്പു് എട്ടു സർവ്വകലാശാലകൾ മാത്രമെ സാമ്രാജ്യത്തിൽ ഉണ്ടായിരുന്നുള്ളു. പ്രഥമസമ്മേളനം നടത്തിയ 1912-ൽ അവ അൻപത്തിമൂന്നായി വർദ്ധിച്ചു. ഇപ്പോൾ അവ എഴുപതായിത്തീർന്നിരിക്കുന്നു. "നമ്മുടെ വാണിജ്യവും, ദേ

ശീയധനവും, ജനസംഖ്യയും വൎദ്ധിച്ചതോടുകൂടി, ഉൽകൃഷ്ടവിദ്യാഭ്യാസത്തിന്റെ ആവശ്യവും വൎദ്ധിച്ചു. ഇപ്പോൾ ഓരോ വലിയ നഗരത്തിനും ഓരോ സൎവ്വകലാശാല വീതമുണ്ട്" എന്നാണ് അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളത്. സാമ്രാജ്യത്തിലെ ഉന്നതജോലികൾ നിൎവ്വഹിക്കുന്നതിന് ആവശ്യമുള്ള ആളുകളുടെ വിദ്യാഭ്യാസത്തിനും, പരിശീലനത്തിനും, സ്വഭാവരൂപവൽക്കരണത്തിനും സൎവ്വകലാശാലകളാണ് പ്രധാനമായി ഉത്തരവാദിത്വം വഹിക്കുന്നതെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. സൎവ്വകലാശാലാവിദ്യാഭ്യാസം വ്യവസായത്തിന്റെയും, വാണിജ്യത്തിന്റെയും അഭിവൃദ്ധിക്കുതകുന്ന വിധത്തിൽ പരിഷ്കരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി.

ഇൻഡ്യയെ സംബന്ധിച്ചു പറയുകയാണെങ്കിൽ, ഇംഗ്ലീഷുസൎവ്വകലാശാലകളിൽ പഠിക്കുന്ന ഇൻഡ്യൻവിദ്യാൎത്ഥികളെപ്പററി സമ്മേളനത്തിൽ ഒരു വാദപ്രതിവാദം നടന്നു. എഡിൻബറോ സൎവ്വകലാശാലാ പ്രിൻസിപ്പാൾ മി: ഹാളണ്ട് വായിച്ച ഉപന്യാസത്തിൽ പല ഇൻഡ്യൻ വിദ്യാൎത്ഥികളുടേയും പരാജയത്തിനു കാരണം സമുദായാന്തരീക്ഷത്തിലും സൎവ്വകലാശാലാന്തരീക്ഷത്തിലും കാണുന്ന വിഭിന്നതകളാണെന്നാണു പറഞ്ഞിട്ടുള്ളത്. എഡിൻബറോവിൽ ആകെ അന്യനാട്ടുകളിൽ നിന്നും 425 പേർ പഠിച്ചിരുന്നു. ബ്രിട്ടീഷുവിദ്യാൎത്ഥികളുടെ വിജയം 92 ശതമാനവും വിദേശീയരുടെ വിജയം 56·5 ശതമാനവുമായിരുന്നു. അന്യദേശീയരിൽ 66 ശതമാനം ഇൻഡ്യക്കാരാണ് (246-ൽ 162) ജയിച്ചത്. ഈ വിഷയത്തെ സംബന്ധിച്ച് അണ്ണാമല സൎവ്വകലാശാലാ വൈസ്ചാൻസലർ റാവുബഹദൂർ എസ്സ്. ഈ. രംഗനാഥനും പ്രസംഗിക്കയുണ്ടായി. ഇപ്പോൾ ഇംഗ്ലണ്ടിൽ പല വിഷയങ്ങൾക്കായി 2000 ഇൻഡ്യക്കാർ പഠിക്കുന്നുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. ഇൻഡ്യൻ ഡിഗ്രികൾക്ക് തക്കതായ വില കല്പിക്കുന്നതിനും, ഇൻഡ്യൻവിദ്യാൎത്ഥികൾക്ക് സമുദായസമത്വവും, അവകാശങ്ങളും നൽകുന്നതിനും വേണ്ടി അദ്ദേഹം പ്രത്യേകം അഭ്യൎത്ഥിക്കയുണ്ടായി.

## ബങ്കാൾ അദ്ധ്യാപകസമാജം.

ഇതിന്റെ പതിനൊന്നാമത്തെ സമ്മേളനം പ്രമഥനാഥബാനൎജി എം. എ; എഫ്. ആർ. എസ്സ്; ബാർഅററ്ലാ. യുടെ അദ്ധ്യക്ഷതയിൽ കൂടിയിരിക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗം ശ്രദ്ധേയമായിട്ടുള്ളതായിരുന്നു. അതിൽ 862 വിദ്യാലയങ്ങൾ ഈ സമ്മേളനത്തിൽ ചേൎന്നിട്ടുണ്ടെന്നും, 1930-ലെ വരവ് 36626 രൂപയും ചിലവ് 21565 രൂപയും ആണെന്നും കാണുന്നു. ദേശഭാഷയെ അദ്ധ്യയനഭാഷയാക്കിയും, പരീക്ഷകൾ ദേ

ശഭാഷയിൽ നടത്തിയും, വ്യവസായപരമായ വിദ്യാഭ്യാസം നൾകിയും മട്രിക്കുലേഷൻ പരീക്ഷയെ പരിഷ്കരിക്കുവാൻ സർവ്വകലാശാല ആലോചിച്ചുവരുന്നതായി അറിയുന്നു. ഇവിടത്തെ അദ്ധ്യാപകന്മാരുടെ ശമ്പളം വളരെ കുറഞ്ഞ തുകയാണ്. പരിശോധന ശരിയായിട്ടു നിർവ്വഹിക്കുന്നില്ലെന്നാ അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നും മനസ്സിലാകുന്നുണ്ടു. ഇൻസ്പെക്ടർമാർക്കു് ശരിയായ യോഗ്യതയൊ, ആധുനികരീതികളുമായി അനുഭാവമൊ ഇല്ലാത്തവരാണെന്നു് അദ്ധ്യക്ഷൻ പ്രസ്താവിക്കുന്നു.

### അദ്ധ്യാപകപരസ്പരോപകാരനിധി.

ഈ നിധിയെ സംബന്ധിച്ചു് ഈ മാസികയിൽ പലപ്പോഴും പ്രതിപാദിച്ചിട്ടുള്ളതാണല്ലോ. ഇപ്പോൾ പല സ്കൂളുകളിൽ നിന്നും ഇതിനെക്കുറിച്ചു് മെമ്മോറിയലുകൾ അയച്ചിട്ടുള്ളതായി അറിയുന്നു. അതുകൊണ്ടു് അദ്ധ്യാപകലോകത്തിൽ അങ്ങിങ്ങായി ഇപ്പോൾ ചില ചലനങ്ങൾ കാണുന്നതിൽ സന്തോഷിക്കുന്നു. കഴിഞ്ഞ ഓണം ഒഴിവിനു് അദ്ധ്യാപകന്മാരുടെ ഒരു പൊതുയോഗം കൂടണമെന്നു് നിശ്ചയിച്ചിരുന്നു എങ്കിലും ഏതോ ചില അസൗകര്യങ്ങളാൽ അതു നടന്നില്ല. അതുകൊണ്ടു് ആ യോഗം അടുത്തുവരുന്ന ക്രിസ്തുമസ്സ് ഒഴിവിനു് കൂടണമെന്നാണു നിശ്ചയിച്ചിരിക്കുന്നതു്. അതിനെ സംബന്ധിച്ചു് മിസ്റ്റർ മണത്തോട്ടം നാരായണപിള്ള അവർകൾ അയച്ചുതന്നിട്ടുള്ള ഒരു 'അറിയിപ്പു്' ഇതിനു താഴെ ചേർത്തിരിക്കുന്നു. അദ്ധ്യാപകന്മാർ ഈ സംഗതിയിൽ കഴിയുന്നതു സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുമെന്നു് വിശ്വസിക്കുന്നു.

## അറിയിപ്പു്.

"അദ്ധ്യാപകപരസ്പരോപകാരനിധി" സ്ഥാപിക്കുന്നതു സംബന്ധിച്ചു് എല്ലാ വിദ്യാലയങ്ങളിൽനിന്നും അഭിപ്രായങ്ങൾ കിട്ടത്തക്കവണ്ണം കത്തുകളയച്ചതിൽ, അധികം സ്ഥലങ്ങളിൽ നിന്നും മറുപടി കിട്ടാത്തതിനാലും, തന്നിമിത്തം മറുപടിക്കു ശേഷം സംഭരിക്കേണ്ട മററു വിവരങ്ങൾ സമ്പാദിക്കാൻ സാധിക്കാത്തതിനാലും, സാരമായ മററു ചില പ്രതിബന്ധങ്ങളാലും 106—12—11-ലെ വിജ്ഞാപനത്തിൽ പ്രസ്താവിച്ചിരുന്ന അദ്ധ്യാപകമഹായോഗം ക്രിസ്തുമസ്സ് ഒഴിവിലേക്കു് മാററിയിരിക്കുന്ന വിവരം അറിയിക്കുകയും, മറുപടി കിട്ടിയതിനു മേൽ കൂടുതൽ വിവരങ്ങൾ ശേ

ഖരിക്കേണ്ടതത്യാവശ്യമായതിനാൽ, തുലാം 30-ാംനു-ക്കകമെങ്കിലും എല്ലാ സഹൃദയരും മറുപടികളയച്ചുതന്നു് സഹായിക്കണമെന്നു് വീണ്ടുമപേക്ഷയും ചെയ്യുന്നു.

എം. നാരായണപിള്ള
മണ്ണത്തോട്ടം.

ശ്രീചിത്തിരതിരുനാൾ
ഭരണാധികാര പ്രതിഷ്ഠാപന
## മഹോൽസവം.

ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ ഭരണാധികാരപ്രതിഷ്ഠാപനം സംബന്ധിച്ചു് തിരുവനന്തപുരത്തു പല ആഘോഷങ്ങളും നടക്കുന്നതാണല്ലോ. എന്നാൽ ഇതു സംബന്ധിച്ചു് പൌരന്മാർ നടത്തുന്ന മഹോത്സവത്തിൻെറ പ്രധാനപ്രവത്തകന്മാർ ഞങ്ങൾക്കു് അയച്ചുതന്നിട്ടുള്ള വിജ്ഞാപനം കൈപററി നന്ദി പറഞ്ഞുകൊള്ളുന്നു.

ഈ മഹോത്സവത്തിലെ പ്രധാനചടങ്ങായ കൃഷി-വ്യവസായ-കലാപ്രദർശനം തിരുവനന്തപുരത്തുള്ള പാളയത്തിലെ വിശാലമായ മൈതാനത്തുവച്ചാണു നടത്തുന്നതു്. അവിടെ പണിതീക്കുന്ന മനോഹരമായ നഗരത്തിനു 'ചിത്രനഗർ' എന്നാണു് പേർ. അവിടെവച്ചു നടത്താനുദ്ദേശിക്കുന്ന പ്രദർശനം തിരുവിതാംകൂറിൽ ഇന്നേവരെ ഉണ്ടായിട്ടുള്ളതിൽ വച്ചു മെച്ചമേറിയതാണെന്നു് വിജ്ഞാപനത്തിൽ കാണുന്നു. കൃഷി, വ്യവസായം, വനം, തയ്യൽ, വിദ്യാഭ്യാസം, പുരാണചരിത്രാന്വേഷണം, സ്വദേശി ഈ ഓരോ ശാഖയിലേയും പ്രദർശനസാമാനങ്ങൾ ഓരോ കമ്മിററിക്കാരുടെ മേൽനോട്ടത്തിലാണു ക്രമീകരിക്കുന്നതു്. ഇവയിൽ ഇന്നാട്ടിലെ ഉൽപന്നങ്ങളായ പ്രധാന അസംസ്കൃതസാധനങ്ങളെ സംസ്കൃതസാധനങ്ങളാക്കി രൂപാന്തരം വരുത്തിയിട്ടുള്ളവക്കു് ഒരു പ്രധാനസ്ഥാനം നൾകുമെന്നു വിശ്വസിക്കുന്നു. ഈ പ്രദർശനത്തിനു പുറമെ നാടകം, കഥകളി മുതലായ വിവിധങ്ങളായ വിനോദസൌകര്യങ്ങളും കൂടി ഉണ്ടായിരിക്കുന്നതാണു്. വ്യവസായം, കൃഷി, കൈത്തൊഴിൽ മുതലായവയെ പ്രോത്സാഹിപ്പിക്കുന്നതായ പ്രദർശനത്തേയും, മററു വിധത്തിലുള്ള ആഘോഷങ്ങളേയും ഇന്നാട്ടിലെ ജനങ്ങൾ സഹർഷം കൊണ്ടാടുമെന്നു തന്നെ ഞങ്ങൾ വിശ്വസിക്കുന്നു.

4 MAR 1939